(2) 1986 ഫെബ്രുവരി 19-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 33/86 പി. ഡബ്ലിയു ആൻറ് റി. (എസ്. ആർ. ഒ. നമ്പർ 316/86).

(3) 1986 മാർച്ച് 3-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 36/86/ പി. ഡബ്ലിയു. ആൻറ് ടി. (എസ്. ആർ. ഒ. നമ്പർ 359/86).

(4) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെ 1981-82-ലേക്കുള്ള പതിനേഴാമത് ഭരണ റിപ്പോർട്ട്.

(5) 1979 മാർച്ച് 30-ാം തീയതി കൊല്ലം ജില്ലയിലെ പത്തനംതിട്ട താലൂക്കിൽ കുമ്പഴയ്ക്ക് അടുത്തുണ്ടായ ബസ് അപകടം സംബന്ധിച്ച അന്വേഷണ കമ്മീഷൻറെ റിപ്പോർട്ടും അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ഡവും, പ്രസ്തുത രേഖകൾ മേശപ്പുറത്ത് വയ്ക്കുവാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറ് സഹിതം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, താഴെ പറയുന്ന കടലാസുകൾകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1981 ഏപ്രിൽ 23-ാം തീയതി ആലപ്പുഴയിലെ സെൻറ് റോസസ് കോൺവെൻറ്-കം-ഹോസ്റ്റലിനടുത്ത് ഉണ്ടായ ക്ലോറിൻ സിലിണ്ടർ ദുരന്തത്തെ സംബന്ധിച്ച അന്വേഷണ കമ്മീഷൻറെ റിപ്പോർട്ടും അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ഡവും സഹിതം.

(2) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 301/85/ ഫൈനാൻസ് (എസ്. ആർ. ഒ. നമ്പർ 774/85).

VII. റിപ്പോർട്ട് സമർപ്പണം

1. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 13-ാമത് റിപ്പോർട്ട്

Shri M. V. Mani : Sir, I present the Thirteenth Report of the Committee on Subordinate Legislation.

2. ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ് : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VIII. നന്ദിപ്രമേയചർച്ച—(തുടർച്ച)

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഈ ഗവൺമെൻറ് നടപ്പാക്കിയിട്ടുള്ള ജനക്ഷേമകരവും പുരോഗമനപരവുമായ പ്രവർത്തനങ്ങളെ വിലയിരുത്തുകയും നല്ലൊരു നാളേക്കുവേണ്ടി ഈ സംസ്ഥാന സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് കുറെ കാര്യങ്ങൾ സ്പർശിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. ഇവിടെ പ്രസംഗിച്ച പ്രതിപക്ഷകക്ഷി അംഗങ്ങളൊന്നും നിഷ്പക്ഷമായി ഈ കാര്യങ്ങൾ വിലയിരുത്തിക്കാണാത്തതിൽ വളരെ സങ്കടമുണ്ട്. നിങ്ങൾ ഈ നിയമസഭ തുടങ്ങിയ കാലം മുതൽ പറയുന്ന 'ചർവ്വിത ചർവ്വണങ്ങൾ' മാത്രമാണ് ഇപ്പോഴും ആവർത്തിച്ചിട്ടുള്ളത്. പുതുതായി ഈ നിയമസഭയ്ക്കകത്തും ഈ നിയമസഭ സമ്മേളനകാലത്തും നിങ്ങൾക്ക് യാതൊന്നും പറയാനില്ലെന്നല്ലേ ഇത് കാണിക്കുന്നത്? നിങ്ങളിൽ പലരും പ്രധാനമായും ചൂണ്ടിക്കാണിച്ചത് ഞങ്ങളുടെ അനൈക്യത്തെക്കുറിച്ചാണ്. ഈ ഐക്യ ജനാധിപത്യ ഗവൺമെൻറ് ഐക്യമില്ലാത്ത മുന്നണിയാണ്, അനൈക്യ മുന്നണിയാണെന്നൊക്കെ പല സുഹൃത്തുക്കളും ഇവിടെ പറഞ്ഞു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

അതിനെക്കുറിച്ച് ശ്രീ. എം. എം. ഹസ്സൻ ഇവിടെ പറഞ്ഞു. വ്യത്യസ്തമായ സമീപനമുള്ള വ്യത്യസ്തമായ ആദർശങ്ങളുള്ള തത്വസംഹിതകളുള്ള കക്ഷികൾ മുന്നണിയിൽ ഉണ്ടാകുമ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. ആ അഭിപ്രായ വ്യത്യാസങ്ങൾ മുന്നണിക്കകത്ത് ഞങ്ങൾ ചർച്ച ചെയ്യും. ചർച്ച ചെയ്ത് പരിഹരിച്ചു കൂട്ടായി മുന്നോട്ട് നീങ്ങും. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു മുന്നണിയുടെ സമീപനം അതാണ്. ഇടതുപക്ഷ ജനാധിപത്യ ഐക്യത്തെക്കുറിച്ചും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരാൻ ഇടയായാൽ ഉണ്ടാകുന്ന സാഹചര്യങ്ങളെക്കുറിച്ചുമൊക്കെ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഈ അടുത്ത ദിവസം 'ദേശാഭിമാനി'യിൽ ലേഖനങ്ങളെഴുതുകയുണ്ടായി. അതിൽ അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം മുന്നണിയിലെ തങ്ങളുടെകൂടെയുള്ള കക്ഷികളെ വിലയിരുത്തി. അദ്ദേഹം പറഞ്ഞു, ജനതാപാർട്ടിയും ഞങ്ങളും തമ്മിൽ ആഭ്യന്തര പ്രശ്നങ്ങളിൽ ചിലതിലും ആഗോള പ്രശ്നങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ട്. സി. പി. ഐ. യും സി. പി. എം. തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ അടിസ്ഥാനപരമായ കാര്യങ്ങളിലാണ്. കോൺഗ്രസ് 'എസ്സും' മാർക്സിസ്റ്റു പാർട്ടിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം കോൺഗ്രസ് എസ്സ്' തുടരുന്ന പല നയങ്ങളും പഴയ കോൺഗ്രസ് (ഐ.) യുടെ നയങ്ങളാണ് എന്നതിലാണ്. ഇങ്ങനെയുള്ള നിങ്ങളാണോ അഭിപ്രായ വ്യത്യാസത്തെക്കുറിച്ച് പറയുന്നത്? പ്രതിപക്ഷത്തിരിക്കുമ്പോഴത്തന്നെ നിങ്ങൾ തമ്മിൽ അഭിപ്രായ ഐക്യമില്ല. ഭരണപക്ഷത്തിരിക്കുമ്പോൾ നിങ്ങളുടെ സ്ഥിതിയെന്താകും? ഭരണപക്ഷത്ത് നിങ്ങൾ വന്നിരുന്നാൽ ഇതിനേക്കാൾ രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. കോൺഗ്രസ് എസ്സിന്റെ രാജ്യസഭാ സീറ്റിന്റെ കാര്യം എന്തായി. ശ്രീ. എ. കെ. ശശീന്ദ്രൻ ഇന്നലെ വളരെ വാചാലമായി സംസാരിച്ചു മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അടിമകളായി, അവർക്കുവേണ്ടി കുഴലൂതുന്ന നിങ്ങൾ ഇതിലപ്പുറവും സംസാരിച്ചില്ലെങ്കിലേ അതിശയമുള്ളൂ. ശ്രീ. ബേബി ജയിച്ച സീറ്റ് നിങ്ങളുടെ സീറ്റല്ലേ? നിങ്ങളുടെ സീറ്റ് എത്ര തവണകളായി കമ്മ്യൂണിസ്റ്റുകാർ തട്ടിപ്പറിക്കുന്നു? ഇത്തവണയും അവർ തന്നോ? ആ കാര്യത്തിൽപ്പോലും അഭിപ്രായ ഐക്യമുണ്ടായോ?

സർ, ഇവിടെ വർഗ്ഗീയതയെക്കുറിച്ച് സംസാരിച്ചു. വർഗ്ഗീയതയുടെ കാര്യത്തിൽ ഇരട്ടത്താപ്പുനയമല്ലേ നിങ്ങൾ സ്വീകരിക്കുന്നത്? നിങ്ങളാണ് ഏറ്റവും വലിയ വർഗ്ഗീയവാദികൾ. ന്യൂനപക്ഷ വർഗ്ഗീയതയുടെ പേരിൽ, കേരളകോൺഗ്രസിനെയും മുസ്ലീം ലീഗിനെയും ആക്ഷേപിക്കുന്ന നിങ്ങൾ ഭൂരിപക്ഷ വർഗ്ഗീയതയെ ആക്ഷേപിച്ചിട്ടുണ്ടോ? നിങ്ങൾ ശ്രമിക്കുന്നത് ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണ്. അവരുടെ വോട്ട് ബാക്കിലാണ് നിങ്ങളുടെ കണ്ണ്. നിങ്ങൾ എക്കാലത്തും എടുത്ത സമീപനം അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള കോൺഗ്രസ്സിനേറയും മുസ്ലീംലീഗിനേറയും പിന്നാലെ നടന്ന് അവസാനം അവരെ നിങ്ങളുടെകൂടെ കിട്ടില്ലെന്നു വന്നപ്പോഴാ ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കാനാണ്, നിങ്ങളുടെ ശ്രമം. ഒരു മതേതര വിശ്വാസിയാണ് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്ന് അദ്ദേഹം തന്നെ അവകാശപ്പെടാറുള്ളതാണ്. ഇ. എം. എസ്. പ്രസംഗിക്കുന്ന ഓരോ പ്രസംഗവും മതസഹിഷ്ണതയുള്ള ആളുകളെ പ്രസംഗിക്കുന്നതുപോലെയാണോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറിയാണ് അദ്ദേഹം. ആ പാർട്ടിയുടെ പ്രമുഖനായ നേതാവായ അദ്ദേഹം ചില ഇസ്പേഡ് ഏഴാം കൂലികളെ പറയുന്ന അഭിപ്രായങ്ങളല്ലേ പറയുന്നത്? അതേക്കുറിച്ച് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സർ, അധികാരം കിട്ടുന്നതിനുവേണ്ടി എക്കാലത്തും അവർ ഭൂരിപക്ഷവർഗ്ഗീയതയെ പ്രീണിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. 1957-ൽ ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിച്ചാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽ വന്നത്. ശ്രീ. ബേബിജോണിന്റെ പാർട്ടിയുടെ നേതാവായ, ആർ. എസ്. പി.യുടെ നേതാവായ ശ്രീ. ഇന്ദുചൂഡനാണ് ഇതു പറഞ്ഞത്. നിങ്ങൾ വീണ്ടും ഭൂരിപക്ഷവർഗ്ഗീയതയെ പ്രീണിപ്പിക്കാനാണ് ശ്രമിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെപ്പറ്റി പലരും ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. ഇപ്പോൾ പറഞ്ഞ കൂട്ടത്തിൽ 'ഇസ്പേഡ് ഏഴാം കൂലി' സംസാരിക്കുന്നതുപോലെയാണ് സംസാരിക്കുന്നത് എന്നു പറഞ്ഞു. അതു പിൻവലിക്കണം അല്ലെങ്കിൽ രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ആളുകളെ ഉപദ്രവിക്കുന്ന തരത്തിലുള്ള ഭാഷകൾ ഉപയോഗിക്കാതിരിക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : ഒരുകാര്യം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ വ്യക്തമാക്കണം. ഇന്നത്തെ സമീപനത്തിൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഉറച്ചു നിൽക്കുമോ? അദ്ദേഹം ഈ അടുത്ത ദിവസം പത്രലേഖകരോട് പറഞ്ഞു, 'തെരഞ്ഞെടുപ്പു കൂട്ടുകെട്ടിൽ വിശുദ്ധമെന്നോ അവിശുദ്ധമെന്നോ ഇല്ല' എന്ന്. വിശുദ്ധം എന്നും അവിശുദ്ധമെന്നും ഇല്ല എന്നു പറഞ്ഞാൽ നിങ്ങൾ നാളെ ഏതു വൃത്തികെട്ട കൂട്ടുകെട്ടിനും തയ്യാറാകും എന്നല്ലേ? ആ നയം തന്നെയാണ് നിങ്ങൾ തമിഴ്നാട്ടിൽ സ്വീകരിച്ചത്. ഡി. എം. കെ. യുമായി കൂട്ടുകൂടി. മുസ്ലീംലീഗുമായി കൂട്ടുകൂടി. നിങ്ങൾക്കു തമിഴ്നാട്ടിൽ ആകാം ഇവിടെ ആകില്ല എന്നാണോ? ശ്രീ. ഇ. എം. എസ്സിനേറയും ശ്രീ. അച്യുതാനന്ദനേറയും ഒക്കെ പുതിയ മനസ്സാക്ഷി സൂക്ഷിപ്പുകാരൻ ആരാണ്? നായനാരൊക്കെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ബ്ലാക് ലിസ്റ്റിൽപ്പെട്ടവരാണ്. ശ്രീ. മൂസ്സക്കുട്ടി ഇതിന് മറുപടി പറയണം. അങ്ങനെയാണെങ്കിൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശുദ്ധം എന്നും അവിശുദ്ധം എന്നും ഇല്ല എന്നു പറഞ്ഞാൽ നാളെ നിങ്ങൾ ഏതു കൂട്ടുകെട്ടിനും തയ്യാറാകുമെന്നല്ലേ അതിനർത്ഥം? അങ്ങനെ വരുമ്പോൾ നിങ്ങൾ ശ്രീ. എം. വി. രാഘവനേയും, ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേയും പാർട്ടിയിൽ നിന്നും സസ്പെൻറ് ചെയ്തു നിറുത്തിയിരിക്കുന്നത് എന്തിനാണ്? എന്തിനാണ് കുറെ ആളുകളെ മുൻനിരയിൽ നിന്നും മാറ്റി പിൻബഞ്ചിൽ ഇരുത്തിയിരിക്കുന്നത്? പല ആളുകളേയും നോട്ടപ്പുള്ളികളാക്കി വച്ചിരിക്കുന്നത് എന്തുകൊണ്ടാണ്? എന്തുവിരോധാഭാസ

LIBRARY ARCHIVES Kerala Legislative Assembly

മാണിത്? നിങ്ങളും ഏതു കൂട്ടുകെട്ടിനും തയ്യാറാണെന്ന് ഇ. എം. എസ്. ഒരുവശത്തുപറയും, അതേ അവസരത്തിൽ കേരള കോൺഗ്രസ്സുമായും മുസ്ലീംലീഗുമായും കൂട്ടുകെട്ടുണ്ടാക്കണമെന്നു പറഞ്ഞ എം. വി. ആറിനേയും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേയും സസ്പെൻറു ചെയ്യുകയും ചെയ്തു. പാവം, വീരശൂരപരാക്രമികളായ എം. വി. ആർ. നേരേയും പി. വി. കുഞ്ഞിക്കണ്ണനേരേയും ഇരിപ്പ് കണ്ടിട്ട് എനിക്ക് സങ്കടം തോന്നുന്നു. നിമിഷം വച്ചാണ് സീറ്റു മാറുന്നത്. ഇന്നലെ ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ മുൻപിലാണ് ഇരുന്നത്. ഇന്ന് വീണ്ടും സീറ്റു മാറിയിരിക്കുകയാണ്. ഈ നിയമസഭാ സമ്മേളനം തുടങ്ങിയപ്പോൾ ഒരു സീറ്റിൽ, ഇന്ന് വന്നപ്പോൾ മറ്റൊരു സീറ്റിൽ. അങ്ങനെ ഓരോ ദിവസവും മാറി മാറി ഇരുത്തുകയാണ്.

സർ, മലബാർ മേഖലയിൽ റിപ്പർ ആക്രമണം നടന്നു. അധികം ആക്രമണവും കാസർകോഡ് തുടങ്ങിയ സ്ഥലങ്ങളിലാണ്. ഇവിടെ കേരളത്തിൽ ഒരു റിപ്പറെ പിടിച്ചു. മറ്റൊരു റിപ്പറെക്കൂടി ഇനി പിടിക്കാനുണ്ട്. ആ റിപ്പർ ശ്രീ. എം. വി. രാഘവനേരേയും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേരേയും ഒക്കെ തലയ്ക്കടിച്ച് തകർത്തിട്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ആ റിപ്പർ ഇനിയും വരും. ശ്രീ. നായനാർ ശ്രദ്ധിക്കണം. അദ്ദേഹം വീണ്ടും വരുമ്പോൾ ശ്രീ. നായനാരുടെ തലയ്ക്കുവരെ അടി കിട്ടാൻ സാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ ഇപ്പോൾ ഇല്ല. ആ റിപ്പറെക്കുറിച്ച് ഒന്നന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ആ അഭിനവ റിപ്പർ, മാർക്സിസ്റ്റു പാർട്ടിയുടെ നേതാക്കൻമാരേയും എം. എൽ. എ, മാരേയും തലയ്ക്കടിച്ചു വീഴ്ത്തിയ ആ റിപ്പർ ഇനിയും വരും. റിപ്പർ മലബാർ മേഖലയിലാണ് ഏറ്റവും കൂടുതൽ സഞ്ചരിച്ചിരുന്നത്. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്ന അഭിനവ റിപ്പറുടെ ആക്രമണവും മലബാർ മേഖലയിലാണ്.....

(ബഹളം)

അടുത്ത റിപ്പർ ആക്രമണം പ്രതീക്ഷിക്കേണ്ടത് ശ്രീ. നായനാരും ശ്രീ. ഒ. ഭരതനും ശ്രീ. മൂസ്സാൻകുട്ടിയുമാണ്. അധികം കാത്തിരിക്കേണ്ട. അധികം താമസിയാതെ വീണ്ടും ആക്രമണമുണ്ടാവും.

സി. പി. എം കാരെക്കുറിച്ച് ഒരു കാര്യം എനിക്കു പറയുവാനുണ്ട്. മുന്നണിക്കകത്തെ വഴക്കുകളെക്കുറിച്ച് പറയുന്ന നിങ്ങളുടെ പാർട്ടിയുടെ സ്ഥിതിയെന്താണ്? ശ്രീമതി ഗൗരിയമ്മയും ശ്രീ. നായനാരും തമ്മിലുള്ള വഴക്കു ഈ നിയമസഭയിൽ തന്നെ കണ്ടതല്ലേ. ഇങ്ങനെയാണെങ്കിൽ പാർട്ടി കമ്മിറ്റിയിൽ നിങ്ങൾ അന്യോന്യം തലതല്ലി ചാകുകയില്ലേ? അതൊക്കെ ഗ്രൂപ്പ് വഴക്കല്ലേ?

ഇന്നലെയും നിങ്ങൾ പതിവുള്ള ചില ആരോപണങ്ങൾ ഈ സഭയിൽ കൊണ്ടുവന്നു. നിയമസഭ വന്നതു മുതൽ എക്കാലത്തും പറയുന്ന കുറെ കാര്യങ്ങൾ ആവർത്തിച്ചിരിക്കുകയാണ്. അതിനു ചില പത്രപ്രവർത്തകർ ആവിഷ്ക്കരിച്ചിട്ടുള്ളത് പുതിയ പത്രപ്രവർത്തന ശൈലിയും നിങ്ങൾക്ക് സഹായമായുണ്ട്. ആ പുതിയ പത്രപ്രവർത്തന ശൈലിപ്രകാരം പത്രങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ വച്ച് പുതിയ ആരോപണങ്ങളുമായി നിങ്ങൾ മുന്നോട്ടു വരികയാണ് ചെയ്യുന്നത്. ആരോപണങ്ങൾ വാരി വിതറുകയല്ലാതെ അതു തെളിയിക്കുവാൻ നിങ്ങൾക്കു മനഃസാക്ഷിയുണ്ടോ? എന്തെങ്കിലും വിധത്തിൽ തെളിയിക്കാനുള്ള ആഗ്രഹം നിങ്ങൾക്കുണ്ടോ? ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് മന്ത്രിമാരെ കരിതേച്ച് കാണിക്കുകയും അതിന്റെ തണലിൽ മിണ്ടാതിരിക്കുകയും. അങ്ങനെ ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കുകയും ചെയ്യണമെന്നല്ലാതെ നിങ്ങൾക്ക് ഈ കാര്യത്തിൽ വല്ല ആത്മാർത്ഥതയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഈ ആരോപണങ്ങൾക്ക് കഴമ്പില്ലെന്ന് നിങ്ങൾക്കും അറിയാം. അതുകൊണ്ട് തന്നെ ഈ കാര്യങ്ങളിൽ ഉത്തരവാദിത്വം ഏറെറടുക്കാൻ നിങ്ങൾ തയ്യാറില്ല. മുൻപും പ്രഗൽഭരായ കോൺഗ്രസ് നേതാക്കളെ നിങ്ങൾ കരിതേച്ച് കാണിച്ചിട്ടുണ്ട്. ശ്രീ. മാധവമേനോൻ, ശ്രീ. ആർ. ശങ്കർ, ശ്രീ. പനമ്പിള്ളി തുടങ്ങിയ കോൺഗ്രസ്സിന്റെ നേതാക്കൻമാർക്കെതിരായി അന്തസ്സില്ലാത്ത, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ നിങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ശ്രീ. കരുണാകരനെതിരായും നിങ്ങൾ ആരോപണങ്ങൾ ഉന്നയിക്കുന്നു. പരിശുദ്ധമായ ഒരു ജീവിതത്തിന്റെ ഉടമയാണ്, ശ്രീ. കരുണാകരൻ. അദ്ദേഹത്തിനെതിരായി ആരോപണമുന്നയിച്ചാൽ കേരളത്തിലെ ജനങ്ങൾ അതു വിശ്വസിക്കാൻ പോകുന്നില്ല.

ഇവിടെ ഇന്നലെ ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞു, പത്തുപതിനഞ്ചു വർഷമായി ശ്രീ. കരുണാകരൻ വാർത്താ മാധ്യമങ്ങളിൽ തെളിഞ്ഞു നിൽക്കുകയാണ്, ഇപ്പോൾ അതു മങ്ങിക്കൊണ്ടിരിക്കുന്നുവെന്ന്. സർ, ഒന്നോർക്കണം, ശ്രീ. കരുണാകരൻ വാർത്താ മാധ്യമങ്ങളുടെ സൃഷ്ടിയല്ല. വാർത്തമാധ്യമങ്ങൾ തകർക്കാൻ ശ്രമിച്ചാൽ തകർന്നു പോകുന്ന ആളല്ല ശ്രീ. കരുണാകരൻ. 1977-ലും വാർത്താ മാധ്യമങ്ങൾ കോൺഗ്രസിനേയും ഞങ്ങളുടെ പ്രിയങ്കരിയായ ഇന്ദിരാഗാന്ധിയേയും ശ്രീ. കരുണാകരനേയും തകർക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുവരെ ഇന്ദിരാഗാന്ധിക്കും കോൺഗ്രസ്സിനും ശ്രീ. കരുണാകരനും സ്തുതിപാടിയിരുന്ന വാർത്താമാധ്യമങ്ങൾ 1977-ൽ കോൺഗ്രസും ഇന്ദിരാഗാന്ധിയും കരുണാകരനും അധികാരത്തിൽ നിന്നും പുറത്തുപോയപ്പോൾ അവരെ തകർക്കാൻ ശ്രമിച്ചു.

1977-ൽ നിങ്ങൾ വിചാരിച്ചത് ശ്രീ. കരുണാകരൻ പൂർണ്ണമായി തകർന്നു കഴിഞ്ഞുവെന്നാണ്. എന്നാൽ, ഒരു പിടി ചാരത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്ന ഫിനിക്സ് പക്ഷിയെപ്പോലെ കരുണാകരൻ വീണ്ടും രാഷ്ട്രീയ രംഗത്ത് വെട്ടിത്തിളങ്ങി കടന്നു വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അതുകൊണ്ട്, ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട്, ശ്രീ. കരുണാകരനെ തകർക്കാൻ നിങ്ങൾ ശ്രമിക്കേണ്ട. സർ, ആരോപണമുന്നയിച്ചു കൊണ്ട് തകർന്നു പോകുന്ന ഒരു പ്രസ്ഥാനമല്ല കോൺഗ്രസ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, അടുത്ത കാലത്ത്, കേരളത്തിൽ വളരെയെറെ സ്വാധീനമുണ്ടെന്ന് പറയുന്ന രണ്ടുപത്രങ്ങൾക്കുകൂടി പങ്കുള്ള, അവർ കൂടി കൈകാര്യം ചെയ്യുന്ന എം. ആർ. എഫ്. ഉം. കെ. ടി. സി. യും പോലുള്ള രണ്ട് വൻകിട സ്ഥാപനങ്ങൾ, ഈയിടെ സാമ്പത്തിക കുറ്റാന്വേഷണത്തിന്റെ പേരിൽ റെയ്ഡു ചെയ്തിട്ടുള്ളതായും അക്കാര്യത്തിൽ ഈ ഗവൺമെന്റ് അല്ലെങ്കിൽ ശ്രീ. കരുണാകരൻ വേണ്ടത്ര രീതിയിൽ സഹായിച്ചില്ല എന്നുള്ള വിരോധം അവർക്കുള്ളതായിട്ട് ഒരു സംസാരമുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അങ്ങനെയൊക്കെ പറഞ്ഞു കേൾക്കുന്നുവെന്നല്ലാതെ അതിന്റെ സത്യസ്ഥിതിയെപ്പറ്റിയൊന്നും എനിക്കറിഞ്ഞുകൂടാ. വാർത്താ മാദ്ധ്യമങ്ങൾ എത്ര തകർക്കാൻ ശ്രമിച്ചാലും ഇവിടത്തെ സാധാരണക്കാരായ, പാവപ്പെട്ട, ലക്ഷോപലക്ഷം ജനങ്ങളുടെ ഹൃദയത്തിൽ എന്നും ശ്രീ. കരുണാകരന് സ്ഥാനമുണ്ടായിരിക്കും. പാവപ്പെട്ടവരുടെ പടയാളിയാണ് ശ്രീ. കെ. കരുണാകരൻ. സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അർപ്പണ ബോധത്തോടുകൂടി പ്രവർത്തിക്കുന്ന ശക്തനായ നേതാവാണ് ശ്രീ. കരുണാകരൻ. സർ, ഞാനീ നന്ദി പ്രമേയത്തെ ഒന്നുകൂടി അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റിനു ഒരു നയവും പരിപാടിയുമില്ല. ഇത്ര അപഹാസ്യമായ തരംതാണ ഗവൺമെൻറ് കേരള ചരിത്രത്തിലുണ്ടായിട്ടില്ല സർ, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ 6 മാസമായി, ഈ സംസ്ഥാനത്ത് നില നിർത്തികൊണ്ടു വന്ന സ്തംഭനാവസ്ഥയുടെ ഫലമായി ഈ നാട്ടിൽ ഒരു രേണമില്ല എന്ന നിലയിലാണ് ഇന്ന് കേരളം നിൽക്കുന്നത്. ഒന്നുകിൽ ഇതു അഴിച്ചു പണിയണം, അല്ലെങ്കിൽ തെരഞ്ഞെടുപ്പു നടത്തണമെന്ന് സംസ്ഥാനത്ത് വിവാദമുയർത്തിയത് മുഖ്യമന്ത്രിയാണ്. പ്രതിപക്ഷമല്ല. ഞാൻ ചോദിക്കട്ടെ സർ, നാലുകൊല്ലം തികയുന്നതിനു മുൻപ് ഈ ഗവൺമെൻറ് അഴിച്ചു പണിയണം, പുനസംഘടിപ്പിക്കണം, അല്ലെങ്കിൽ തെരഞ്ഞെടുപ്പു വേണമെന്ന് മുഖ്യമന്ത്രി പറയാനുള്ള കാരണമെന്താണ് ? 81 എണ്ണത്തിന്റെ ഭൂരിപക്ഷമില്ലേ? ഒരു കൊല്ലം കൂടി ഭരിക്കാൻ നിങ്ങൾക്ക് കാലാവധിയില്ലേ? അനുകൂലമായ കേന്ദ്രമല്ലേ മേലേ ഭരിക്കുന്നത് ? സർ, ഈ അഴിച്ചുപണി അല്ലെങ്കിൽ തിരഞ്ഞെടുപ്പ് ഞങ്ങൾക്ക് അതിൽ പേടിയൊന്നുമുണ്ടായിട്ടില്ല; റാന്നിയുംപ്പെടെ പേടിക്കേണ്ടതില്ലെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്നാട്ടിലെ ജനങ്ങളെ എന്തിനാണ് നിങ്ങൾ ഭീഷണിപ്പെടുത്തുന്നത് ? നിങ്ങൾക്ക് നേരെചൊവ്വേ ഭരിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം എന്തുകൊണ്ടുണ്ടായി ? നിങ്ങൾ നിങ്ങളുടെ പ്രതിഛായ മങ്ങിയെന്നാണ് പറയുന്നത്. അന്തസ് നഷ്ടപ്പെട്ടുവെന്ന് നിങ്ങൾ പറഞ്ഞത് എന്തുകൊണ്ട് ? എന്തുകൊണ്ട് അന്തസ് നഷ്ടപ്പെട്ടു, എന്തുകൊണ്ട് പ്രതിഛായ പോയത്? ആ 19 മന്ത്രിമാരും നടത്തിയിട്ടുള്ള അഴിമതിയുടെ പ്രത്യാഘാതമായിട്ടല്ലേ, പരിണിതമായിട്ടല്ലേ പ്രതിഛായ പോയത് ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കൂടുതൽ കടക്കുന്നില്ല. ഓരോരോ കാര്യം പറയാം. "അതോറിറ്റിയിൽ ക്രമവിരുദ്ധമായ നിയമനം തുടങ്ങി." "അഴിമതി അന്വേഷണത്തിന് തടസ്സം ട്രാൻസ്പോർട്ട് മന്ത്രി "(മാതൃഭൂമിയിലാണ് സർ) ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. "മദ്യ ഇടപാടുകൾ വഴികോടികൾ തട്ടുന്നു" ആര് ? പ്രതിപക്ഷമല്ല, നാട്ടിലെ ജനങ്ങളല്ല. "കീഴ് വഴക്കങ്ങൾ ലംഘിച്ച് നിയമനങ്ങൾക്ക് കൈകൂലി" പ്രതിപക്ഷമല്ല, ജനങ്ങളല്ല നിങ്ങളുടെ പ്രതിഛായ മങ്ങിയതെങ്ങനെയെന്ന് മനസ്സിലാകുന്നില്ലേ? "നാലുമന്ത്രിമാർക്കെതിരായി കേന്ദ്രം അന്വേഷണം നടത്തുന്നു"—മാതൃഭൂമി നാലു മന്ത്രിമാർക്ക് എതിരായി എന്തിനാണ് അന്വേഷണം ? രാഷ്ട്രീയമായ പാകപ്പിഴകളുടെ പേരിലല്ല, അഴിമതി നടത്തിയതിന്റെ പേരിൽ. എവിടെ അഴിമതി ? ഖജനാവിൽ. ഈ ഖജനാവിന്റെ താക്കോൽ നിങ്ങളെ ഏൽപ്പിച്ചത് ഈ രാജ്യത്തിലെ ജനങ്ങളാണെന്ന് നിങ്ങൾ വിസ്മരിച്ചു. എന്റെ ചെറുപ്പ കാലത്തൊക്കെ കളവു കേസ്സിൽ അന്വേഷിക്കുന്നത് തൊരപ്പൻ മൊയ്തീൻ, കായംകുളം കൊച്ചുണ്ണി തുടങ്ങിയ കള്ളൻമാരെയാണ്. ഇന്ന് കേന്ദ്രത്തിന്റെ പോലീസാണ് അന്വേഷിക്കുന്നത്. പ്രതി ആരാണ് ? ശ്രീ. അഹമ്മദ്, കെ. എം. മാണി, എം. പി. ഗംഗാധരൻ, ശ്രീനിവാസൻ, നാണമില്ലേ ശ്രീനിവാസൻ, നിങ്ങൾക്ക്, ഒരു ജഡ്ജിയായിരുന്നില്ലേ നിങ്ങൾ ? കേന്ദ്രം അന്വേഷിക്കുന്ന കേസിലെ പ്രതിയാണ് നിങ്ങൾ എന്നാണ് പറയുന്നത്. ഇത്ര അപഹാസ്യമായിട്ടുള്ള സ്ഥിതി . ഈ കേരളത്തിൽ ഉണ്ടാക്കിയതാരാണ് സർ ? ഞങ്ങൾ പ്രതിപക്ഷമാണോ ? ബഹുമാനപ്പെട്ട ലീഡറോട് ഞാനൊരു കാര്യം ചോദിക്കട്ടെ (അങ്ങേക്ക് എന്നോട് സ്നേഹമില്ല എന്ന് എനിക്കറിയാം, പക്ഷേ അങ്ങയോട് എനിക്ക് ബഹുമാനമുണ്ട്. അത് മാറാൻ സാദ്ധ്യമല്ല) അങ്ങ് രാജ്യ രക്ഷാവ്യോമസേനയുടെ ഹെലികോപ്റ്റർ പാലുകുടിപോലുള്ള രാജ്യത്തെ അടിയന്തിരാവശ്യങ്ങൾക്കല്ലേ ഉപയോഗിച്ചത് ? അതിൽ ഞങ്ങൾക്ക് ആക്ഷേപമില്ല. ആക്ഷേപിക്കാൻ നിർവ്വാഹമില്ല. കാരണം, ഇത്ര വലിയ മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

സംഭവമുണ്ടോ ഈ രാജ്യത്ത് ? പക്ഷെ ഞാൻ ചോദിക്കട്ടെ, ആ ആന്ധ്രായെ എന്തിനാണ് കൊണ്ടുപോയത് ? ആര് പറഞ്ഞിട്ടാണ് സർ, ആ പാവം പയ്യൻ അതിൽ കടന്നു കൂടിയത് ? സർ, കള്ളു കുടിക്കുന്നുവെന്ന് അറിയാം. പക്ഷേ കള്ളു കുപ്പി കഴുത്തിൽ കെട്ടികൊണ്ട് നടക്കേണ്ടതുണ്ടോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തിനാണ് ആ കള്ളു കുപ്പിയുമായിട്ട് വിമാനത്തിൽ പോയത് ? ഇന്നാട്ടിലെ ജനങ്ങൾക്ക് അത് അറിയണ്ടേ? പ്രത്യേകമായ സാഹചര്യത്തിൽ, ഇൻഡ്യൻ പ്രധാന മന്ത്രിക്കും മുഖ്യമന്ത്രിക്കും ഉപയോഗിക്കാവുന്നതാണ്. വ്യോമസേനയുടെ രാജ്യരക്ഷാ വിമാനം. അതിൽ ഒരു കള്ളൻ റിപ്പറെ കയറ്റി കൊണ്ടുപോയി എന്നാണ് പറയുന്നത്. ആന്ധ്രായുടെ ഹർജ്-മരച്ചീനിയിൽ നിന്ന് ചാരായമുണ്ടാക്കാനുള്ള ഹർജി മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്വീകരിച്ചു. നേരെ ക്യാബിനറ്റിൽ പോയി എന്നാണ് പറഞ്ഞത്. അത് നിയമപരമായി കൈകാര്യം ചെയ്യേണ്ട, വിലയിരുത്തേണ്ട നോട്ട് പുട്ടപ്പ് ചെയ്യേണ്ട ഉദ്യോഗസ്ഥൻമാരുടെ വേദികയും, ഫാറങ്ങളും കണ്ടിട്ടേയില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇന്നലെ ഇതിനെപ്പറ്റി ഇവിടെ റൂളിംഗ് ഉണ്ടായിട്ടുള്ളതാണ് ; റിമൂവ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. ടി. കെ. ഹംസ : സർ, ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അങ്ങനെയാണെങ്കിൽ അതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാൻ കോടതിയിൽ ഇപ്പോഴും സൗകര്യമുണ്ടല്ലോ കോടതിയിൽ ചെല്ലാത്ത കാര്യമുണ്ടോ ഇപ്പോൾ; സർ, ഇവർ ആരെങ്കിലും കോടതിയെ കൊണ്ടല്ലാതെ തലകുനിച്ചിട്ടുണ്ടോ ? എല്ലാവരും പുറത്തു പോയത് കോടതി കൊണ്ടല്ലേ? ഞാൻ ചോദിക്കുന്നത് എന്തിനാണ് സർ, ഈ അപഹാസ്യമായ സ്ഥിതിയുണ്ടാക്കിയത് ? ഒരു 'പാവം പയ്യൻ' ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഈ പത്രങ്ങളിലൊക്കെ ഇത്ര പരസ്യമായി റിപ്പോർട്ട് വന്നിട്ട്, അക്കമിട്ട് അക്കമിട്ട് പറഞ്ഞിട്ട്, ഒരു പത്രത്തിന്റെ പേരിലെങ്കിലും നടപടിയെടുത്തോ ഈ ഗവൺമെന്റ് ? ഏതെങ്കിലും ഒരു പത്രത്തെ പ്രതിക്കൂട്ടിൽ കയറ്റാൻ ശ്രമിച്ചോ ? ഡിഫമേഷൻ എന്ന ഒരു വകുപ്പ് ഈ രാജ്യത്തെ നിയമ വ്യവസ്ഥയിലുള്ളത് നിങ്ങൾക്ക് അറിയാമല്ലോ? നിയമം അറിയാവുന്നവരുണ്ടല്ലോ അവിടെ. ഒരൊറ്റ നടപടിയെടുത്തിട്ടില്ല. നിങ്ങൾക്ക് പറയാനുള്ളതെന്താണ് ? അഴിമതി നിരോധന കമ്മീഷൻ മുൻപിൽ പോകട്ടെയെന്നതാണ്. സർ, ഈ അഴിമതി നിരോധന കോടതി, ഇവരെ വെള്ളപൂശാൻ ഇവർ കഴിഞ്ഞ പ്രാവശ്യം ഉണ്ടാക്കിയിട്ടുള്ള ഒരു സ്ഥാപനമാണ്. അത് അഴിമതി നിരോധനത്തിന് പര്യാപ്തമല്ലെന്ന് ഒരു കൊല്ലത്തെ റിപ്പോർട്ടിൽ തന്നെ അവർ പറഞ്ഞിട്ടുണ്ട്. മാത്രമല്ല ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞു. അതിന്റെ ചട്ടങ്ങളും നിയമങ്ങളും അഴിച്ചു പണിയാൻ പോകുകയാണെന്ന്. നിയമത്തിൽ ആവശ്യമായ ഭേദഗതികളും അടുത്തുതന്നെ വരുത്തുമെന്ന്. അപ്പോഴും അത് ഇതിനു പറ്റുകയില്ല എന്ന് ബോദ്ധ്യമായില്ലേ? ആരോപണം കൊടുക്കുന്നവനെ ശിക്ഷിച്ച് നിങ്ങളെ വെള്ളപൂശി ശുദ്ധൻമാരായി അവതരിപ്പിച്ച് ജനാധിപത്യത്തെ കളങ്കപ്പെടുത്തുകയാണ്. അതല്ലേ നിങ്ങൾക്ക് പറയാനുള്ളത് ?

ശ്രീ. കെ. കരുണാകരൻ : സർ, ആരോപണമുന്നയിച്ചിട്ട് ആരോപണം അടിസ്ഥാനരഹിതമാണെന്ന് തള്ളിയ കേസ്സിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. ഹംസ : ശിക്ഷിക്കുവാനും ശിക്ഷിക്കപ്പെടാതിരിക്കുവാനും ആ നിയമത്തിൽ വ്യവസ്ഥയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് അറിയാമല്ലോ. പ്രഥമദൃഷ്ട്യാ കേസ്സില്ലാത്ത കള്ള ആരോപണമാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് ശിക്ഷിക്കുവാനും ശിക്ഷിക്കപ്പെടാതിരിക്കുവാനും വകുപ്പുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാനൊരു കാര്യം ചോദിക്കട്ടെ, ഈ അഴിമതി നിരോധന കോടതിയുടെ അധികാരം ബഹുമാനപ്പെട്ട ഹൈക്കോടതിയ്ക്ക് വിട്ടുകൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ ? അങ്ങനെയായാൽ നിങ്ങൾ 19 പേരേയും പൂജപ്പുര സെൻട്രൽ ജയിലിലിട്ടടക്കുമെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്ക് കോടതിയെ പേടിയാണ്. നിങ്ങൾക്ക് ഹൈക്കോടതിയെ പേടിയാണ്. നിങ്ങൾക്ക് വേണ്ടി സ്പെഷ്യൽ കോടതി, വലിയവർക്ക് ഹോട്ടലിൽ ചെന്നാൽ സ്പെഷ്യൽ ചായ. അതുപോലെ നിങ്ങൾക്കു വേണ്ടി സ്പെഷ്യൽ കോടതി, സ്പെഷ്യൽ റൂം. അഴിമതിയിൽ നിങ്ങളെ പിടികൂടാൻ ഞങ്ങൾക്ക് കഴിഞ്ഞില്ലെന്നാണ് ഹസ്സന്റെ വാദം അല്ലേ ? അത്രയ്ക്ക് തന്ത്രപരമായി, ബുദ്ധിപരമായി, ''ചിപ്പവാൻ കട്ടമാതിരി കട്ടു'' എന്നല്ലേ അതിന്റെ അർത്ഥം ? നിങ്ങളുടെ ബുദ്ധി അപാരം തന്നെ. പെട്ടെന്ന് പോയ പല ഭരണങ്ങളും ഈ രാജ്യത്ത് (സംസ്ഥാനത്ത്) നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ ഈ ഭരണം പോകുന്നത് എങ്ങനെയാണെന്ന് അറിയാമോ ?..... ആദ്യം കർത്താ പിന്നെ രാമചന്ദ്രൻ നായർ, പിന്നീട് പിള്ള, അതുകഴിഞ്ഞു ഇപ്പോൾ ഗംഗാധരൻ. കുഷ്ഠരോഗിയുടെ അവയവയങ്ങൾ ചീഞ്ഞളിഞ്ഞ് നാറിമുറിഞ്ഞു പോകുന്നതുപ്പോലെ പോവുകയാണ് ഈ ഗവൺമെന്റ്. ഇത്ര മോശമായ നാറിയ ഒരു ഭരണം ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ടോ ? എം. പി. ഗംഗാധരൻ രാജി വയ്ക്കണമെന്ന് കാർത്തികേയൻ പറഞ്ഞു, എന്തിനാണ് രാജി വയ്ക്കേണ്ടത് മകളുടെ വയസ്സ് തിരുത്തിയ കേസ്സിലോ ? കോടിക്കണക്കിന് രൂപയുടെ പൈപ്പ് കുംഭകോണം നടത്തിയപ്പോൾ ഗംഗാധരനോട് രാജി വയ്ക്കണമെന്നു പറയാൻ കാർത്തികേയനു ധൈര്യമില്ലായിരുന്നോ? എങ്കിൽ കാർത്തികേയന്റെ മൂല്യാധിഷ്ഠിതരാഷ്ട്രീയം ഞങ്ങൾക്ക് മനസിലാകുമായിരുന്നു. ഞങ്ങൾക്ക് നിങ്ങളെയൊക്കെ അറിയാം. ഗംഗാധരൻ അവിഹിതമായി വാങ്ങി കൊടുത്ത കാറിലാണ് കാർത്തികേയൻ സഞ്ചരിക്കുന്നത് എന്നുള്ള യൂത്ത് ഫ്രണ്ടുകാരുടെ പ്രസ്താവന കണ്ടില്ലേ? വാങ്ങികൊടുക്കുന്ന സാധനം വായിലിട്ട് ചവയ്ക്കുമ്പോൾ കൊടുത്തവനെ ഇളിച്ചു കാട്ടുകയാണ്. കാർത്തികേയന്റെ മാതിരി ഒരു സാധനം ഞങ്ങളുടെ നിലമ്പൂരിൽ കണ്ടിട്ടുണ്ട്. എന്തുകൊടുത്താലും വാങ്ങി തിന്നിട്ട് കൊടുത്തയാളിനെ ഇളിച്ചു കാട്ടും. ഏതാണ്ട് ആ കോലം തന്നെയാണ് കാർത്തികേയനും ഉള്ളത്. ഇവരൊക്കെ നന്ദികെട്ടവരാണ്. ലീഡറോട് സ്നേഹം ഉള്ളതുകൊണ്ട് ഞാനൊരു കാര്യം ചോദിക്കട്ടെ. അങ്ങ് രാജൻ കേസ്സിന്റെ നീർച്ചുഴിയിൽ കുടുങ്ങിയപ്പോൾ, ഉപ്പു തിന്നവൻ വെള്ളം കുടിക്കണം, കരുണാകരൻ രാജിവയ്ക്കണം എന്നു പറഞ്ഞ കള്ളനല്ലേ ഹസ്സൻ ? നിങ്ങളുടെ ചുറ്റും കൂടിയിട്ടുള്ള ആളുകളെ നിങ്ങൾ മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. മി. ഹസ്സൻ കോൺഗ്രസ് സംസ്ക്കാരം എനിക്കറിയാം. രാമറാവു അധക്കിനെ എനിക്കറിയാം. നാഗപ്പൂർ സംസ്ക്കാരം അറിയാം, ബോംബേ സംസ്ക്കാരമറിയാം. ഇപ്പോഴത്തെ ബോംബേ മുഖ്യമന്ത്രി മാർക്കു തട്ടിപ്പു കേസ്സിലാണ് രാജിവച്ചത്. ഗംഗാധരൻ വയസ്സ് തട്ടിപ്പു കേസ്സിലും. ഹസ്സൻ മറന്നുപോയോ, നിങ്ങൾ എങ്ങനെയാണ് ബി. എ. പാസായത്. വളരെ വാചാലമായിട്ട് ഇവിടെ വന്നു സംസാരിക്കുന്നുണ്ടല്ലോ. ''പെങ്കൊടിയോട് വിരോധം ഉള്ളവനാണ് ഞാൻ. ജനാബ് ഹംസ ഇപ്പോൾ പ്രസംഗിക്കുന്നു സഖാവ് ഹംസ'' ഇന്ദിരാഗാന്ധിയും കോൺഗ്രസും തകർന്നു തരിപ്പണമായി കിടന്നപ്പോൾ നെഞ്ചത്ത് കാര കുത്തിയും കല്ലും കയറി വച്ചില്ലേ നിങ്ങൾ ? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഓഫീസിലെ വെപ്പാട്ടികളായിരുന്നില്ലേ നിങ്ങൾ ? നിങ്ങൾ ഇന്നു കമ്മ്യൂണിസ്റ്റു വിരോധം പറയുന്നുവല്ലോ. കോൺഗ്രസ്സിന്റെ കരങ്ങൾക്ക് ശക്തി കൂട്ടാൻ പോകുന്നവരല്ലേ നിങ്ങൾ ? കോൺ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗ്രസ്സിന് ബലാഗുളുച്ച്യാദി എണ്ണ തേച്ച് ഉഴിഞ്ഞു കൊടുക്കേ. ആന്ധ്ര പോയി, കർണ്ണാടകം പോയി, പഞ്ചാബ് പോയി, ആസ്സാം പോയി ത്രിപുര പോയി, സിക്കിം പോയി, ബംഗാളും പോയി. കാശ്മീർ പോയി, കേരളവും പോകും. നിങ്ങളും കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുന്നതല്ലേ?

ആഭ്യന്തര വകുപ്പിനെപ്പറ്റി ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ അറബിക്കടലിൽ വന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാണ് രവി പറഞ്ഞത്. പിന്നീട് പറഞ്ഞു അവർ ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന്. അന്വേഷണം നടത്തുന്നതിനു മുൻപ് എങ്ങിനെയാണ് സർ, അവർ കുറ്റം ചെയ്തിട്ടില്ലെന്നു പറയുന്നത്. അന്വേഷണം നടത്തി റിപ്പോർട്ടു കിട്ടുന്നതിനു മുമ്പ് അവർ കുറ്റം ചെയ്തിട്ടില്ലെന്നു മുൻവിധി നടത്താൻ പാടുണ്ടോ ? ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരത്തിന്റെ ബലിപീഠത്തിൽ ജീവാർപ്പണം ചെയ്ത ദേശാഭിമാനികളുണ്ട്. അവരുടെ ഹൃദയ വേദന മനസ്സിലാക്കണം. നാഷണൽ ഫ്ളാഗ് വച്ച കാറിൽ രാജ്യദ്രോഹികളെ കൊണ്ടു നടക്കരുത്. മി. ഹസ്സനോട് ഞാൻ ചോദിക്കട്ടെ. ആരിഫ് മുഹമ്മദുഖാനെ നിങ്ങൾ അറിയുമോ ? അദ്ദേഹം രാജിവച്ചത് എന്തിനാണ് കോൺഗ്രസ്സിന്റെ അനീതിക്കെതിരായി ശബ്ദമുയർത്താനാണ്. നിങ്ങൾ ആരീഫ്ഖാന്റെ കോൺഗ്രസാണോ ? നിങ്ങൾ അബ്ദുൽറഹിമാൻ സാഹിബിന്റെ കോൺഗ്രസ്സാണോ ? നിങ്ങൾ മൗലാനാ ആസാദിനെ അറിയുമോ ? നിങ്ങൾ ഇന്നു അധികാരത്തിന്റെ ചക്കരക്കുടം കൈയിട്ടു നക്കുമ്പോൾ അവരുടെ വേദനയറിയില്ല. വർഗ്ഗീയവാദികളെയറിയില്ല. എന്തു വേഷവും കെട്ടും. ഇത്തരത്തിൽ അപഹാസ്യമായിട്ടുള്ള സ്ഥിതിവിശേഷം രാജ്യത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? നിങ്ങൾ ബഹുമാനപ്പെട്ട ലീഡറെ കേന്ദ്രത്തിന്റെ മുമ്പിൽ അപഹാസ്യനാക്കി. കേന്ദ്രമാണെങ്കിൽ പത്മയുടെ കാര്യത്തിൽ ലീഡറെ നിങ്ങളുടെ മുമ്പിൽ അപഹാസ്യനാക്കി.

പന്തളം സുധാകരനെ എനിക്കറിയാം. സ്വന്തം സഹോദരിക്ക് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ജോലി വാങ്ങികൊടുത്തിട്ട് പതിനഞ്ചാമത്തെ ദിവസം ഗംഗാധരനോട് രാജി വയ്ക്കാൻ ആവശ്യപ്പെട്ടു. നിങ്ങൾ നന്ദി കെട്ടവരാണ്. ഞാൻ ഒരു കഥ പറയാം. എന്റെ നാട്ടിൽ ഒരു ഹാജിയാരുണ്ടായിരുന്നു. അയാൾ ഷർട്ടിടുകയില്ല. ഒരു ദിവസം ഹാജിയാർ കോഴിക്കോട്ടു പോയി. അപ്പോൾ ഒരു സ്നേഹിതൻ ചോദിച്ചു നിങ്ങൾക്ക് ഷർട്ടിട്ടു കൂടെ ഹാജിയാരേ എന്ന്, അപ്പോൾ അദ്ദേഹം പറഞ്ഞു എന്തിനാ ഷർട്ട്, എന്നെ ഇവിടെ ആരും അറിയില്ലല്ലോ എന്ന്. പത്തു ദിവസം കഴിഞ്ഞ് ഹാജിയാരെ നാട്ടിൽ വച്ച് കണ്ടപ്പോഴും ആ സ്നേഹിതൻ ചോദിച്ചു. നിങ്ങൾക്ക് ഇവിടെയെങ്കിലും ഷർട്ടിട്ടുടേ ഹാജിയാരേ എന്ന്. നാട്ടിൽ എന്തിനാണ് ഷർട്ട് ? ഇട്ടാലും ഇട്ടില്ലെങ്കിലും എന്റെ നാട്ടുകാർ എന്നെ അറിയുമല്ലോ എന്നാണ് മറുപടി. അതുപോലെ കരുണാകരൻ കോഴിക്കോട്ടും ഷർട്ടില്ല, നാട്ടിലും ഷർട്ടില്ല. രണ്ടും കെട്ട രീതിയിൽ "ആൾക്കൂട്ടത്തിൽ തനിയെ" എന്ന ചിത്രത്തിൽ ബാലൻ കെ. നായരെപ്പോലെ തരം താഴ്ന്ന വിധത്തിലായി മാറിയിരിക്കുകയാണ് നമ്മുടെ മുഖ്യമന്ത്രി. കൂട്ടുത്തരവാദിത്വമില്ല, സാമ്പത്തിക തകർച്ചയിലേക്ക് തിരിച്ചിരിക്കുന്നു രാജ്യം. ഇത്തരം അപഹാസ്യമായ ഗവൺമെന്റിന്റെ അന്ത്യകുദോശ നടത്തിയ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി ആവശ്യമില്ല. ഞാൻ പ്രതിഷേധിക്കുന്നു. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്. എന്റെ സ്നേഹിതൻ ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇന്നു കാലത്ത്. ഇവിടെ ഉണ്ടായ

അടിയന്തിരപ്രമേയാവതരണവും അതിൽ ഉണ്ടായ ചില പരാമർശങ്ങളേയും ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണു്. വളരെയധികം ഖേദത്തോടുകൂടിയാണു് ഞാനതു പറയുന്നതു്. ഒരു ദിവസം പുലർന്നാൽ ആരേയുമറിയാതെ സ്വപ്നത്തിൽപ്പോലും കരുതാതെ ഒരു ദിവസം ഒരാൾ രാജ്യദ്രോഹിയായിത്തീരുകയെന്നുള്ള ഒരു ദുരവസ്ഥയെക്കുറിച്ചു് ഞാൻ വളരെയധികം ഖേദിക്കുകയാണു്. ഇവിടത്തെ പോർട്ടു് രജിസ്ട്രേഷൻ ഓഫീസർക്കു് പറഞ്ഞ ഒരു ചെറിയ തെറ്റിനു് ഇത്രയധികം ഞങ്ങളോടു വേണമായിരുന്നോ? അപ്പുറത്തിരിക്കുന്ന ആർക്കും പറഞ്ഞാവുന്ന ഒരു തെറ്റാണിതു്. അപ്പുറത്തിരിക്കുന്ന മെമ്പർമാർക്കു് വളരെയധികം വികാരക്ഷോഭമുണ്ടായി. ഗൾഫിൽ നിന്നു വന്ന ആളുകളെ സൂക്ഷ്മമായിട്ടു പരിശോധിക്കുകയാണെങ്കിൽ അതിൽ ലീഗുകാർ മാത്രമല്ല, കോൺഗ്രസ്സുകാരും ഒരു പക്ഷേ മാർക്സിസ്റ്റുകാരും.....

(ബഹളം) ഞാൻ ഉണ്ടെന്നുപറഞ്ഞില്ല. ഞാൻ പറഞ്ഞതു് എന്താണെന്നുവച്ചാൽ വളരെ പരസ്യമായ രീതിയിൽ ഞങ്ങളുടെ മുഖപത്രമായ ചന്ദ്രിക ഇവരുടെ ഓരോ ചലനവും ഫോട്ടോ അടക്കം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. വളരെ പരസ്യമായ ഒരു ഫങ്ഷനിലാണു് അവർ പങ്കെടുത്തതു്. അതിൽ ആർക്കും പങ്കെടുക്കാം എന്നാണു് ഞാൻ പറഞ്ഞതു്. നിങ്ങൾ പങ്കെടുത്തു എന്നു് ഞാൻ പറയുന്നില്ല. ഞാൻ ഒരുദാഹരണം പറഞ്ഞതാണു്. നിങ്ങളുടെ വികാരം എനിക്കു് മനസ്സിലാകും. ഞാൻ അതു് പൂർണ്ണമായും ഉൾക്കൊള്ളുന്നു. പത്ര റിപ്പോർട്ടുകളെ സംബന്ധിച്ചു് അടിയന്തിരപ്രമേയം കൊണ്ടുവന്നതു് ശരിയല്ല. ബഹുമാനപ്പെട്ട നായനാർ ഇവിടെ പറഞ്ഞതും തെറ്റല്ല. അതിൽ കുറ്റക്കാർ ആരായാലും അവരെ ശിക്ഷിക്കണമെന്നു പറഞ്ഞതും തെറ്റല്ല ഞാൻ ആ വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഒരാളുടെ നിരപരാധിത്വം അയാൾക്കു പറയാനുള്ള അവകാശമില്ലേ? അതു് നിങ്ങൾ നിഷേധിക്കരുതു്. അന്നു് പി. എ. സി. മീറ്റിംഗുള്ള ദിവസമായിരുന്നു. ഒരു അറബികു് കോളേജിന്റെ ക്ഷണപ്രകാരം ഗൾഫു് നാട്ടിൽനിന്നു് അറബികൾ വരുന്നുണ്ടു്. അവരെ തിരുവനന്തപുരത്തു് എയർപ്പോർട്ടിൽ ചെന്നു് സ്വീകരിക്കണം എന്നു പറഞ്ഞു. ഞാനും നാലകത്തു സൂപ്പിയും കൂടി അവരെ സ്വീകരിക്കാൻ പോയ്ക്കളയാം എന്നു വിചാരിച്ചു. അത്രമാത്രമേ ഉള്ളു. ഈ ആളുകളെ സംബന്ധിച്ചിടത്തോളം ഇന്ത്യാ ഗവൺമെന്റിനു് എന്തെങ്കിലും രീതിയിലുള്ള റഫറൻസുള്ളതായി അറിയില്ല. ഞങ്ങൾ അവിടെ ചെന്നു് വി. ഐ. പി. ലോഞ്ചിന്റെ പുറത്തു് കാവൽ ഇരിക്കുന്ന സമയത്തു് അവിടെ ഉണ്ടായിരുന്ന ഇമ്മൈഗ്രേഷൻ ഓഫീസർ ഏതെങ്കിലും രീതിയിൽ ഈ ആളുകൾക്കു് പ്രോബ്ലം ഉണ്ടു്, അവർക്കു് ഇവിടെ കടക്കാൻ പറ്റുകയില്ല എന്നു പറഞ്ഞാൽ ഒരു നിമിഷം അവിടെ നിലയ്ക്കുകയില്ല, അവിടെ നിന്നും മടങ്ങുമായിരുന്നു. ആ ഒരു സത്യം മറച്ചുവയ്ക്കരുതെന്നു് മാത്രമേ എനിക്കു പറയാനുള്ളു. എന്നെയും എന്റെ പാർട്ടിയെയും, പാർട്ടിയിലെ മന്ത്രിമാരെയും എം. എൽ. എ. മാരെയും ഉൾപ്പെടുത്തി പറയുമ്പോൾ ഈ ഒരു സത്യം മറച്ചുവയ്ക്കരുതെന്നു് മാത്രമേയുള്ളു. അന്നു്, ആ മീറ്റിങ്ങുള്ള ദിവസം ബഹുമാനപ്പെട്ട എം. വി. രാഘവനോടും എ. സി. ഷൺമുഖദാസിനോടും പറഞ്ഞിരുന്നു. യു. എ. ഇ. യിൽ നിന്നും ഏതാനും ആളുകൾ വരുന്നുണ്ടു്, ഞാൻ എയർപ്പോർട്ടിൽ പോവുകയാണു് എന്നു്. നിർഭാഗ്യവശാൽ എന്റെകൂടെ സുഹൃത്തു് എന്നുള്ള നിലയിൽ അവർ ആരെങ്കിലും വന്നിരുന്നെങ്കിൽ ഇന്നു് അവരുടെ സ്ഥിതി എന്താകുമായിരുന്നുവെന്നു് നിങ്ങൾ ഒന്നു് ആലോചിച്ചുനോക്കണം. ശ്രീ. നായനാർ പോയിട്ടുണ്ടു്. ശ്രീ. എം. വി. രാഘവൻ പോയിട്ടുണ്ടു്. ഗൾഫിലെ ആളുകളുമായി അവർക്കു് സൗഹാർദ്ദബന്ധം ഉണ്ടു്. ശ്രീ. നായനാരോടു് എനിക്കു് വളരെയധികം ബഹുമാനമുണ്ടു്. അദ്ദേഹം ഇന്നു് ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചു് സംസാരിച്ചു; നിലവിട്ടു് സംസാരിച്ചില്ല. ഗൾഫു് രാജ്യങ്ങളിൽ എത്ര മലയാളികൾ ജോലിചെയ്യുന്നുണ്ടു്! ജാതിമതഭേദമെന്യേ പലരും ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നുണ്ടെന്നും അവർക്ക് ബുദ്ധിമുട്ട് ഉണ്ടാകരുതെന്നുമുള്ള ഒരു നിലപാടാണ് ശ്രീ. നായനാർ എടുത്തത്. മറ്റു പലരും ഇവിടെ നിലവിട്ട് പെരുമാറി. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഏതായാലും ഒരു കാര്യം മാത്രമേ എനിക്ക് ആവർത്തിച്ചു പറയാനുള്ളു. ഗൾഫിൽനിന്നു വന്ന ഏതാനും ആളുകളെ ഇവിടെ അതിഥികളാക്കി. അതിനു മുസ്ലീം ലീഗ് സ്വാധീനം ചെലുത്തിയെന്നാണ് മറ്റൊരു ആരോപണം. ഇത് ആദ്യമായി ചെയ്യുന്ന കാര്യമല്ല. നമ്മുടെ സംസ്ഥാനത്തിന് വളരെക്കാലമായി ഗൾഫ് രാജ്യങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്. നമ്മുടെ മന്ത്രിമാർ അവിടെ പോകാറുണ്ട്. അവരെ അവിടുത്തെ ഗവൺമെന്റ് സ്വീകരിക്കാറുണ്ട്. എന്തിന് അധികം പറയുന്നു, ഞാനോ നിങ്ങളോ മറ്റാരെങ്കിലുമോ ഗൾഫിൽ ചെന്നാൽ, അവിടത്തെ ഗവൺമെന്റിന്റെ അതിഥിയായി നമ്മളെ പ്രഖ്യാപിക്കാനുള്ള അധികാരം ഒരു മലയാളിയുടെ കൈയിലാണെന്നു പറഞ്ഞാൽ ഒരു മലയാളിക്ക് ഗൾഫിലുള്ള സ്ഥാനം നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഒരിക്കലും ഗൾഫ് രാജ്യങ്ങൾ നമ്മുടെ ശത്രുരാജ്യങ്ങളല്ല, മിത്രരാജ്യങ്ങളാണ്. ഞാൻ ഈയിടെ അവിടത്തെ ഗവൺമെന്റിന്റെ ക്ഷണപ്രകാരം എന്റെ പാർട്ടിയുടെ പ്രസിഡന്റ് ശിഹാബ് തങ്ങളുടെ കൂടെ ചെന്ന സന്ദർഭത്തിൽ, അന്തരിച്ച ശ്രീമതി ഇന്ദിരാഗാന്ധി അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച അവർ വിവരിക്കുകയുണ്ടായി. അവിടെ ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന വ്യക്തി അന്തരിച്ച ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു. അവർ അവിടെ ചെന്നപ്പോഴാണ് അവിടത്തെ ഗൾഫ് ഇസ്ലാമിക് സെന്ററിനു തറക്കല്ലിട്ടത്, യു.എ.ഇ.യിൽ വൻപിച്ച ജനക്കൂട്ടം ഉണ്ടായത്. അങ്ങനെയുള്ള മനോഭാവമുള്ള, സൗഹാർദ്ദബന്ധമുള്ള ആളുകളാണ് അവർ. വിസയുടെ പ്രശ്നം ഉണ്ടായിരുന്നു. അത് ഗൗരവമുള്ള കാര്യമാണ്. ആ ഗൗരവമുള്ള കാര്യത്തിൽ പോർട്ട് രജിസ്ട്രേഷൻ ഓഫീസറും മറ്റ് ഉദ്യോഗസ്ഥൻമാരും വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ ശിക്ഷണ നടപടികളും സ്വീകരിക്കേണ്ടതാണ്. അവർ ചാരവൃത്തിചെയ്യാൽ വന്നവരാണെന്ന് പറയുന്നത് വളരെ വേദന ഉളവാക്കുന്ന കാര്യമാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഗൾഫ് രാജ്യങ്ങളിൽനിന്ന് വരുന്ന ആളുകളെ അതിഥികളായി പ്രഖ്യാപിക്കുന്നത് ആദ്യമായല്ല. ശ്രീ. നായനാർ അത് ഇവിടെ ആദ്യം സൂചിപ്പിച്ചു. ഇപ്പോൾ ഇവിടെ വന്നത് ആർക്കും തെറ്റിദ്ധരിക്കാവുന്ന സ്ഥാനമുള്ള രണ്ട് വ്യക്തികളാണ്. അവരും ഉയർന്ന സ്ഥാനങ്ങളുള്ള രണ്ടു വ്യക്തികളാണ്. ഇന്ത്യാ ഗവൺമെന്റിൽ അവരെ സംബന്ധിച്ചിടത്തോളം റഫറൻസുണ്ട് എന്നുള്ളത് ഈ കേരള ഗവൺമെന്റിനോ അല്ലെങ്കിൽ മറ്റ് ആർക്കെങ്കിലുമോ പെട്ടെന്ന് ചിന്തയിൽ വരുകയില്ല. നേരെമറിച്ച് ഇതിനേക്കാൾ സ്ഥാനം കുറഞ്ഞ ആളുകൾ, ശ്രീ. നായനാർ ഭരിച്ചിരുന്ന കാലത്ത് ഇവിടെ വന്നിട്ടുണ്ട്. അത് ഞാൻ ഇപ്പോൾ ചിന്തിക്കുകയാണ്. ഗൾഫിലെ ഒരു അണ്ടർ സെക്രട്ടറി—(പേരൊന്നും പറയുന്നില്ല). അന്ന് ആ അണ്ടർ സെക്രട്ടറിയെ കേരള ഗവൺമെന്റ്, കേരള ഗവൺമെന്റിന്റെ അതിഥിയാക്കി. അതുമാത്രമല്ല മസ്ക്കറ്റ് ഹോട്ടലിൽവച്ച് ആ അണ്ടർസെക്രട്ടറിക്ക് ഒരു പാർട്ടി ഏർപ്പെടുത്തി. ആ പാർട്ടിയിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. നായനാരും പങ്കെടുത്തു. നിങ്ങൾ ആലോചിച്ചുനോക്കൂ. ഇത് തെറ്റാണോ ? തെറ്റാണെന്നല്ല ഞാൻ പറയുന്നത്. ഞാൻ ആരോപണം പറയുകയല്ല. ശ്രീ. നായനാർ വേണ്ടാത്തത് ചെയ്തുവെന്ന് പറയുകയല്ല. നമ്മുടെ സംസ്ഥാനത്ത് സാധാരണ ചെയ്യാറുള്ളതാണ്. ഗവൺമെന്റും ഞങ്ങളും തെറ്റിദ്ധരിക്കാവുന്ന സാഹചര്യങ്ങളെക്കുറിച്ച് പറയുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ആളുകൾക്ക് മലപ്പുറം സൂപ്രണ്ട് ഓഫ് പോലീസ് അവിടെ താമസിക്കാനുള്ള സമയം ആദ്യം നീട്ടിക്കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞു. പിന്നീട് ഏത്

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭം കൊണ്ടാണ് സമയം നീട്ടിക്കൊടുത്തത് ? ആദ്യം സമയം നീട്ടിക്കൊടുക്കാൻ സാധിക്കുകയില്ലെന്ന് പറഞ്ഞു പിന്നീട് ഏത് സന്ദർഭം ഉപയോഗിച്ചാണ് മലപ്പുറം എസ്.പി. സമയം നീട്ടിക്കൊടുത്തത്. ഈ കാര്യങ്ങൾ നിങ്ങൾക്ക് അറിയില്ലേ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ ഈ കാര്യത്തെക്കുറിച്ച് പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി രാവിലെ പറഞ്ഞു ഇതിൽ അപാകത ഉണ്ട്. ആ അപാകതകളെക്കുറിച്ച് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. കൊടി കുത്തിയ കാര് ഉപയോഗിച്ച് യാത്ര ചെയ്തിട്ടുണ്ടെങ്കിൽ അതിനെ നിയമം അനുസരിച്ച് ശിക്ഷിക്കണം. ഞങ്ങൾക്ക് അതിൽ അഭിപ്രായവ്യത്യാസമില്ല. അങ്ങനെയുള്ള അപാകതകൾ പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ചുള്ള നിയമം ഉപയോഗിച്ച് ശിക്ഷിക്കണം, അതനുസരിച്ചുള്ള നടപടികൾ എടുക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അതുകൊണ്ടാണല്ലോ സൂപ്രണ്ട് ഓഫ് പോലീസ് ഹോം മിനിസ്റ്ററുമായിട്ട് ബന്ധപ്പെടുകയും സമയം നീട്ടിക്കൊടുക്കാൻ പറ്റില്ലെന്ന് പറയുകയും ചെയ്തത്. മലപ്പുറം എസ്.പി.യെ പ്രസ്സ് ചെയ്തതുകൊണ്ടാണ് ടെലിഫോണിൽകൂടി എന്താണ് ചെയ്യേണ്ടതെന്ന് ആരാഞ്ഞ് ഹോം മിനിസ്റ്ററുമായി ബന്ധപ്പെട്ടതും ഹോം മിനിസ്റ്റർ അതിന് പെർമിഷൻ കൊടുത്തതെന്നും നിങ്ങൾക്ക് അറിയില്ലേ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ശ്രീ. കൃഷ്ണൻകുട്ടിയോടുള്ള സകല ബഹുമാനത്തോടുംകൂടി പറയുകയാണ്, ഇത് കളവാണ്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. സത്യമാണ് പറയുന്നത്.

ശ്രീ. പി. സീതിഹാജി : എസ്.പി.യെ ഹോം മിനിസ്റ്റർ വിളിക്കുമ്പോൾ ശ്രീ. കൃഷ്ണൻകുട്ടി അവിടെ ഉണ്ടായിരുന്നോ ? അത് പറയണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഇത് വലിയ ഒരു കളവാണ്. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അത് ഉൾക്കൊള്ളാൻ ഞങ്ങൾ തയ്യാറാണ്. അല്ലെങ്കിൽ അതിന് ഗവൺമെന്റ് നടപടി എടുക്കണം. അല്ലാതെ കാര്യങ്ങൾ പറഞ്ഞ് പൊരുപ്പിച്ച് നമ്മുടെ രാജ്യത്തും വിദേശങ്ങളിലും ആവശ്യമില്ലാത്ത പ്രവണതകൾ ഉണ്ടാക്കരുത്. സാമുദായിക സൗഹാർദ്ദം നിലനിൽക്കണം. ഇവിടെ പറഞ്ഞുവന്ന ഒരു ഇംപ്രഷൻ, നാളെ പത്രങ്ങൾ എഴുതാവുന്നത്, നാളെ പ്രചരണം നടത്താവുന്നത്, ഇവിടെ ഗവൺമെന്റിനെ സ്വാധീനിച്ച് മുസ്ലീം ലീഗ് ഉൾക്കൊള്ളുന്ന ഒരു മന്ത്രിസഭ സ്വാധീനിച്ച് ബ്ലാക്ക് ലിസ്റ്ററിൽ പെടുത്തിയ ഒരാളെ ഞങ്ങളുടെ അറിവോടുകൂടി കൊണ്ടുവന്ന് ചാരപ്രവർത്തനം നടത്തി എന്നാണ്. ആ രീതിയിലുള്ള ഇംപ്രഷൻ വരാവുന്നരീതിയിൽ ദയവായി ഇങ്ങനെ പ്രചരണം നടത്തരുത് എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇന്നലെകിൽ, കഴിഞ്ഞകാലങ്ങളിൽ ഞങ്ങളുമായി ബന്ധപ്പെടാത്ത ഒരു കക്ഷിയും അപ്പുറത്തില്ല. അക്കാലത്തൊന്നുമില്ലാത്ത കാര്യങ്ങൾ പ്രചരിപ്പിച്ച് വർഗ്ഗീയ വാദികളെ പ്രോൽസാഹിപ്പിക്കരുതെന്നുമാത്രമേ എനിക്ക് ഈ സമയത്ത് പറയാനുള്ളൂ. ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ അനവധി സുഹൃത്തുക്കൾ അവിടെയുണ്ട്. അവർക്ക് ബുദ്ധിമുട്ടുണ്ടാക്കരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇതേസംബന്ധിച്ച് എന്തുവികാരങ്ങൾ ഉണ്ടെങ്കിലും ശരി..... എന്നെക്കുറിച്ച് ശ്രീ. ഷൺമുഖദാസ് ഇപ്പോൾ അറിയാൻ തുടങ്ങിയതല്ല,

LIBRARY ARCHIVES Kerala Legislative Assembly

എന്നെയും എന്റെ കുടുംബത്തെയും നന്നായി അറിയാവുന്ന ഒരാളാണ്. ശ്രീ. ഷൺമുഖദാസിന് നന്നായി അറിയാം, ഞങ്ങളുടെ നിലപാടിൽ കമ്മ്യൂണലിസം ഇല്ലെന്നുള്ളത്. അതുകൊണ്ട് ഇത്തരം പരാമർശം നടത്തരുത്. എനിക്ക് അത് ഉൾക്കൊള്ളാൻ കഴിയുകയില്ല. ഇത് ഖേദകരമാണ്. ഭാവിയിലെങ്കിലും ഇങ്ങനെയുള്ള പ്രചരണം നടത്തരുതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഞാൻ ആ കാര്യത്തെക്കുറിച്ച് അധികം പറയാനാഗ്രഹിക്കുന്നില്ല. രാഷ്ട്രീയം പറയുകയാണെങ്കിൽ ഇവിടെ മുസ്ലീം ലീഗുമായുള്ള ബന്ധത്തെക്കുറിച്ചുതന്നെ പറയാം. മുസ്ലീം ലീഗുമായി ബന്ധപ്പെടുകയില്ല എന്ന് ശ്രീ. ഷൺമുഖദാസിന്റെ പാർട്ടിയും അതുപോലെയുള്ള ആളുകളുമൊക്കെ എന്നാണ് ചിന്തിക്കാൻ തുടങ്ങിയത് ? അദ്ദേഹത്തിന്റെ നേതാവ് ശ്രീ. പി. സി. ചാക്കോയും ഉണ്ണികൃഷ്ണനുമൊക്കെ ഈ മുന്നണിയിൽനിന്നും മുസ്ലീംലീഗിനെ അടർത്താൻവേണ്ടി എത്ര പരിശ്രമിച്ചിട്ടുണ്ടെന്നേ കാര്യം നമുക്കൊക്കെ അറിയാവുന്നതാണ്. ഇപ്പോഴല്ലേ മുസ്ലീംലീഗ് വർഗ്ഗീയ പാർട്ടിയാണെന്നുള്ള ബോധമുണ്ടായത് ? ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് മുസ്ലീം നേതാവായ ഇബ്രാഹിം സുലൈമാൻസേട്ട്സാഹിബുമായി ശ്രീ. ഉണ്ണികൃഷ്ണൻ മുൻകൈയെടുത്തുകൊണ്ട് നമ്പൂതിരിപ്പാടുമായി അഖിലേന്ത്യാതലത്തിൽ സഖ്യമുണ്ടാക്കാൻ ചർച്ചനടത്തിയപ്പോൾ ശ്രീമാൻ നമ്പൂതിരിപ്പാട് പറഞ്ഞതെന്താണ് ? നിങ്ങൾ വർഗ്ഗീയ പാർട്ടികളായതുകൊണ്ട് നിങ്ങളുമായി ബന്ധപ്പെടുകയില്ല എന്ന് നമ്പൂതിരിപ്പാട് പറഞ്ഞിട്ടില്ല നേരെമറിച്ച് കേരളത്തിൽ കോൺഗ്രസ്സുമായി ഉള്ള സഖ്യം അവസാനിപ്പിക്കുമെങ്കിൽ നിങ്ങളുമായി ബന്ധപ്പെടുന്നകാര്യം ആലോചിക്കാമെന്നുമാത്രമാണ് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞത്. പിന്നീട് ഇന്ത്യയിൽ പാർലമെന്റ് ഇലക്ഷൻ വന്നു. ആ ഇലക്ഷനുശേഷം ശ്രീ. രാജീവ്ഗാന്ധിക്ക് വളരെയധികം വിജയമുണ്ടായി. മുസ്ലീം ലീഗ് ആ മുന്നണിയിലായിരുന്നു. ആ മുന്നണി ഇനി കോൺഗ്രസ്ബന്ധം ഉപേക്ഷിക്കുവാൻ അടുത്തഭാവിയിലൊന്നും ഒരു സാധ്യതയുമില്ലെന്നു മനസ്സിലാക്കിയപ്പോഴാണ് ശ്രീ. നമ്പൂതിരിപ്പാട് മറ്റൊരു ലൈനെടുത്തത്. അന്നു മുതലാണ് വർഗ്ഗീയ പാർട്ടികളുമായി ചേരുകയില്ല എന്നുള്ള ഒരു നിലപാട് എടുത്തതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത് ? ഈ തരത്തിലുള്ള പ്രചരണങ്ങളും ഒരുതരത്തിലും ശരിയല്ല എന്നുപറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ തമിഴ്നാട് സഖ്യത്തെക്കുറിച്ച് ധാരാളം പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുവാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ശ്രീ. നമ്പൂതിരിപ്പാട് ആദ്യം പറഞ്ഞത് അവിടത്തെ സഖ്യം ഞങ്ങൾക്ക് അറിയുകയില്ല എന്നായിരുന്നു. പിന്നീടാണ് രണ്ടാമത്തെ ഭാഷ്യം വന്നത്. ബഹുമാനപ്പെട്ട ഹസ്സൻ ഇവിടെ സൂചിപ്പിച്ചു, 'അവിടെ പാർട്ടി തീരുമാനിച്ചില്ല, ഇവിടെ പാർട്ടി തീരുമാനിച്ചു' എന്ന ആ സിമ്പിൾ ലോജിക് പിന്നീടാണ് പുറത്തുവന്നത്. ആദ്യത്തെ ഭാഷ്യം ഞങ്ങൾ അതറിയുകയില്ല എന്നുള്ളതായിരുന്നു. യഥാർത്ഥത്തിൽ അത് ശരിയുമായിരുന്നു. തമിഴ്നാട്ടിൽ ആ മുന്നണിയുടെ കാര്യമായ പ്രചരണം നടത്തിയത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാക്കളായിരുന്നു. അതുമാത്രമല്ല, മുസ്ലീംലീഗ് ഉൾപ്പെടുന്ന ഈ മുന്നണി പഞ്ചായത്തു തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിനെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടത്തിയതാണ്. എന്നിട്ട് അതിനെക്കുറിച്ച് അറിയുകയില്ല എന്നു പറഞ്ഞത് തെറ്റായിരുന്നു. അതുമാത്രമല്ല അവിടെ മുസ്ലീംലീഗിനെ ആ മുന്നണിയിൽനിന്നും ഒഴിവാക്കാൻവേണ്ടി കരുണാനിധിയോട് ശ്രീ. നമ്പൂതിരിപ്പാട് ആവശ്യപ്പെട്ടു എന്നു പറയുന്നുണ്ട്. കരുണാനിധി അതിനുപറഞ്ഞ മറുപടി, ഇവിടെ നേരത്തെ പറഞ്ഞതുപോലെ സ്വന്തം മകനെ രാജ്യത്തിനുവേണ്ടി മുന്നണിയിലേക്കയയ്ക്കാൻ തയ്യാറായ, തമിഴ്നാട്ടിൽ മുഴുവൻ ആദരണീയനായ മർഹും ഇസ്മയിൽ സാഹിബിന്റെ പാർട്ടിയെ ഞങ്ങൾ ഒഴിവാക്കുന്ന പ്രശ്നമില്ല, വേണമെങ്കിൽ ശ്രീ. നമ്പൂതിരിപ്പാടിന് ഈ മുന്നണിയിൽനിന്നും ഒഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പോകാമെന്നുള്ളതാണ്. അത്രത്തോളം ചർച്ചനടന്ന ഒരു കാര്യത്തെക്കുറിച്ച് അറിയുകയില്ല, പാർട്ടി അവിടെ നിർദ്ദേശം കൊടുത്തിട്ടില്ല എന്നൊക്കെ പറയുന്നത് തെറ്റാണ്. ശ്രീ. നമ്പൂതിരിപ്പാടിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, വർഗ്ഗീയതയ്ക്ക് പലവിധത്തിലുള്ള വ്യാഖ്യാനങ്ങളാണ്. എം.ജി.ആറും., എൻ.ടി.ആറും., ബി.ജെ.പി.യും ബർണ്ണാലയുമൊന്നും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വർഗ്ഗീയവാദികളല്ല. ഒരു സുപ്രഭാതത്തിൽ.....

ശ്രീ. എം. എം. ഹസ്സൻ : നാളെ മുസ്ലീംലീഗുമായി കൂടേണ്ടിവന്നാൽ അതിന് ഒരു മുൻകൂർ ജാമ്യമെന്നുള്ള നിലയിൽ മുന്നണികളും സംശുദ്ധവും അവിശുദ്ധവുമായ മുന്നണികളല്ല എന്ന് ശ്രീ. നമ്പൂതിരിപ്പാട് പ്രസംഗിച്ചത് അങ്ങ് വായിച്ചോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അത് വായിച്ചുവെന്നുമാത്രമല്ല, ഈ സംസ്ഥാനത്തല്ലെങ്കിലും നമ്മുടെ അയൽ സംസ്ഥാനത്ത് വർത്തമാന കാലഘട്ടത്തിൽ നടക്കുന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതുമാത്രമല്ല കേരളത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഇതുസംബന്ധിച്ച് ധാരാളം ചർച്ചകളും നടക്കുന്നുണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ ചർച്ചകളും പരസ്യമാകാറില്ല എന്നുള്ളത് ശരിതന്നെ. പക്ഷേ ചിലപ്പോൾ അത് പഴുത്തുവീങ്ങി പുറത്തുവരാറുണ്ടെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് അതൊന്നും സ്ഥായിയായ കാര്യമല്ല എന്ന് മാർക്സിസ്റ്റുപാർട്ടിയുടെ എല്ലാ അംഗങ്ങൾക്കുമറിയാം. ഇപ്പോൾ ശ്രീ. രാജീവ്ഗാന്ധിയുടെ നേർക്കാണ് ! ശ്രീ. രാജീവ്ഗാന്ധി 21-ാം നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിൽ പുറകോട്ടുപോയിരിക്കുകയാണെന്നാണ് പറയുന്നത്. എനിക്ക് ചോദിക്കാനുള്ളത് നിങ്ങൾ എന്താണ് കരുതിയതെന്നാണ്. 21-ാം നൂറ്റാണ്ടിലേക്കുള്ള ഗമനം എല്ലാം ചവുട്ടിമെതിച്ചുള്ള ഒരു യാത്രയായിരിക്കുമെന്നു നിങ്ങൾ തെറ്റിദ്ധരിച്ചോ ? അതൊരു തെറ്റിദ്ധാരണ മാത്രമാണെന്നാണ് എനിക്ക് പറയാനുള്ളത്. പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി ക്ലീൻ ഇമേജുള്ള ഒരാളാണെന്നുമാത്രമല്ല ആവശ്യത്തിന് പക്വതയുമുള്ള ആളാണ്. കാരണം ഞാൻ പാർലമെൻറിന്റെ മുമ്പിലുള്ള നിയമനിർമ്മാണം ഒന്ന് പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. ഒരുപാട് പ്രചരണങ്ങൾ ഈ രാജ്യത്തു നടന്നു. അത്രത്തോളമൊക്കെ ഇതിലുണ്ടോ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ നിലവിലുണ്ടായിരുന്ന സ്ഥിതിക്ക് ഒരു മാറ്റം വേണം. ഇന്ത്യ സ്വതന്ത്രമായതിനുശേഷം, ഇന്ത്യൻ ഭരണഘടന എഴുതിയതിനുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ശ്രീമതി ഇന്ദിരാഗാന്ധിയുമൊക്കെ പ്രധാനമന്ത്രിയായി ധാരാളം കാലം ഇരുന്നതിനുശേഷം ഇവിടത്തെ മൈനോറിറ്റിയെ സംബന്ധിക്കുന്ന ഒരു നിയമത്തിൽ അദ്ദേഹത്തിന്റെ കാലത്ത് ഒരു മാറ്റം സംഭവിച്ചു. ആ മാറ്റം സംഭവിച്ചത് റീറെയിൻ ചെയ്യാനാണ്, മുമ്പുണ്ടായിരുന്ന സ്ഥിതി പുനരാവിഷ്ക്കരിക്കാനാണ് ഇതുചെയ്തത്. സാധാരണ ചെയ്യാറുള്ളതുപോലെ ഏതെങ്കിലും കോടതിയിൽനിന്ന് ഒരു വിധിയുണ്ടായാൽ അതുസംബന്ധിച്ച് നിയമത്തിൽ മാറ്റം വരുത്തും. അങ്ങനെയുള്ള സാധാരണനടപടി മാത്രമാണ് ഇന്ത്യൻ പാർലമെൻറിന്റെ മുമ്പിലുള്ളത്. വ്യക്തിനിയമത്തെ സംബന്ധിച്ച് സുപ്രീംകോടതിയിൽനിന്നുമുണ്ടായ വിധിയെ ആദ്യത്തെനിലയിലാക്കുവാൻവേണ്ടി മാത്രമാണ് ഇപ്പോൾ പാർലമെൻറിന്റെ മുമ്പാകെ ഒരു ബിൽ ഉള്ളത്. ഇവിടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും എന്നു വേണ്ട ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാതാക്കളും ഉദ്ദേശിച്ചത് അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പാർലമെൻറ് ചെയ്യാത്ത ഒരു കാര്യം കോടതിചെയ്താൽ അത് പാർലമെൻറ് നേരെയാക്കുന്നത് സാധാരണമായ ഒരു നടപടിയാണ്. പാർലമെൻറോ അല്ലെങ്കിൽ ജനപ്രതിനിധി സഭകളോ ഉദ്ദേശിക്കാത്ത ഒരു കാര്യം സുപ്രീംകോടതി ചെയ്യാൻ ഇടയായാൽ അതിനുവേണ്ട നടപടികളും പാർലമെൻറോ അല്ലെങ്കിൽ നിയമസഭകളോ എടുക്കുന്നത് സാധാരണയായ നടപടിയാണ്. അതാണ് ഇവിടെ ഉണ്ടായത്. ഇതിന് എതിർപ്പുണ്ടെന്ന് നിങ്ങളും പറയുന്നു. ശരിയാണ്. നിരീശ്വരവാദികളുടെ എതിർപ്പുണ്ട്. മോഡേണിസ്റ്റുകളുടെ എതിർപ്പുണ്ട്. തനി വർഗ്ഗീയവാദികളായ ഏതാനും വർഗ്ഗീയ പത്രങ്ങളുടെ എതിർപ്പുണ്ട്. ഞാനത് നിഷേധിക്കുന്നില്ല. പക്ഷേ ഇന്ത്യയുടെ പ്രധാനമന്ത്രി നോക്കേണ്ടത് അതല്ല. ഇവിടെ എൻെറ സുഹൃത്ത് ശ്രീ. ഹംസ വികാരഭരിതനായി ആരീഫ് ഖാനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം പറയുന്നത് കേന്ദ്ര മന്ത്രിസഭയിലെ സീനിയർ മന്ത്രിയായ Z. A. അൻസാരിക്കും, അതുപോലെതന്നെ രാജ്യസഭയുടെ ചെയർമാനായിരുന്ന നജ്മഹെപ്ദുള്ളയ്ക്കും, അതുപോലെ ഖുറേഷിക്കും, എന്തിനധികം ജനതാപാർട്ടിയുടെ ജനറൽ സെക്രട്ടറി ഷിഹാബുദീനുമൊന്നും അദ്ദേഹത്തിൻെറ ദേശീയ നേതൃത്വത്തിനുവേണ്ടിയുള്ള ആ വികാരം ഉൾക്കൊള്ളാൻ സാധിക്കുകയില്ല എന്നാണോ? അതാണോ മി. ഹംസ ഉദ്ദേശിക്കുന്നത്? അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം അത് പറയേണ്ടതാണ്. ഇപ്പറഞ്ഞ ആളുകൾക്കൊന്നും ആ വികാരം ഉൾക്കൊള്ളാൻ കഴിയുകയില്ലെന്നാണോ അദ്ദേഹം പറയുന്നത്? അത് ശരിയല്ല. അദ്ദേഹം മൗലാനാ അബ്ദുൽകലാം ആസാദിനെക്കുറിച്ച് പറഞ്ഞു. അദ്ദേഹമുണ്ടായിരുന്നുവെങ്കിൽ മറിച്ചുപറയുമായിരുന്നില്ല. കാരണം അദ്ദേഹം ഒരു ഈശ്വരവിശ്വാസിയായ കോൺഗ്രസ്സുകാരനായിരുന്നു. ഈശ്വരവിശ്വാസിയായ ഒരു കോൺഗ്രസുകാരന് മറിച്ചുപറയാനാവില്ല. മുസ്ലീംസമുദായത്തിൻെറയുള്ളിൽ പേരുള്ള എല്ലാ ആളുകളും ഈശ്വരവിശ്വാസികളാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മുസ്ലീം പേരുകളുള്ള ആളുകളുണ്ട്. കോൺഗ്രസിലുമുണ്ടാകാം. ഞാൻ പറഞ്ഞത് ശ്രീ. ബാലകൃഷ്ണൻ ഉൾക്കൊള്ളണം. അതായത് നിരീശ്വരവാദികളും മതബോധമില്ലാത്ത ആളുകളും ഉണ്ടാവാം. അവരെ സംബന്ധിച്ചിടത്തോളം ഈ നിയമം പ്രശ്നമല്ല. ശ്രീ. രാജീവ്ഗാന്ധി നോക്കേണ്ടത് അതല്ല. ശ്രീ. രാജീവ്ഗാന്ധി നോക്കേണ്ടത് തൻെറ പ്രജകളിൽ 99 ശതമാനം എന്തുപറയുന്നു എന്നാണ്. അദ്ദേഹത്തിൻെറ പ്രജകളിൽ 99 ശതമാനം പറയുന്നത് ശരിയത്ത് നിയമം ഞങ്ങൾക്ക് വേണമെന്നാണ്. മതപരമായ അടിസ്ഥാനത്തിൽ ജനങ്ങൾ ജീവിക്കുവാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ്. അത് ശ്രീ. ബാലകൃഷ്ണന് മനസ്സിലാവുകയില്ല. ഒരു കാര്യം ഞാൻ വളരെ വ്യക്തമായി പറയുവാനാഗ്രഹിക്കുകയാണ്. നിങ്ങൾ ഈ നിയമത്തിനെതിരായി ബഹളം കൂട്ടേണ്ടയാതൊരു കാര്യവുമില്ല. ഞാൻ വളരെ അടിസ്ഥാനപരമായി പറയുകയാണ്. എൻെറ കയ്യിൽ പാർലമെൻറിൻെറ മുമ്പാകെയിരിക്കുന്ന ബില്ലിൻെറ കോപ്പിയുണ്ട്. അതിൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യമാണ്. ഇന്ത്യയിൽ ഏക സിവിൽകോഡ് എന്നു വാദിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഈ നിയമം ബാധകമല്ല. ഞാൻ ഒരു വിവരം നിങ്ങളെ അറിയിക്കുകയാണ്. നാളെമുതൽ വേറൊരു കാര്യത്തിനുവേണ്ടി നിങ്ങൾ ബഹളം കൂട്ടേണ്ട കാര്യമില്ല. കാരണം മതപരമായ അടിസ്ഥാനത്തിൽ ഞങ്ങളുടെ വ്യക്തിപരമായ കാര്യങ്ങൾ വേണം. വിവാഹം, മരണം, വിവാഹമോചനം എന്നീ കാര്യങ്ങളൊക്കെ മതപരമായ അടിസ്ഥാനത്തിൽ വേണമെന്നു പറയുന്നവർക്കുമാത്രമേ ഈ ബിൽ ബാധകമാവുകയുള്ളൂ. അല്ലാത്തവർക്ക് ബാധകമാവുകയില്ല. മോഡേണിസ്റ്റുകൾക്ക് ബാധകമാവുകയില്ല. നിരീശ്വരവാദികൾക്കും മതബോധമില്ലാത്ത ആളുകൾക്കും ബാധകമാവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിൽ ഏക സിവിൽകോഡ് വേണമെന്നു പറയുന്ന ആളുകൾ ഒരു കാര്യം ചെയ്താൽ മതി. സ്വന്തം വ്യക്തിജീവിതത്തിൽ അതൊന്ന് പകർത്തിയാൽ മതി. സ്വന്തം വ്യക്ത ജീവിതത്തിൽ അത് പകർത്താനുള്ള അവകാശം ഇപ്പോഴത്തെയുണ്ട്. കാരണം ഈ നിയമത്തിന്റെ

12 Noon ഡെഫനിഷനിൽ പറയുന്നത്, Divorced woman means, a Muslim woman who was married according to Muslim law എന്നാണ്. അതുപോലെതന്നെ മറ്റേതിനെക്കുറിച്ചും പറയുന്നത് Divorced or obtained divorce from her husband according to Muslim law എന്നാണ്. ഏക സിവിൽക്കോഡ് വേണമെന്ന് പറയുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഇവിടെ സ്പെഷ്യൽ മാര്യേജ് ആക്ടുണ്ട്. അതനുസരിച്ച് വിവാഹിതരായാൽ മതി. ഈയൊരു ഫണ്ടമെന്റലായ കാര്യം മനസ്സിലാക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. ലോകസഭയിൽ ശ്രീ. മൂപേശ്ഗുപ്ത പറഞ്ഞു അദ്ദേഹത്തിന്റെ ഭാര്യ മുസ്ലീമാണെന്ന് അതുകൊണ്ട് എന്റെ ഭാര്യയോട് ചോദിക്കണമെന്നു പറഞ്ഞത് പരമ അബദ്ധമാണ്. കാരണം മുസ്ലീം പേരുള്ള ഒരു സ്ത്രീയാണെങ്കിലും ശരി അവരെ കല്യാണം കഴിച്ചിരിക്കുന്നത് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമാണ്. അതുകൊണ്ട് അദ്ദേഹത്തിന് ഈ നിയമം ബാധകമല്ല. സ്പെഷ്യൽ മാര്യേജ് ആക്ട് നിലനിൽക്കുന്നിടത്തോളംകാലം നിരീശ്വരവാദികൾക്കും അതുപോലെതന്നെ മതബോധമില്ലാത്ത ആളുകൾക്കും ഒക്കെ ഇവിടെ എല്ലാ സ്വാതന്ത്ര്യവും ഉണ്ട്. നിയമം അവർക്ക് ബാധകമാവില്ല. മതബോധത്തോടുകൂടി ജീവിക്കണമെന്നാഗ്രഹിക്കുന്നവരെ സംബന്ധിച്ച് മാത്രമാണിത്. അതുകൊണ്ട് ഈ നിരർത്ഥകമായ വാദഗതികൾ ഇൻഡ്യയിലെ ന്യൂനപക്ഷത്തിന്റെ വികാരം, ന്യൂനപക്ഷത്തിന്റെ അഭിപ്രായം ജനാധിപത്യപരമായ രീതിയിൽ ഇൻഡ്യൻ പ്രധാനമന്ത്രി ഉൾക്കൊള്ളുന്നുവെങ്കിൽ അതിന് നിങ്ങൾ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ് വേണ്ടതെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇവിടെ ഇന്നലെ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്റെ സുഹൃത്ത് ശ്രീ. ഹസ്സൻ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. നേരെമറിച്ച് ദേശീയത, അഖണ്ഡത ഇങ്ങനെ രാഷ്ട്രീയത്തിലേക്കു കടന്ന് ഉജ്ജ്വലമായ ഒരു പ്രസംഗമാണ് അദ്ദേഹം ഇന്നലെ നടത്തിയത്. ഇന്ന്, കോൺഗ്രസ് ഐ-യെ പ്രതിനിധീകരിച്ചുകൊണ്ട് മന്ത്രിയാകാൻ പോകുന്ന ശ്രീ. രാമചന്ദ്രൻ മാസ്റ്റർ പ്രസംഗിച്ചപ്പോഴും, ദേശീയ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. അതു പറയാതിരുന്നതിന്റെ കാരണം ഇന്നു രാവിലെ ഇവിടെ നടന്ന ചർച്ചകളിൽനിന്ന് എല്ലാവർക്കും ബോദ്ധ്യപ്പെട്ടു. കോൺഗ്രസ്സുകാർക്കും അതിന്റെ ആപത്ത് ഏറെക്കുറെ മനസ്സിലായിക്കഴിഞ്ഞിരിക്കുകയാണ് എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്ത് വിദേശീയരായ രണ്ട് ചാരൻമാർ വന്ന് ചാരപ്രവർത്തനം നടത്തി. ആ ചാരൻമാർക്ക് ആവശ്യമായ സംരക്ഷണം ആഭ്യന്തരമന്ത്രി കൊടുത്തു എന്നതിൽ രാമചന്ദ്രൻ മാസ്റ്റർക്ക് സന്തോഷം കാണും. ഞങ്ങളെ സംബന്ധിച്ചിടത്തോളം കരുണാകരനും ആഭ്യന്തരമന്ത്രിയുമെല്ലാം ഈ ചാരപ്രവൃത്തിയുമായി ഇപ്പോഴും ബന്ധപ്പെട്ടിരിക്കുകയാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ അപകടകരമായിട്ടുള്ള, ഗുരുതരമായ ജാതീയതയുടേയും വർഗ്ഗീയതയുടേയും രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളുടെയുമെല്ലാം കേന്ദ്രമായി കേരളം മാറിയിരിക്കുകയാണ്. ജയിലിൽനിന്നു തടവുചാടിയ ലോക കള്ളക്കടത്തുകാരൻ ചാൾസ് ശോഭരാജ് കേരളത്തിൽ ഏതെങ്കിലും മന്ത്രി മന്ദിര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ അന്തിയുറങ്ങുന്നുണ്ടാവുമെന്നാണ് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത്. നമ്മുടെ കേരളത്തിന്റെ ഏറ്റവും ദയനീയമായ ചിത്രമായി ഞാൻ അതിനെ കാണുകയാണ്. ഇവിടെ മുസ്ലീം ലീഗിന്റെ രണ്ടു പ്രതിനിധികളും—ഇന്നലെ ശ്രീ. മുഹമ്മദ് ബഷീറും ഇന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് കുഞ്ഞാലിക്കുട്ടിയും ഇവിടെ പ്രസംഗിച്ചു. ഒരക്ഷരം ഈ ഗവൺമെന്റിനെപ്പറ്റി പറഞ്ഞോ ? ഗവൺമെന്റിന്റെ നേട്ടങ്ങളെപ്പറ്റി പറഞ്ഞോ ? ശരിയത്തിനെക്കുറിച്ചല്ലാതെ മറ്റു കാര്യങ്ങളെപ്പറ്റി ഒരക്ഷരം അദ്ദേഹത്തിന് പറയാനില്ല. അത്ര ചീഞ്ഞുനാറിയ ഒരു ഗവൺമെന്റാണ്. ചില ആളുകളും പറയും ഞങ്ങളും പ്രതിപക്ഷക്കാർ ഈ ഗവൺമെന്റിനു എതിരായി ആഞ്ഞടിക്കുന്നില്ലെന്ന്. ഞങ്ങളും എന്താണ് ആഞ്ഞടിക്കേണ്ടത് ? കൂടുതൽ പറഞ്ഞാൽ വായ് നാറും വരും. ആ അവസ്ഥയിലാണ് ഈ ഗവൺമെന്റ്. ധൂർത്ത്, സ്വജനപക്ഷപാതം, അഴിമതി, കൃത്രിമത്വം ഇവ ഇല്ലാത്ത ഏതെങ്കിലും ആളുകളും അപ്പുറത്തുണ്ടോ ? മുഖ്യമന്ത്രിതൊട്ട് അഴിമതിക്കാരല്ലാത്ത ഏതെങ്കിലുമൊരു മന്ത്രി കേരള മന്ത്രിസഭയിലുണ്ടോ ? എല്ലാ മന്ത്രിമാരും, പുറത്തുപോയ മന്ത്രിമാർ ഉൾപ്പെടെ കരുണാകരനടക്കം ആലിബാബയും 40 കള്ളൻമാരുമെന്നുപറഞ്ഞതുപോലെ, കാട്ടുകള്ളൻമാർ നമ്മുടെ കൊച്ചുകേരളത്തെ കട്ടുമുടിച്ചു. അതിന്റെ ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഞാൻ ചോദിക്കുന്നു, ഇവിടെ ചിലയാളുകളും അഴിമതിക്കെതിരായി ധാർമ്മികരോക്ഷം കൊള്ളുന്നു, ഇവിടെ ശ്രീ. ഗംഗാധരൻ രാജിവയ്ക്കണമെന്ന് കാർത്തികേയനും ചെന്നിത്തലയും മറ്റുമുള്ള ആളുകളും പ്രസ്താവനകളിറക്കിയത് ആത്മാർത്ഥതയോടുകൂടിയാണോ ? ശ്രീ. ഹംസ കുറച്ചു കാര്യങ്ങളും ഇവിടെ പറഞ്ഞു. എന്താണ് പറഞ്ഞത് ? കാർത്തികേയൻ കാർ തിരിച്ചുകൊടുക്കണമെന്നാണ് പറഞ്ഞത്. കാർ തിരിച്ച് കൊടുത്തിട്ടില്ല. ശ്രീ. ഗംഗാധരന് സ്വന്തമായി പണം കൊടുക്കാൻ കഴിയില്ല. ഇവിടെ പൈപ്പ് വാങ്ങിയ വകയിൽ 10 കോടിയിൽപ്പരം രൂപയുടെ കമ്മീഷൻ ഗംഗാധരനും കൂട്ടാളികളും വാങ്ങി. ആ 10 കോടിയിൽ കുറെ പണം കൊടുത്താണ് യൂത്ത് കോൺഗ്രസ്സുകാർക്ക് കാർ വാങ്ങികൊടുത്തത്. ആ കാറിലാണ് മിസ്റ്റർ ചെന്നിത്തലയും കാർത്തികേയനും സഞ്ചരിക്കുന്നത്. എന്തുകൊണ്ടാണ് ഇപ്പോൾ പുറത്താക്കണമെന്ന് പറയുന്നത് ? വയസ്സു തിരുത്തിയതു മാത്രമല്ല ഈ പൈപ്പ് കുംഭകോണമുൾപ്പെടെ ഗംഗാധരൻ നടത്തിയിട്ടുള്ള അഴിമതികളും കാരണം ഒരു നിമിഷം ഈ കരുണാകരൻ മന്ത്രിസഭയിൽ വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്ന ഒരവസ്ഥയിൽ മിസ്റ്റർ ഗംഗാധരൻ എത്തിയിരിക്കുന്നു എന്നു മുഖ്യമന്ത്രിക്ക് തോന്നിയപ്പോഴാണ് പ്രസ്താവന ഇറക്കിച്ചത്. മിസ്റ്റർ കാർത്തികേയന്റെ സഹോദരീ റാങ്ക് ലിസ്റ്റിൽ വന്നിരിക്കുന്നു. പന്തളം സുധാകരന്റെ സഹോദരി റാങ്ക് ലിസ്റ്റിൽ വന്നിരിക്കു. അപ്പോൾ ഇവർക്ക് കാർത്തികേയനും സുധാകരനും ചെന്നിത്തലയ്ക്കുമെല്ലാം ഈ ഗംഗാധരനോട് വിരോധം ഉണ്ടായിട്ടല്ല. കരുണാകരൻ പറഞ്ഞു, ഇപ്പോൾ ഒന്നുപോകണം, അല്ലെങ്കിൽ നമുക്ക് അപകടമാണ് എന്ന്. സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ എത്തിയ ഒരു മന്ത്രി അങ്ങനെ കൃത്രിമം കാണിക്കാൻ പാടില്ല. ഒരു നിമിഷം തുടരുന്നത് ശരിയല്ല എന്നു തോന്നിയപ്പോൾ ഇവരെക്കൊണ്ട് പ്രസ്താവനകളിറക്കിച്ചു. ഈ വിവരവും റാങ്ക് ലിസ്റ്റിന്റെ വിവരവും കേരള കൗമുദിയിൽ വന്നിട്ടുണ്ട്. ഇവിടെയിരിക്കുന്ന പന്തളം സുധാകരനോടും കാർത്തികേയനോടും ഞാൻ ചോദിക്കുന്നു, ഇവിടെ നേരത്തെ രാമചന്ദ്രൻ മാസ്റ്റർ, 'പരിശുദ്ധനായ മുഖ്യമന്ത്രി'യെന്നു വിശേഷിപ്പിച്ചു. കഴിഞ്ഞ പ്രാവശ്യം അദ്ദേഹം വിശേഷിപ്പിച്ചത് മിസ്റ്റർ ഗംഗാധരനെയാണ്. ആ ഗംഗാധരനും ഒപ്പം അഴിമതിയിൽ പങ്കുള്ള ആളാണ്. ഗംഗാധരനെപ്പോലെ സുന്ദരനായ, കഴിവുറ്റ ഒരു ഭരണാധികാരി കേരളത്തിൽ ഇല്ലെന്ന് കഴിഞ്ഞ നിയമസഭയിൽ പ്രസംഗിച്ച ആളാണ് രാമചന്ദ്രൻ. ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഇപ്പോഴും ഗംഗാധരൻ ഇല്ല. കേരളത്തിലെ മുഖ്യമന്ത്രി വാർത്താ മാദ്ധ്യമങ്ങളിൽ ജീവിക്കുന്ന മുഖ്യമന്ത്രിയല്ലെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. കരുണാകരനെപ്പോലെ അഴിമതി നടത്തിയ ആരെങ്കിലും ഈ കേരളത്തിലുണ്ടോ ? കേരളത്തിലെ മുഖ്യമന്ത്രിമാർ അഴിമതി അധികം നടത്തിയിട്ടില്ല. ഈ കരുണാകരൻ ഏറ്റവും വലിയ അഴിമതി നടത്തിയിട്ടുള്ളത് ഈ നിയമസഭയിൽ അക്കമിട്ട് ഞങ്ങൾ നിരത്തിവച്ചിട്ടുണ്ട്. ഇപ്പോൾ അത് അവസാനിക്കുന്നുണ്ടോ ? അവസാനമായി ആൻറണിയുടെ മന്ത്രിസഭാ ചരിത്രം വരെയെത്തി. ഇന്ന് കേരളത്തിൽ, കരുണാകരൻ, ആൻറണി എന്നിവ കൊച്ചുകുട്ടികളുടെ കൊട്ടിപ്പാട്ടുകളിലെത്തി ? ഈ ഒരവസ്ഥയിൽ മഹാനാണെന്ന് കൊട്ടിഘോഷിച്ചതുകൊണ്ടായില്ല. മുഖ്യമന്ത്രി ഈ നിയമസഭയിൽ ഇരിക്കാൻ സാദ്ധ്യമല്ലെന്ന പ്രഖ്യാപനമായിട്ടാണ് ഞാൻ രാമചന്ദ്രൻ മിസ്റ്ററുടെ പ്രഖ്യാപനത്തെ കാണുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രശ്നം പരിഹരിക്കാമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടോ ? ഈ ഗവൺമെൻറ് ഫിസിക്കലായി, മെന്റലിനിക്കലായി അന്ത്യശ്വാസം വലിച്ച് മരിച്ചുകഴിഞ്ഞ ഗവൺമെൻറാണെന്നു മുഖ്യമന്ത്രി പറഞ്ഞുവെന്ന് പത്രക്കാർ എഴുതിയതാണ്. ആ ഗവൺമെൻറിൻറെ ശവസംസ്കാര കർമ്മത്തിൻറെ ഡേറ്റ് നിശ്ചയിക്കാൻ ഡൽഹിക്ക് പറന്ന ആളാണ് മുഖ്യമന്ത്രി. എത്ര പ്രാവശ്യം അങ്ങോട്ടു പ്രാവശ്യം അവിടെ പോയി തിരിച്ചുവന്നു. യാതൊരു ഗത്യന്തരവുമില്ലാതെ ശവസംസ്കാരം താൽക്കാലത്തേക്ക് മാറ്റിവച്ചു അതു കേരളത്തിലെ ഏതെങ്കിലും ജനവിഭാഗത്തിൻറെ താൽപ്പര്യസംരക്ഷണത്തിനുവേണ്ടിയാണോ ? ഇവിടെ ഏതെങ്കിലും പ്രത്യേക പ്രശ്നപരിഹാരം കാണാനുണ്ടായിട്ടാണോ ? അല്ല. ഇവിടെ കേരള കോൺഗ്രസ്സിനെ വച്ചുകൊണ്ട് നിയമസഭ കൂടുകയില്ലെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ വാക്ക് ഞാൻ ഉദ്ധരിക്കാം. "ഞാൻ ആണെങ്കിൽ മിസ്റ്റർ സുധീരനെ ഈ നിയമസഭാ സ്പീക്കറായി വച്ചുകൊണ്ട്, ധനകാര്യമന്ത്രി മാണിയെ ധനകാര്യ മന്ത്രിയായി വച്ചുകൊണ്ട്, ഈ ആഭ്യന്തരമന്ത്രി വയലാർ രവിയെ ആഭ്യന്തര മന്ത്രിയായി വച്ചുകൊണ്ട് കേരള നിയമസഭ ഇനിമേൽ കൂടുകില്ല" ഈ നിയമസഭ കൂടുകില്ലെന്നു പറഞ്ഞ ആളാണ് മിസ്റ്റർ കരുണാകരൻ. ശ്രീമാൻ മാണിയോട് എനിക്ക് ബഹുമാനമുണ്ട്. അതു താൽക്കാലികമാണ്, സഹതാപവുമുണ്ട് കാരണം, ആ പാർട്ടിയുടെ അവസ്ഥയെപ്പറ്റി നമുക്കറിയാം. ഇന്നലെ നടന്ന ചർച്ചയിൽ, ഗവർണ്ണറുടെ പ്രസംഗത്തിൽ കേന്ദ്ര വിരുദ്ധസമരം ഉപ്പുകൊണ്ട് കേരളത്തിൻറെ അവകാശങ്ങളെ നിഷേധിച്ചാൽ ഒരക്ഷരം ഞങ്ങളാരും പറയുകയില്ലാത്ത മട്ടിൽ എഴുതിവച്ച സ്ഥിതിയെപ്പറ്റി എനിക്കു സഹതാപമുണ്ട്. ഞാൻ ഒരു കാര്യം പറയാം. കരുണാകരൻറെ പ്രശ്നം വന്നപ്പോൾ മിസ്റ്റർ മാണി പറഞ്ഞത് എന്താണെന്നോ ? "ഞാൻ ആണെങ്കിൽ, ഞാൻ ധനകാര്യമന്ത്രിയാണെങ്കിൽ ഈ നിയമസഭ കൂടും, ഈ നിയമസഭയിൽ ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കും" എന്നാണ്. എനിക്ക് സംശയം ആണ് ആണ് എന്നാണ്. അതു മെഡിക്കൽ കോളേജിൽ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

ശ്രീ. എം. എം. ഹസ്സൻ : മെഡിക്കൽ പരിശോധനയുടെ ആവശ്യമുണ്ടോ ?

ശ്രീ. വി. കെ. രാജൻ : സംശയമുള്ളതുകൊണ്ടാണ് പറഞ്ഞത്. രണ്ടെണ്ണം ആണാണ് എന്നാണ് പറഞ്ഞത്.

നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ സ്ഥിതിയെന്താണ് ? ഇവിടെ ക്രമസമാധാനം ഭദ്രമാണോ ? വളരെ അപകടം നിറഞ്ഞതായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ യൂത്ത് കോൺഗ്രസ്സുകാരുടെ സ്ഥിതിയെന്താണ്? മി. ബാലകൃഷ്ണപിള്ള ഒരു പ്രസംഗം നടത്തിയതിന്റെ പേരിലാണ് രാജിവയ്ക്കാനാവശ്യപ്പെട്ടത്. ക്രമസമാധാനനില വളരെ ഭദ്രമാണെന്നാണ് പറയുന്നത്. സംസ്ഥാനത്ത് എല്ലാ കാര്യങ്ങളും വളരെ ഭംഗിയായി നടക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും ഇവിടെ ചാരപ്രവർത്തനം നടക്കുന്നു. പോർട്ട് രജിസ്ട്രേഷൻ ഓഫീസർക്കെതിരായി നടപടി സ്വീകരിക്കാൻ തീരുമാനിച്ചതായി ബഹുമാനപ്പെട്ട മന്ത്രി രാവിലെ ഇവിടെ പറഞ്ഞു. അത് അക്കാര്യത്തിനല്ല, വേറെ കാര്യത്തിനാണ്. അദ്ദേഹത്തിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഞാൻ പറഞ്ഞുവരുന്നത് ശ്രീമാൻ ബാലകൃഷ്ണപിള്ളയെ മന്ത്രിസ്ഥാനത്തുനിന്ന് പുറത്താക്കണമെന്ന് നിങ്ങൾ അവശ്യപ്പെട്ടതിനെപ്പറ്റിയാണ്. അത് എന്തിന്റെ പേരിലാണ് നിങ്ങൾക്ക് അങ്ങനെ ആവശ്യപ്പെടാൻ അർഹതയുണ്ടോ? കേരള സംസ്ഥാനത്തിന്റെ ആഭ്യന്തര കാര്യമന്ത്രി ഒരു പിടിപ്പുകെട്ട മന്ത്രിയാണെന്ന് അസന്ദിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു. അദ്ദേഹം ഒരു പിടിപ്പുകെട്ട മന്ത്രിയാണ്. ലോക്കപ്പിലേക്ക് നടന്നുപോകുന്നവൻ കിടന്നാണ് പുറത്തേക്ക് പോകുന്നത്. കൊല്ലുകയാണ് ലോക്കപ്പ് മർദ്ദനങ്ങൾ നടക്കുന്നു, തൊഴിലാളി മർദ്ദനങ്ങൾ അഴിച്ചുവിടുന്നു, തൊഴിൽ സമരങ്ങൾ അടിച്ചമർത്തുന്നു ഇതാണ് സ്ഥിതി. രാജ്യദ്രോഹകുറ്റത്തിന് അദ്ദേഹത്തെ പ്രതിയാക്കേണ്ടതാണ്. കുഞ്ഞാലിക്കുട്ടി പറഞ്ഞ വസ്തുതകൾ ശരിയാണെങ്കിൽ (സ്വാഭാവികമായും അവർ പാവങ്ങളാണ്. അറിയാതെ പെട്ടുപോയ കാര്യങ്ങളാണ്) ഒരു ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ, മുഖ്യമന്ത്രിയെന്ന നിലയിൽ ഈ കാര്യത്തെപ്പറ്റി അറിഞ്ഞിരിക്കേണ്ടതും ഉദ്യോഗസ്ഥൻമാരോട് അത് പറയേണ്ടതുമാണ്. അത് പറഞ്ഞ് നടപടികൾ സ്വീകരിപ്പിക്കാൻ കഴിയാത്തവരാണ് ഇവർ. ലീഗ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി കാർ കൊടുത്തയച്ചിട്ടാണ് പോയത്. കാറുകൊടുത്തയച്ചിട്ടാണ് കുഞ്ഞലിക്കുട്ടി പോയത്. ആ സ്റ്റേറ്റ് കാർ ഈ രാജ്യദ്രോഹികൾക്ക് എന്തിനാണ് കൊടുത്തത്? ശ്രീമാൻ അഹമ്മദിന്റേയും ശ്രീമാൻ ബീരാന്റേയും സ്റ്റേറ്റ് കാർ ഇവർക്ക് അകമ്പടി സേവിക്കാൻ എന്തിനു കൊണ്ടുപോയി? അങ്ങനെയുള്ള രാജ്യദ്രോഹികളെ ഇപ്പോൾ കയ്യോടെ പിടിച്ചു. അത് നമുക്കറിയാം. അവിടെ നിങ്ങളെ സഹായിക്കാൻ ആരും ഉണ്ടായിരുന്നില്ല. പ്രസംഗിച്ചപ്പോൾ ഞങ്ങളുടെ അഭിപ്രായപ്രകടനങ്ങളെ തടസ്സപ്പെടുത്താൻ ലീഗുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ കണ്ടു സ്വൽപ്പം അത്യാവശ്യം ബോധമുള്ള ആളുകളൊക്കെ അവിടെയുണ്ടല്ലോ? രാജ്യസ്നേഹമുള്ള ആളുകളും കണ്ടേയ്ക്കാം. ശ്രീമാൻ കരുണാകരനെപ്പോലെ കോൺഗ്രസ്സിനെ വിൽക്കുന്ന, പണയപ്പെടുത്തുന്ന ആൾക്കാർ കാണുകയില്ല. അത് ഞാൻ അംഗീകരിക്കുന്നു. ആത്മാർത്ഥതയോടും സത്യസന്ധതയോടുംകൂടിയാണ് നിങ്ങൾ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതെങ്കിൽ ഞാൻ യൂത്ത് കോൺഗ്രസ്സുകാരോട് ചോദിക്കട്ടെ, ഈ നാലു മന്ത്രിമാരേയും (ശ്രീമാൻ കെ. കരുണാകരനെയും ശ്രീമാൻ വയലാർ രവിയെയും ശ്രീമാൻ അഹമ്മദിനെയും ശ്രീമാൻ ബീരാനെയും), രാജിവയ്ക്കാൻ നിങ്ങൾക്ക് ആവശ്യപ്പെടാമോ? സത്യസന്ധമാണെങ്കിൽ നിങ്ങൾ ആവശ്യപ്പെടണം. അല്ലാതെ സാധാരണ ഗതിയിൽ ഒരുപിടി കാര്യങ്ങൾ പറഞ്ഞ് ആളുകളെ പറഞ്ഞുകുന്ന കോൺഗ്രസ്സിന്റെ പണിയുണ്ടല്ലോ അതിൽനിന്ന് നിങ്ങൾ പിൻവാങ്ങണം. ഇത്തരത്തിലുള്ള നിങ്ങളുടെ പ്രസ്താവനകൾ അവസാനിപ്പിക്കണം. അത് ചെയ്തില്ലെങ്കിൽ രാജ്യത്തിനാപത്താണെന്ന് പറയുവാൻ ഞാനീയവസരം വിനിയോഗിക്കുന്നു.

അതുപോലെതന്നെ നമ്മുടെ രാജ്യത്തെ റിപ്പർ ഉണ്ടല്ലോ? വായ്യും കണ്ണുമൊക്കെ മൂടിക്കെട്ടിയ റിപ്പർ. ഇത്രയേറെ എല്ലാമെല്ലാം തകർന്നുതരിപ്പണ

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു ഘട്ടത്തിൽ, ഒരു സുപ്രഭാതത്തിൽ തിരുവനന്തപുരത്ത് സമ്മേളിച്ചുകൊണ്ട് നമ്മുടെ മന്ത്രിമാർ ഒരു പ്രഖ്യാപനം നടത്തി. ഏകോപന സമിതിയുടെ പേരിൽ ഒരു പ്രഖ്യാപനം നടത്തി. അങ്ങനെ ഒന്ന് ഇല്ല. എങ്കിലും അതിന്റെ പേരിൽ ഒരു പത്രസമ്മേളനം നടത്തി. മനോരമ പത്രത്തിൽ ഫോട്ടോ കൊടുത്തിട്ടുണ്ട്. ശ്രീമാൻ കരുണാകരൻ ചിരിക്കുന്നു, ശ്രീമാൻ വയലാർ രവി ചിരിക്കുന്നു. ശ്രീമാൻ ശിവദാസൻ ചിരിക്കുന്നു, ശ്രീമതി കമലം ചിരിക്കുന്നു, ചിരിക്കാത്തവരായിട്ട് ആരുമില്ല സർ, അതിൽ എല്ലാവരും പുഞ്ചിരിയോടുകൂടിയിരിക്കുന്നു. എന്താണ് സർ ? നിങ്ങൾ ഇനി എന്തുചെയ്യുമെന്ന ഒരു ചോദ്യം കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഉയർത്തപ്പെട്ട ചോദ്യമാണ്. മനോരമ പത്രത്തിൽ വന്നതാണ് കഴിഞ്ഞ 9-ാം തീയതി വന്നതാണ്. എല്ലാവരും കാണുകയുണ്ടായി. റിപ്പർ ഉടുപ്പിടെ പത്രക്കാരുടെ മുമ്പിൽ മുഖംമൂടി ധരിക്കുന്ന കാട്ടുകള്ളൻമാർ എന്നു മുദ്രകുത്തി കേരളത്തിലെ മന്ത്രിമാരും അവരെ നയിക്കുന്ന ഏകോപനസമിതിയും ഈ രാജ്യത്തെ ജനങ്ങളെ പരിഹാസ്യരാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ദയനീയമായ ഒരവസ്ഥ ഈ ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുന്നുവെന്ന്. ഈ ഗവൺമെന്റിന് ഒരു നിമിഷംപോലും തുടരാൻ അവകാശമില്ല.

കാർഷികവിളകളും തകർന്നു, കർഷകരെ പാപ്പരാക്കി, ക്രമസമാധാനനില തകർത്തു. സാമ്പത്തിക സ്ഥിതിയെപ്പറ്റി ശ്രീമാൻ മാണി ഇവിടെ രാവിലെ വളരെ അഭിമാനത്തോടുകൂടി പറയുന്നത് കേട്ടു. ഓവർ ഡ്രാഫ്റ്റ് ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഓവർ ഡ്രാഫ്റ്റ് ഇല്ല, എല്ലാം ക്ലീൻ എന്നാണ് പറഞ്ഞത്. ഞാൻ മിസ്റ്റർ മാണിയോട് ചോദിക്കുന്നു, അഗതികൾക്ക് പെൻഷൻ കൊടുത്തിട്ടെത്ര കാലമായി ? അതു മാത്രമോ ? കർഷകർക്ക് പെൻഷൻ കൊടുത്തിട്ടെത്ര കാലമായി ? കോടിക്കണക്കിനു രൂപ, ഹസ്സൻ പ്രസിഡന്റായിട്ടുള്ള കോൺട്രാക്ടേഴ്സ് അസോസിയേഷനിലെ മെമ്പർമാർക്ക് കൊടുത്തുതീർക്കാനുണ്ട്. 60 കോടി രൂപ വിവിധ ഇനങ്ങളിലായി കൊടുക്കാൻ ബാക്കി നിൽക്കെ ഓവർ ഡ്രാഫ്റ്റ് എടുക്കാതെ നല്ല രേണം നടത്തുന്നുവെന്ന അവകാശവാദവുമായി ഇവിടെ വന്നിരിക്കുകയാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും, കയർ വ്യവസായവും കശുവണ്ടി വ്യവസായവുമുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളെല്ലാം മുച്ചൂടും മുടിച്ചിരിക്കുകയാണ്. നമ്മുടെ നാടിന്റെ എല്ല സദാചാരമൂല്യങ്ങളേയും തകർത്തുതരിപ്പണമാക്കി പേക്കൂത്തുകൾ നടത്തുന്ന ഒരു ഭരണത്തിനുവേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. വി. വി. ജോസഫ് : സർ, ഈ നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഇടി വെട്ടി മഴപെയ്യുമെന്നു കരുതി ഈ സഭയിലേക്ക് കടന്നു വന്നവരാണ് ഞങ്ങൾ. പക്ഷേ ഒരു കൊള്ളിയാൻപോലും മിന്നിയത് കണ്ടില്ല. പ്രതികരണശേഷി നഷ്ടപ്പെട്ട പ്രതിപക്ഷത്തിന്റെ ഒരു മുഖമുദ്രയോണ്. കണ്ടത്. .....(ബഹളം).....ഇവിടെ അപ്പുറത്തു നിന്നും പ്രസംഗിച്ചപ്പോൾ കേരളാ കോൺഗ്രസ്സ് ഒരു പാർട്ടിയേയല്ല, അതിൽ സഹതപിക്കുന്നുവെന്ന് പറയുകയുണ്ടായി. ഇത് നൊയമ്പുകാലമാണ്. യേശുക്രിസ്തു കുരിശും ചുമന്ന് ഗാഗുൽത്താ മലയിലേക്ക് പോയപ്പോൾ കുറെ സ്ത്രീകൾ ആശ്വസിപ്പിക്കാൻ ചെന്നു. അവരോട് യേശുക്രിസ്തു പറഞ്ഞു' ജറുസലേം പുത്രിമാരേ, നിങ്ങൾ എന്നെയോർത്ത് കരയണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത് കരയുവിൻ' എന്ന്. എനിക്ക് കേരളാകോൺഗ്രസിന്റെ പ്രതിനിധിയെന്ന നിലയിൽ പ്രതിപക്ഷസുഹൃത്തുക്ക

LIBRARY ARCHIVES Kerala Legislative Assembly

ളോട് അക്കാര്യമാണ് ഓർമ്മിപ്പിക്കാനുള്ളത്. നിങ്ങളെയും നിങ്ങളുടെ മുന്നണിയെയും ഓർത്ത് കരയുവിൻ എന്നാണ് എനിക്ക് പ്രതിപക്ഷക്കാരോട് പറയുവാനുള്ളത്. കരചരണാദികം ഛേദിക്കപ്പെട്ട് ചുടുകാട്ടിൽ എറിയപ്പെട്ട വാസവദത്തയുടെ നിലയിലല്ല ഇന്നത്തെ പ്രതിപക്ഷകക്ഷികളുടെ സ്ഥിതിയെന്നാണ് എന്റെ ചോദ്യം. മാർക്സിസ്റ്റു പാർട്ടി ഉൾപ്പോരു മൂലം ഇന്ന് വീർപ്പുമുട്ടുകയാണ്. തലമുടിക്കുപ്പുറമേ തലച്ചോറുപോലും നരച്ചവരുടെ ജൽപ്പനങ്ങൾ കേട്ട്, ആ പാർട്ടിയും അവരോട് ചേർന്നുനിൽക്കുന്ന ഘടകകക്ഷികളും ഇന്ന് പുകഞ്ഞുകൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിക്കുവേണ്ടി, പ്രതിപക്ഷ പാർട്ടിക്കുവേണ്ടി സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേറ്റു പ്രവർത്തിച്ചിരുന്ന സഖാവ് എം. വി. രാഘവനേറയും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേറയും ചുടുകണ്ണുനീർ ഈ സഭാതലത്തിൽ വീണെങ്കിൽ ആ കണ്ണുനീരിന്റെ ഒഴുക്കിൽപ്പെട്ട് നിങ്ങളുടെ കോട്ടകൊത്തളങ്ങൾ ഒഴുകിപ്പോകുമെന്ന മുന്നറിയിപ്പു നൽകാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്.

ഇവിടെ അന്ത്യകൂദാശയെപ്പറ്റി പറഞ്ഞു ഈ ഭരണത്തിന്റെ അന്ത്യ കൂദാശ നടക്കാൻ പോകുന്നുവെന്ന് ഇവിടെ പറഞ്ഞു. അന്ത്യ കൂദാശ നടക്കുമെന്ന മോഹനപ്രതീക്ഷയുമായിട്ടാണ് ഇവരെല്ലാം ഇവിടെ വന്നുനിൽക്കുന്നത്.

കട്ടിലിൽ കിടക്കുന്ന കാരണവൻ ഒന്നു മരിച്ചുകിട്ടിയെങ്കിൽ ആ കട്ടിലിൽ കയറിക്കിടക്കാമെന്ന് വ്യാമോഹിച്ച് കാരണവർ മരിക്കാൻ കാത്തുനിൽക്കുന്ന മകനേപ്പോലെയാണു നമ്മുടെ പ്രതിപക്ഷ സുഹൃത്തുക്കളെന്നാണ് എന്റെ അഭിപ്രായം. ആടിന്റെ പുറകേ പോകുന്ന കുറുക്കന്റെ സ്ഥിതിയായിരിക്കും പ്രതിപക്ഷപാർട്ടിക്കുണ്ടാകാൻ പോകുന്നതെന്നു മാത്രമേ എനിക്കു ഈയവസരത്തിൽ പറയുവാനുള്ളു. ഇവിടെ പ്രതിപക്ഷ സുഹൃത്തുക്കളും ഗവർണ്ണരുടെ പ്രസംഗത്തിലുള്ള എന്തെങ്കിലും കാര്യങ്ങൾ വായിച്ചിട്ടുണ്ടോ എന്നെനിക്ക് സംശയമാണ്. കാരണം അവർ അതേപ്പറ്റി ഒന്നും തന്നെ പറഞ്ഞില്ല. പ്രസംഗത്തിനു ശേഷം ഇവിടെ കേരള കോൺഗ്രസിന്റെ നിലപാടിനെപ്പറ്റി പല കേന്ദ്രങ്ങളിൽനിന്നും പല അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. കേന്ദ്ര വിരുദ്ധ പാർട്ടിയല്ല കേരള കോൺഗ്രസ്സ്. കേന്ദ്ര വിരുദ്ധ നിലപാടിൽ കേരള കോൺഗ്രസ് പാർട്ടി വിശ്വസിക്കുന്നില്ല. കേരളത്തിലെ ജനങ്ങളുടെ ന്യായമായ അവകാശങ്ങൾക്ക് വേണ്ടി പടപൊരുതാനും ഏതെല്ലാം ഘട്ടത്തിൽ എവിടെ നിന്നെല്ലാം അവഗണനയുണ്ടായാലും അതിനെതിരായി ചങ്കൂറ്റത്തോടുകൂടി സംസാരിക്കാനും ശബ്ദമുയർത്താനും ഈ പാർട്ടി എപ്പോഴും പ്രതിജ്ഞാബദ്ധമാണ്. ഇത് കേന്ദ്ര വിരുദ്ധ സ്വരമായി മുദ്രകുത്തിയാൽ അത് അംഗീകരിക്കുവാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങളുടെ പാർട്ടിയുടെ തീരുമാനം വായിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. "പ്രതിപക്ഷത്താണെങ്കിലും ഭരണപക്ഷത്താണെങ്കിലും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അത്യാവശ്യമായ സന്ദർഭങ്ങളിൽ ജനകീയസമരം നടത്തേണ്ടിവരും. ആ ഉത്തരവാദിത്വത്തിൽ നിന്ന് മാറി നിൽക്കുവാൻ പാർട്ടി ആഗ്രഹിക്കുന്നില്ല. പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനമതാണ്. അതുപോലെതന്നെ കേരളത്തിലെ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ ബലികഴിച്ച് ഏതെങ്കിലും പാർട്ടിക്ക് വിധേയമായി ഭരണത്തിൽ തുടരാനോ പ്രവർത്തിക്കുവാനോ കേരള കോൺഗ്രസ് ആഗ്രഹിക്കുന്നില്ല എന്ന് മന്ത്രി പി. ജെ. ജോസഫ് ഒരു പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. സർ ഈ പ്രസ്താവനയിൽ ഞങ്ങൾ അടിയുറച്ചു നിൽക്കുകയാണ്. കേരളത്തോട് എന്തെങ്കിലും അവഗണനയുണ്ടായാൽ അതിനെതിരായി ശബ്ദമുയർത്താൻ ഞങ്ങൾ തയ്യാറാകും. അതിൽ നിന്ന് വ്യതിചലിക്കുന്ന പ്രശ്നം ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സ്പീക്കർ സുധീരൻ തന്നെ എം. പി. യായിരുന്ന കാലത്ത് നടന്ന തീരദേശ റെയിൽവേക്കു വേണ്ടി പ്രക്ഷോപണം നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി തീരദേശ റെയിൽവേനമുക്ക് അനുവദിച്ചു കിട്ടി. ജനതാ ഭരണകാലത്ത് നടന്ന ആ സമരത്തെപ്പോലും കേന്ദ്ര വിരുദ്ധമായി ആരും മുദ്ര കുത്തിയിട്ടില്ല. റെയിൽവേയുടെ കാര്യത്തിൽ നമ്മോട് അവഗണനയുണ്ടെന്ന് ഇന്ന് എല്ലാവരും സമ്മതിക്കും. ഇത്തവണതന്നെ തീരദേശ റെയിൽവേക്ക് വെറും 3 കോടി രൂപ മാത്രമാണ് നമുക്ക് അനുവദിച്ചിരിക്കുന്നത്. അതുപോലെ തന്നെ കൊച്ചി-മധുര റെയിൽവേയുടെ കാര്യം പോലും പരിഗണനയിലില്ലെന്ന് മന്ത്രി പാർലമെന്റിൽ പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങളിൽ വിട്ടുവീഴ്ചാമനോഭാവം കേരളാ കോൺഗ്രസ് ഭരണത്തിലാണെങ്കിലും പ്രതിപക്ഷത്താണെങ്കിലും കാണിക്കുകയില്ല. കേരളത്തിന്റെ ന്യായമായ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്ന കാര്യത്തിൽ ഈ പാർട്ടി ആരുടേയും മുൻപിൽ നിൽക്കും; പുറകിലായിരിക്കുകയില്ല. ഭരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ, കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്ന കാര്യത്തിലുള്ള അടിസ്ഥാന പ്രമാണങ്ങളിൽ ഒരു വിട്ടുവീഴ്ചയുടെ പ്രശ്നവും ഞങ്ങൾക്കില്ല എന്ന് അസന്ദിഗ്ദ്ധമായി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നമ്മുടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വളരെ നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 30,000 വീടുകൾ പണിയുവാനാണ് ടാർജറ്റിട്ടിരിക്കുന്നത്. പക്ഷേ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി 1 ലക്ഷം വീടുകൾ 4 മാസത്തിനുള്ളിൽ പണിയുവാൻ പോവുകയാണ്. ലക്ഷം വീടു പദ്ധതിയുടെ ഭാഗമായി 50,000 വീടുകൾ 3 കൊല്ലം കൊണ്ടാണ് പണിതീർത്തതെങ്കിൽ 4 മാസം കൊണ്ട് 1 ലക്ഷം വീടുകൾ ഈ കേരള സംസ്ഥാനത്ത് ഉയരുവാൻ പോകുകയാണ്. 8 ജില്ലകളിൽ ഉച്ചക്കഞ്ഞി പരിപാടി ഏർപ്പെടുത്തിക്കഴിഞ്ഞു. ബാക്കി ജില്ലകളിൽക്കൂടി ആ പരിപാടി പടിപടിയായി ഏർപ്പെടുത്തുകയാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഒരു കുതിച്ചുചാട്ടം ഈ കാലയളവിൽ ഉണ്ടായിക്കഴിഞ്ഞു. പോളി ടെക്നിക്കിന്റെ കാര്യത്തിലും മറ്റും കേരളത്തിന് വെളിയിൽ ധാരാളം സ്ഥാപനങ്ങളുണ്ട്. മദ്രാസംസ്ഥാനത്ത് എത്രയെത്ര എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളുമാണുള്ളത്. നമ്മുടെ ആളുകൾക്ക് പഠിക്കുവാൻ മാർഗ്ഗമില്ലാതെ മറ്റ് സംസ്ഥാനങ്ങളിൽ പോയി ക്യാപ്പിറേഷൻ ഫീയും കൊടുത്ത് പഠിക്കേണ്ടി വരുന്ന ബുദ്ധിമുട്ട് ഉണ്ട്. അത് പരിഹരിക്കുവാൻ ഗവൺമെന്റിനു സാധിക്കുന്നില്ലെങ്കിൽ കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകാര്യമേഖലയിൽ അനുവദിക്കുന്നതിൽ തെറ്റില്ല എന്നുള്ള അടിസ്ഥാന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. ശുദ്ധജല വിതരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞപ്പോൾ അഴിമതിയെക്കുറിച്ച് മാത്രമാണ് പ്രതിപക്ഷം പറഞ്ഞത്. ഇക്കഴിഞ്ഞ മൂന്നു നാലു വർഷക്കാലമായി ഈ രാജ്യത്ത് ശുദ്ധജലവിതരണ രംഗത്തുണ്ടായിട്ടുള്ള അഭൂതപൂർവമായ പുരോഗതി ആരും നിഷേധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പൈപ്പ് വാങ്ങാതെ ശുദ്ധജലവിതരണം നടത്താൻ സാധിക്കുമോ? ഇല്ല. നല്ല കാര്യം ചെയ്തിട്ടും അത് കാണാതെ അതിൽ തെറ്റ് കാണുന്ന, കുറ്റം കാണുന്ന ഏർപ്പാടാണിത്. ഇത് പണ്ട് ആട്ടിൻകുട്ടി വെള്ളം കലക്കിയെന്നു പറഞ്ഞതുപോലെയാണ്. ആട്ടിൻകുട്ടി പറഞ്ഞു വെള്ളം കലക്കിയത് ഞാനല്ല എന്ന്. വെള്ളം താഴോട്ടാണ് ഒഴുകുന്നതെന്നു പറഞ്ഞപ്പോൾ നീയല്ലെങ്കിൽ നിന്റെ അച്ഛനായിരിക്കും കലക്കിയത് എന്ന് പറഞ്ഞു. തടി തപ്പുന്നതുപോലെയുള്ള ഒരു സമീപനമാണ് ശ്രീമാൻ ഗംഗാധരന്റെ കാര്യത്തിൽ പ്രതിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിരിക്കുന്നത്. ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾമൂലം ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം. എൽ. എ. മാർക്ക് ഇന്ന് അവരുടെ നിയോജകമണ്ഡലങ്ങളിൽ തലയുയർത്തി നടക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്ന ഒരാളാണു ഞാൻ. വൈദ്യുതി ഉൽപ്പാദന രംഗത്ത് എന്ത് മാത്രം പുരോഗതി ഉണ്ടായി? ഇടുക്കിയുടെ 2-ാം ഘട്ടം തന്നെ ഏതാനും ദിവസത്തിനകം ഉദ്ഘാടനം ചെയ്ത് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പോകുകയാണ്. ഹരിജനങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞു. ധാരാളം വീടുകൾ, പാർപ്പിട സൗകര്യങ്ങൾ, വൈദ്യുതിവിതരണം ഇവയെല്ലാം വളരെ വേഗം നമ്മുടെ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

പൊതുമരാമത്തു വകുപ്പിന്റെ ബില്ലുകളുടെ കാര്യത്തിൽ അസന്ദിഗ്ദ്ധമായ പ്രഖ്യാപനം നടത്തിക്കഴിഞ്ഞു.

കുടിശ്ശികയുള്ള ബില്ലുകൾ ഈ മാർച്ച് ഏപ്രിൽ മാസത്തിൽ കൊടുത്തുതീർക്കുമെന്ന് പറഞ്ഞത് ഏറ്റവും വലിയ ഒരു കാര്യമാണ്. എവിടെത്തിരിഞ്ഞാന്നു നോക്കിയാലും അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം, എന്നു പറഞ്ഞതുപോലെ കേരള സംസ്ഥാനത്ത് എവിടെ ചെന്നാലും റോഡുകളുടേയും മറ്റും പണി തകൃതിയായി നടക്കുന്ന കാഴ്ച എന്റെ പ്രതിപക്ഷ സുഹൃത്തുക്കൾ കാണുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. റോളറുകൾ ഉരുളുന്നു. ടാറിടുന്നു. അങ്ങനെ റോഡുകൾ നന്നാക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക രംഗത്തെക്കുറിച്ച് ഒരു വാക്കു കൂടി. സർ, ഈ ഗവൺമെൻറിനെ എതിർത്തിട്ടുള്ള ആളുകൾ പോലും, ശ്രീ. പി. കെ ഗോപാലകൃഷ്ണൻ പോലും നമ്മുടെ സമ്പദ്വ്യവസ്ഥയ്ക്ക് അയവു വന്നിരിക്കുന്നു എന്നു പറയേണ്ടതായ ഒരു സ്ഥിതി ഇന്ന് ഈ രാജ്യത്ത് ഉണ്ടായിരിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിൻമേലുള്ള നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. കെ. മുഹമ്മദാലി)

ശ്രീ. സിറിയക് ജോൺ : സർ, നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷിതത്വരംഗം നോക്കിയാലും രാജ്യരക്ഷയുടെ രംഗം നോക്കിയാലും ഏതൊരു രാജ്യസ്നേഹിക്കും അങ്ങേയറ്റം വേദനാജനകവും ഉൽക്കണ്ഠാജനകവുമായിട്ടുള്ള സംഭവങ്ങളാണ് ഈ നിയമസഭ സമ്മേളിക്കുമ്പോൾ നമ്മെയെല്ലാം തുറിച്ചുനോക്കുന്നത്. ഇന്ന് രാവിലെ ഇവിടെ നടന്ന കാര്യമൊന്നും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സർ, ദേശീയ പതാക നാട്ടിക്കൊണ്ട്, സ്റ്റേറ്റ് കാറിൽ, ഇൻഡ്യാ ഗവൺമെൻറ് നിരോധിച്ചിരിക്കുന്ന വ്യക്തികൾക്ക് കേരളത്തിലുടനീളം ആഴ്ചകളോളം യഥേഷ്ടം സഞ്ചരിക്കാൻ അനുവാദം കൊടുത്തതിനെപ്പറ്റി സംസാരിച്ചത് കേവലം ഒരു വികാരപ്രകടനം മാത്രമല്ല. ശ്രീ. കുഞ്ഞാലിക്കുട്ടി അദ്ദേഹത്തിന്റെ നിഷ്ക്കളങ്കത ഇവിടെ പ്രകടിപ്പിച്ചത് ആത്മാർത്ഥമായിട്ടാണെങ്കിൽ ഞങ്ങൾ അതിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അതിനേക്കാൾ ഗൗരവമേറിയതാണ് പ്രശ്നം. ഇത് മാത്രമാണോ പ്രശ്നം? ഗവർണ്ണരെക്കൊണ്ട് ഇങ്ങനെ ഒരു തരം വേഷം കെട്ടിക്കണമായിരുന്നോ? "വൈകാരികമായ ഐക്യവും സാമ്പത്തികമായ കെട്ടുറപ്പും രാഷ്ട്രീയമായ ഐക്യവും ഉള്ള ഒരു ഇൻഡ്യ കെട്ടിപ്പടുക്കുന്നതിനുള്ള ജോലി പൂർണ്ണവും കളങ്കരഹിതവുമായി ഏറ്റെടുക്കാൻ വ്യക്തവും ഉദ്ദീപകവുമായ ആഹ്വാനം നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി, ഒന്നിൽ കൂടുതൽ തവണ നടത്തിയിട്ടുണ്ട്. യാതൊരു വ്യക്തിയും യാതൊരു രാഷ്ട്രീയ കക്ഷിയും യാതൊരു സമുദായവും ഇൻഡ്യാരാജ്യത്തേക്കാൾ വലുതല്ലെന്ന് നമുക്ക് ഓർമ്മിക്കാം. അതനുസരിച്ച്, രാഷ്ട്രത്തിന്റെ, ഐക്യവും

LIBRARY ARCHIVES Kerala Legislative Assembly

അഖണ്ഡതയും കെട്ടുറപ്പും ഉയർത്തിപ്പിടിക്കുവാനുള്ള അതിന്റെ എല്ലാ യത്നങ്ങളിലും യൂണിയൻ ഗവൺമെന്റിന് സജീവമായി പിൻതുണ നല്കുക എന്ന എന്റെ സർക്കാരിന്റെ നയം മേലിലും തുടരുന്നതാണ്." ഈ വാചകത്തിൽ ഏതെങ്കിലും ഒരു അക്ഷരത്തിൽ തരിമ്പെങ്കിലും ആത്മാർത്ഥത ഈ രാഷ്ട്രം ഭരിക്കുന്ന രാജീവ് ഗാന്ധിയുടെ പാർട്ടിയുടെ ഉന്നത നേതാവ് എന്നു പറയുന്ന ഈ കരുണാകരന് ഉണ്ടോ? കഴിഞ്ഞ ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ ഹെലിക്കോപ്റ്റർ യാത്രയുടെ പ്രശ്നം ഉണ്ടായിട്ട്. പാവം മാളക്കാരൻ പയ്യൻ ആന്റോ ആ ഹെലിക്കോപ്റ്റർ യാത്രയിൽ തന്നെ രാജ്യരക്ഷാപരമായ ഗൗരവമായ പ്രശ്നം അന്തർഭവിച്ചിട്ടില്ലേ? എന്തുകൊണ്ടാണ് ഹെലികോപ്റ്ററിൽ സാധാരണ പൗരൻമാരെ സഞ്ചരിക്കാൻ വിലക്കിയിരിക്കുന്നത്? മുഖ്യമന്ത്രി ഹെലികോപ്റ്ററിൽ യാത്ര ചെയ്തത് പേരക്കിടാവിന്റെ മകന് പേരിടാൻ വേണ്ടിയോ എന്തോ ആയിക്കൊള്ളട്ടെ. അതൊക്കെ വേറെ കാര്യം. കരുണാകരൻ അതിനെ സംബന്ധിച്ചിടത്തോളം പറയുന്നത് ഈ ആന്റോ ഹെലികോപ്റ്ററിൽ എങ്ങനെ കടന്നു കയറിയെന്ന് ഞാൻ അറിഞ്ഞില്ലെന്നാണ്. കൂടെ അദ്ദേഹം പറയുന്ന ന്യായീകരണം എന്താണെന്നോ? അദ്ദേഹത്തിന്റെ കിടപ്പറയിൽ ആരൊക്കെ കയറുന്നു എന്നുള്ളത് താൻ അറിയുന്നില്ലെന്നുള്ളതാണ്. എത്ര ലജ്ജാകരമായ ഒരു സ്റ്റേറ്റ്മെന്റ്! ഒരു പക്ഷേ അദ്ദേഹം അറിയാതെ, ഗൗനിക്കാതെ ആ കിടപ്പറയിൽ എങ്ങാനും കേറിയതിന്റെ അനന്തര ഫലമായിട്ടാണോ.....?ഞാൻ കൂടുതലൊന്നും പറയുന്നില്ല. സർ, എന്റെ സംശയം അതല്ല. ഇവിടെ രാംസ്വരൂപ് കേസ്സുകളുമൊക്കെ നിലവിലുണ്ട്. ഈ സംഭവങ്ങളൊക്കെ നമ്മൾ ഉറക്കെ ചിന്തിക്കേണ്ടവയാണ്. രണ്ട് കേന്ദ്ര മന്ത്രിമാർ അതുമായി ബന്ധപ്പെട്ട് രാജിവച്ചിറങ്ങി പോകേണ്ടി വന്നു. അല്ലെങ്കിൽ അവർ മന്ത്രിസഭയിൽ നിന്ന് പുറത്തായിരിക്കുകയാണ്. ഇവിടത്തെ നേവിയുടേതായ ആഭ്യന്തര രഹസ്യങ്ങൾ വിദേശത്ത് ചോർത്തിക്കൊടുക്കുന്നതിന് ഒരു പക്ഷേ കരുണാകരന് നേരിട്ട് സാദ്ധ്യമല്ലാത്തതു കൊണ്ട് ആന്റോയെ ഹെലികോപ്റ്ററിൽ കടത്തിയതല്ലയെന്ന് എങ്ങനെ വിശ്വസിക്കാൻ സാധിക്കും? അത്ര ഗൗരവമേറിയതാണ് ഈ ഹെലികോപ്റ്റർ യാത്ര. പക്ഷേ പാവം ആന്റോ ആണല്ലോ— നമ്മുടെ ഡിസ്റ്റിലറിയുടെ; സ്പിരിറ്റിന്റെ ആൾ.

ശ്രീ. കരുണാകരൻ അതിന് പറഞ്ഞതെന്താണ്? ഈ സംസ്ഥാനത്തെ മരച്ചീനികൃഷിക്കാരുടെ രക്ഷക്കുവേണ്ടിയിട്ടാണ് എന്നാണ്. ശ്രീ. കരുണാകരൻ ഈ ലോകത്തെങ്ങാനുമുണ്ടോ? ഈ സംസ്ഥാനത്തെ ജനങ്ങളിൽ എത്ര ശതമാനം പേർക്ക് ഈ മരച്ചീനികൃഷിയുണ്ട്? മരിച്ചീനി കൃഷിക്കാർ മുഴുവൻ മറെവിടെ നിന്നെങ്കിലുമാണ് മരിച്ചീനിവാങ്ങുന്നത്. ഒരു കിലോഗ്രാം പച്ച മരച്ചീനിക്ക് രണ്ടുരൂപവരെ വില കൊടുത്തു വാങ്ങിയിട്ട് അവർ അന്നത്തെ വിശപ്പടക്കുന്നു. ആ ഒരു സ്ഥിതിവിശേഷത്തിൽ ആ കർഷകരെ സഹായിക്കാൻവേണ്ടി അതിൽനിന്ന് സ്പിരിറ്റ് ഉണ്ടാക്കാൻ വേണ്ടി പോകുന്നു. ഇത് സ്പിരിറ്റ് ഉണ്ടാക്കാൻവേണ്ടിയല്ല. മറിച്ച് ആ ലൈസൻസിന്റെ പേരിൽ മാറ് സംസ്ഥാനങ്ങളിൽനിന്ന് ചെക്ക്പോസ്റ്റുകളിൽ കൂടി സ്പിരിറ്റിന്റെ കള്ളക്കടത്ത് യഥേഷ്ടം നടത്താനാണ്. അങ്ങനെ കള്ളക്കടത്ത് നടത്തുമ്പോൾ ഈ ചെക്ക്പോസ്റ്റുകൾ മലർക്കെ തുറന്നിടപ്പെടണം. അങ്ങനെ തുറന്നിടപ്പെടും; കാരണം പാവം ആന്റോയുടെ ഡിസ്റ്റിലറി, അതു കരുണാകരന്റെ സ്വന്തം എന്നുള്ളതുവരുമ്പോൾ അവിടെയൊക്കെ മലർക്കെ തുറന്നിടപ്പെടും. അതുവഴി ശ്രീ.കരുണാകരനും, മുരളിക്കും കോടിക്കണക്കിന് രൂപ ഈ സ്പിരിറ്റ് കള്ളക്കടത്തിലൂടെ ഉണ്ടാക്കാനുള്ള കരുതിക്കൂട്ടിയുള്ള ഒരു തന്ത്രമായിരുന്നു, ഒരു ഗൂഢാലോചനയായിരുന്നു അത് എന്ന് സംശയിച്ചാൽ അതിൽ തെറ്റുണ്ടോ? അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഓരോരോ രംഗത്തും അധികാരത്തിൽ അള്ളിപ്പിടിച്ചിരുന്നുകൊണ്ട് ദേശീയ താല്പര്യത്തെ ഒന്നൊന്നായി അപകടപ്പെടുത്തുന്നു. ഞാൻ അതിനെ സംബന്ധിച്ച് കൂടുതലൊന്നും പറയുന്നില്ല.

ശ്രീ. ഹസ്സൻ: ഇവിടെ നന്ദി പ്രമേയം അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥയിൽ സഹതപിക്കുകയല്ലാതെ എന്ത് ചെയ്യാനാണ്? അദ്ദേഹം ആ പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞു, ബഡ്ജറ്റിന്റെ കൺട്രോൾ അയഞ്ഞയഞ്ഞ് ഇന്ന് ഗുരുതരമായ സാമ്പത്തിക തകർച്ചയിലെത്തിച്ചു എന്ന്. ശ്രീ. സി. എഫ്. തോമസ് ഇപ്പോൾ ഇവിടെയില്ല. ശ്രീ. കെ. എം. മാണി ഈ ചർച്ചയ്ക്ക് മറുപടി പറഞ്ഞില്ലെങ്കിലും ബഡ്ജറ്റ് അവതരിപ്പിക്കുകയും ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ചർച്ചക്ക് മറുപടി പറയുകയും ചെയ്യുമല്ലൊ. മാണി ബഡ്ജറ്റ് അവതരിപ്പിക്കുമോ? അതു വേറെ കാര്യം. ഏതായാലും ശരി മറുപടി പറയുമ്പോൾ പറയണം....ബഹളം..... സർ, പ്രൊസീഡിംഗ്സ് പരിശോധിക്കണം. ..... ബഹളം .....സർ, ഞാൻ ശ്രീ. ഹസ്സനെ വെല്ലുവിളിക്കാം. അങ്ങ് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു നിലപാട് എടുക്കുമോ? ഇന്നലെ ശ്രീ. ഹസ്സൻ പ്രസംഗിച്ച പ്രൊസീഡിംഗ്സ് അങ്ങ് പരിശോധിക്കണം. ടേപ്പ് പരിശോധിക്കണം. അദ്ദേഹം പറഞ്ഞത് ബഡ്ജറ്റിന്റെ കൺട്രോൾ അയഞ്ഞയഞ്ഞ് ഇന്ന് ഗുരുതരമായ സമ്പത്തിക ത്തകർച്ചയിൽ എത്തിച്ചു എന്നാണ്. ഇത് അദ്ദേഹം മാത്രംപറഞ്ഞതല്ല. കോൺഗ്രസ്സ്-ഐ-യുടെ സംസ്ഥാനത്തെ സാമ്പത്തിക കാര്യസെൽ കൺവീനർ ശ്രീ. P. K. ഗോപാലകൃഷ്ണൻ—അദ്ദേഹം സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറുമാണ്—കഴിഞ്ഞ ഒരാഴ്ചക്കുമുമ്പ് രണ്ടു ലക്ഷങ്ങളിലായി ഈ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി, ധനകാര്യ വകുപ്പിന്റെ കുത്തഴിഞ്ഞ സമീപനത്തിന്റെ ഫലമായി കൊണ്ടെത്തിച്ച സ്ഥിതിവിശേഷം ഇവയുടെയെല്ലാം ഒരു ലഘുചിത്രം വിവരിച്ചു വച്ചിട്ടുണ്ട്. അതിൽ ശ്രീ. ഹസ്സൻ അല്പംപോലും അകലാപ്പിലാകേണ്ട കാര്യമില്ല. അതിനെ സംബന്ധിച്ചിടത്തോളമൊന്നും ഇതുവരെ ആരും ഒന്നും പറഞ്ഞിട്ടില്ല. ശ്രീ. മാണി ഇതിന് മറുപടി പറയുമോ? അല്ലെങ്കിൽ ശ്രീ. സി. എഫ്. തോമസ് മറുപടി പറയുമോ? ഇപ്പോഴത്തെ ഈ പ്രത്യേക സാഹചര്യത്തിൽ ഒരു പക്ഷേ ഈ വേദിയിൽ അതിന് മറുപടി പറയും എന്നു പറയാൻ സാധിക്കുകയില്ല കാരണം, അവരുടെ ഏർപ്പാടൊക്കെ അങ്ങനെയാണ്. വേദിയിലൊക്കെ ഒരുമിച്ച് നിന്നിട്ട് പുറത്തിറങ്ങി ക്കഴിഞ്ഞാൽ നേരെമറിച്ചുമാണ്. മുദ്രാവാക്യങ്ങളൊക്കെ നമ്മളും കേട്ടതാണല്ലോ; എന്തൊക്കെ മുദ്രാവാക്യങ്ങളാണ്; ഈ സഭയിൽ മൈക്കിലൂടെ പറയാൻ കൊള്ളാത്ത മുദ്രാവാക്യങ്ങളും; അവരുടെ നേതാവ് ശ്രീ. കരുണാകരനെ സംബന്ധിച്ചൊക്കെ ശ്രീ. പി. സി. ജോർജ് കോട്ടയത്തുവച്ചു പറഞ്ഞതും തെരുവിലൂടനീളം മുദ്രാവാക്യങ്ങളിലൂടെ വിളിച്ചു പറഞ്ഞതും കൂടി നമുക്ക് പറയാൻ കൊള്ളാവുന്ന കാര്യമാണോ? പക്ഷേ ഇപ്പോൾ ശ്രീ. മാണിയെ സംബന്ധിച്ചും കേരള കോൺഗ്രസ്സിനെ സംബന്ധിച്ചും ഒക്കെ..... ബഹളം ..... അവർക്ക് വേറൊരു തരത്തിലുള്ള ഒരു ദേശീയനയമുണ്ട്; ദേശീയ നേതൃത്വ മുണ്ട്. പഴയപോലെയല്ല ദേശീയ നേതൃത്വം. അവരുടെ ദേശീയ ഹൈക്കമാൻഡ് ആരാണെന്നറിയാമോ? ശ്രീ. അർജുൻസിങ്ങ്. ഇവിടത്തെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് കേരള കോൺഗ്രസ്സ് ഉൾക്കൊള്ളുന്ന എന്തെങ്കിലും പ്രശ്നങ്ങൾ-ഉണ്ടെങ്കിൽ—അത് പിള്ളപ്രശ്നമാകട്ടെ, മറ്റെന്തെങ്കിലും പ്രശ്നമാകട്ടെ, ഏതായാലും ശരി—നേരെ അർജുൻസിംഗിന്റെ കോടതി യിലേക്ക്, അദ്ദേഹത്തിന്റെ കാൽക്കലേക്ക് വീടുകയാണ്. അങ്ങോട്ട് ഇവർ തീർത്ഥയാത്രയും നടത്തും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : കോൺഗ്രസ്സിന്റെ 100 കൊല്ലത്തെ ചരിത്രത്തിൽ വൈസ് പ്രസിഡന്റ് എന്ന പോസ്റ്റ് ഇല്ല, അങ്ങനെയൊരുദ്ദേശ്യവും വരുത്തിയിട്ടില്ല. അങ്ങനെയൊരു പോസ്റ്റുമില്ല എന്നുള്ളത് അറിയാമോ ?

ശ്രീ. സിറിയക് ജോൺ : ആർക്കാണ് ഇതൊക്കെ ബാധകം ? കോൺഗ്രസ്സിന്റെ സംസ്കാരമോ ആദർശമോ ആയി പുലബന്ധമുള്ളവർക്കല്ലേ ഇതൊക്കെ ബാധകം ? അതൊന്നുമില്ലാത്ത ....ബഹളം ....

ശ്രീ. പി. സി. ജോർജ് : ഞാൻ പറഞ്ഞത് കേരള കോൺഗ്രസ്സും കോൺഗ്രസ്സുമായിട്ടുള്ള തർക്കങ്ങളും ശ്രീ. അർജുൻസിംഗിന്റേയോ ഇൻഡ്യൻ പ്രധാനമന്ത്രിയുടേയോ മുമ്പിലേക്ക് പോയിട്ട് ഞങ്ങൾക്ക് ഇതുവരെ വലിയ കുഴപ്പങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നാണ്. അവിടെനിന്ന് നീതിപരമായ തീരുമാനങ്ങൾ ഉണ്ടാകുമെന്ന ഉറച്ച വിശ്വാസം ഞങ്ങൾക്ക് ഉള്ളതുകൊണ്ടാണ് ഞങ്ങൾ ഈ മുന്നണിയിൽ തുടരുന്നത്. അല്ലെങ്കിൽ ഒരു നിമിഷം ഞങ്ങൾ ഈ മുന്നണിയിൽ തുടരുകയില്ല.

ശ്രീ. സിറിയക് ജോൺ : ഇപ്പോൾ എന്റെ സംശയം വളരെ ഫലവത്താണെന്നു ബോദ്ധ്യപ്പെട്ടു. അത് ശ്രീ. ജോർജ് തന്നെ പരോക്ഷമായി സമ്മതിച്ചിരിക്കുന്നു, അത് അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ഭരതൻ : ഇപ്പോൾ ഈ അർജുൻസിംഗിനെയൊക്കെ വിട്ട് ഫോട്ടോദാറിന്റെ അടുത്ത് സംഗതി എത്തി എന്നറിയാമോ ?

ശ്രീ. സിറിയക് ജോൺ : ഫോട്ടോദാറിന്റെ അടുക്കലാണ് ശ്രീ. കരുണാകരൻ എന്നു പറയുന്ന ഹൈക്കമാൻഡ് തന്നെ പോയിട്ട് കാലുപിടിക്കുന്നത് എന്നും മണിക്കൂറുകളോളം തപസ്സിരിക്കുന്നത് എന്നൊക്കെയുമുള്ളത് ഈ രാജ്യത്തെ എല്ലാപേർക്കും അറിയാവുന്ന കാര്യമല്ലേ ? ശ്രീ. വി. കെ. മാധവൻകുട്ടി അദ്ദേഹത്തിന്റെ ദീർഘമായ ലേഖനത്തിൽ എഴുതിയിരുന്ന കാര്യമല്ലേ? ഇതിനെപ്പറ്റിയൊക്കെ ഇനി എന്തിന് ചർച്ച ചെയ്യണം ? നാണം കെട്ടവന്റെ ആസനത്തിൽ ആല് കിളിർത്താൽ അതുമൊരു തണൽ, അല്ലാതെ എന്താ ?

******

ശ്രീ. സിറിയക് ജോൺ : സർ, അംഗങ്ങൾക്കുള്ള സംരക്ഷണം ചെയറിന്റെ ചുമതലയിലാണ്. എനിക്കു നഷ്ടപ്പെട്ട സമയം അനുവദിച്ചു തരണം. ഗവർണ്ണറുടെ പ്രസംഗത്തിൽതന്നെ മറൊരുഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? "സാമ്പത്തികമോ രാഷ്ട്രീയമോ ആയ രംഗത്ത് ഏതെങ്കിലും രീതിയിലുള്ള കേന്ദ്രവിരുദ്ധ നിലപാടിൽകൂടി ഇതെല്ലാം ചെയ്യാൻ പാടില്ലെന്നുള്ളതാണ് എന്റെ സർക്കാരിന്റെ ഉറച്ച നിലപാട്. എല്ലാ കാര്യങ്ങളിലും ഇൻഡ്യാഗവൺമെന്റിനോടൊപ്പം നിന്നുകൊണ്ട് സംസ്ഥാനത്തിന്റെയും അതിലെ ജനങ്ങളുടേയും വികസനപ്രശ്നങ്ങൾ വിജയകരമായി എന്റെ സർക്കാർ കൈകാര്യം ചെയ്യുന്നതാണ്."

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : ഇന്നലെ പ്രസംഗിച്ചപ്പോഴും ഈ മുന്നണിയെ ന്യായീകരിച്ചു സംസാരിച്ചു. കൂട്ടത്തിൽ ഇതു സംബന്ധിച്ചുള്ള ചോദ്യത്തിൽനിന്നും അദ്ദേഹം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ പൂച്ച് പുറത്തുചാടി. അദ്ദേഹം ഒരു നല്ല മനുഷ്യനാണ്. എനിക്ക് അദ്ദേഹത്തെപ്പറ്റി അങ്ങേയറ്റം ആദരവും ബഹുമാനവുമുണ്ട്. ശ്രീ. ജോർജിനെപ്പറ്റി മറിച്ച് ഒരു അഭിപ്രായം ഉണ്ടെന്നല്ല. അദ്ദേഹത്തെപ്പറ്റിയും വളരെ ആദരവും ബഹുമാനവുമുണ്ട്. പക്ഷേ അദ്ദേഹം .....—

ശ്രീ. പി. സി. ജോർജ് : അപ്പോൾ കോൺഗ്രസ്സ്-ഐ-ക്കാർക്ക് ജോർജിനെക്കുറിച്ചുള്ള അഭിപ്രായമല്ല ബഹുമാനപ്പെട്ട മെമ്പർക്കുള്ളത് എന്നല്ലേ ?

ശ്രീ. സിറിയക് ജോൺ : കോൺഗ്രസ്സുകാരുടെ അഭിപ്രായം എന്തായാലും ശ്രീ. വയലാർ രവിക്ക് ശ്രീ. ജോർജിനെപ്പറ്റി നല്ല അഭിപ്രായമാണെന്നാണ് എന്റെ അഭിപ്രായം. കോൺഗ്രസ്സ് ഐ-ക്കാർക്ക് എന്താണഭിപ്രായമെന്ന് എനിക്കറിയില്ല. പക്ഷേ മുഖ്യമന്ത്രിക്ക്, ശ്രീ. ജോർജിന്റെ കോട്ടയത്തെ, മുഖ്യമന്ത്രിയെപ്പറ്റിയുള്ള പരാമർശത്തെത്തുടർന്ന് നല്ല അഭിപ്രായമാണെന്നാണ് ഞാനും കേട്ടിട്ടുള്ളത്. ''കള്ളൻ, കരുണാകരാ'' എന്നല്ലേ അന്ന് ശ്രീ. ജോർജ് പരാമർശിച്ചത്. അന്ന് ശ്രീ. കരുണാകരൻ പറഞ്ഞത് എന്താണ് ? ''ഞാൻ വലിയ കള്ളനും അവരൊക്കെ കൊച്ചുകള്ളൻമാരും'' എന്നു പറഞ്ഞുകൊണ്ട് കഴുത ചിരിക്കും പോലെ ഇരുന്ന് ചിരിക്കുകയല്ലേ ചെയ്തത് ശ്രീ. കരുണാകരൻ! ഇങ്ങനെയുണ്ടോ ഉടുപ്പില്ലാത്ത ഒരു സത്യം! എതായാലും ശ്രീ. സി.എഫ്. തോമസ് പറഞ്ഞ കൂട്ടത്തിൽ ഒരു ചെമ്പ് പുറത്ത് തെളിഞ്ഞു അദ്ദേഹം പറഞ്ഞു, ''ഈ ഒരു സാഹചര്യത്തിൽ ഞങ്ങൾ പ്രതിപക്ഷത്തുള്ള സമയത്തായിരുന്നുവെങ്കിൽ, ഞങ്ങളുടെ കൈയിൽ കിട്ടിയിരുന്നുവെങ്കിൽ'' എന്നല്ലേ ജോർജ് ചോദിച്ചത് ? എന്നുവച്ചാൽ അതിന്റെ അർത്ഥം എന്താണ് ? ഇത്ര നാറിയ നാണംകെട്ട ഒരു സാഹചര്യം, ഒരു രേണുകക്ഷിയെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തേയോ ജനങ്ങളേയോ നേരിടാൻ ഒരു കാരണവശാലും സാദ്ധ്യമാകാത്തത്രവിധം അധഃപതിച്ച ഒരു സാഹചര്യം ഉണ്ടായിട്ടില്ല എന്ന് ശ്രീ. സി. എഫ്. തോമസ്തന്നെ പരോക്ഷമായി സമ്മതിച്ചിരിക്കുന്നു.

സർ, ശ്രീ. ഗംഗാധരന്റെ രാജി മൂല്യാധിഷ്ഠിതമാണെന്നാണ് പറയുന്നത്. കൊല്ലത്തും കോഴിക്കോട്ടുമൊക്കെ അദ്ദേഹത്തിന് സ്വീകരണം നൽകി. കോഴിക്കോട്ട് സ്വീകരിച്ചോ ? അവിടെ ശ്രീമതി M. T. പത്മയാണോ സ്വീകരണത്തിന്റെ മുമ്പിൽ എന്ന് അറിയില്ല. ശ്രീ. നൂറുദ്ദീൻ, അതിനെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ് ? അങ്ങനെ ഓരോരുത്തരേയും കൊല്ലാക്കൊല ചെയ്യുന്നു. ശ്രീ. ഗംഗാധരന്റെ രാജി വാസ്തവത്തിൽ മൂല്യാധിഷ്ഠിതമാണോ ? അദ്ദേഹം എന്താണ് പറഞ്ഞത് ? ഇവിടെ കാർത്തികേയൻ ഉൾപ്പെടെയുള്ള ആളുകൾ പരസ്യപ്രസ്താവന നടത്തി. മുഖ്യമന്ത്രിയെക്കണ്ട് നിങ്ങൾ അവശ്യപ്പെട്ടത് എന്താണ് ? രാജിവയ്ക്കേണ്ട ആവശ്യമില്ലെന്നാണ് ശ്രീ. ഗംഗാധരൻ അന്നു പറഞ്ഞത്.....(ബഹളം).. ഹൈക്കോടതിയിലും കൂടി പരാജയപ്പെട്ടപ്പോൾ ഗത്യന്തരമില്ലാതെയായി. ഇക്കാര്യത്തിൽ കോൺഗ്രസ്സ് (ഐ)ക്കാരുടെ ഭാവം എന്താണെന്ന് അറിയാമോ ? ശ്രീ. ഗംഗാധരന്റെ രാജിയിൽ കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്ക് ഒരു പക്ഷേ മനസ്സായസം ഉണ്ടെങ്കിൽ തന്നെയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കരുണാകരന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രക്രിയയുണ്ടായിരുന്നല്ലോ. അവസാനം എങ്ങനെയാണ് അദ്ദേഹത്തെ ശ്രീ. മാണി ഇരുത്തിയതെന്ന് അറിയാമോ ? ഈ രാജ്യത്തെ ജനങ്ങളുടെയിടയിലും പത്രങ്ങളിലും ഒക്കെ ധാരാളം വാർത്തകളും വന്നു; ശ്രീ. ഗംഗാധരന്റെ കുംഭകോണത്തെയും വേസ്റ്റ്വാട്ടർ അതോറിട്ടിയിലെ നിയമനത്തെ സംബന്ധിച്ചുമൊക്കെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിന്റെ ഫയൽ ഡൽഹിയിൽ കൊണ്ടുപോയി ശ്രീ. മാണി കാണിച്ചിട്ടുണ്ട്. പോലീസ് വിജിലൻസിന്റെ റിപ്പോർട്ട് ശ്രീ. വയലാർ രവി അവിടെ കൊണ്ടുകാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വല്ല നീക്കവും ഉണ്ടാകും. ഉണ്ടാകുന്ന നീക്കത്തെപ്പറ്റി നമുക്ക് അറിയാമെന്ന് അവർക്ക് അറിയില്ല. അങ്ങനെ ഗംഗാധരനെ പിടിച്ച് പുറത്താക്കുമെന്ന് പ്രതീക്ഷിച്ചവരെ സംബന്ധിച്ചിടത്തോളം; അവയെന്നുകൊണ്ട് മുൻകൂട്ടി കണ്ടുകൊണ്ട് മൂല്യാധിഷ്ഠിതത്വത്തിന്റെ പരിവേഷംകൊടുത്തുകൊണ്ട് ഇറങ്ങിപ്പോയി. കോൺഗ്രസ് (ഐ) യിലെ 'A' വിഭാഗം ഇക്കാര്യത്തിൽ നിരാശരാണ്.

നാളികേരത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. ജനങ്ങളെ അതുപറഞ്ഞ് കബളിപ്പിക്കുകയാണ് ഇപ്പോഴും. മാർക്കറ്റിങ്ങ് ഫെഡറേഷന്റെ ചെയർമാൻ ശ്രീ. ആര്യാടൻ മുഹമ്മദ് ശ്രീ. കരുണാകരന്റെ പാർട്ടിയുടെ സംസ്ഥാനസെക്രട്ടറിയാണ്. പക്ഷേ അവർ തമ്മിൽ ഉള്ളിൽ അത്ര രസമില്ല. അതിന്റെ പേരിൽ മാർക്കറ്റിങ്ങ് ഫെഡറേഷനെ ഇങ്ങനെ ഞെക്കിക്കൊല്ലാമോ ? എലിയെ തോല്പിച്ച് ഇല്ലം ചുട്ടാൽ ഈ രാജ്യത്തെ കൃഷിക്കാരല്ലേ അതുവഴി പൂർണമായി അപകടത്തിലാകുക ? മാർക്കറ്റിങ്ങ് ഫെഡറേഷൻ പതിനേഴരക്കോടി രൂപയുടെ കൊപ്രാ സംഭരിച്ചു. ശ്രീ. കരുണാകരൻ 32 കോടി കൊപ്രാ സംഭരണത്തിനു കൊടുത്തെന്നു പറഞ്ഞു. ഒരു കോടി രൂപ മാത്രമേ ഈ സംസ്ഥാനം ആ ഇനത്തിൽ കൊടുത്തുള്ളൂ. പത്തരക്കോടി രൂപ ശ്രീ. തച്ചടി പ്രഭാകരൻ ചെയർമാനായിട്ടുള്ള സ്റ്റേറ്റ്കോ-ഓപ്പറേറ്റീവ് ബാങ്കാണ് കൊടുത്തത്. അങ്ങനെ പതിനേഴ് കോടി രൂപ മാർക്കറ്റിങ്ങ് ഫെഡറേഷൻ അവരുടെ ഓൺഫണ്ടിൽ നിന്നെടുത്തിട്ട് ഇനി അവർക്ക് ഒരു പ്രവർത്തനത്തിനും സാദ്ധ്യമല്ലാത്ത സ്ഥിതി വന്നിരിക്കുന്നു. ആത്യന്തികമായി ഇത് ഈ സംസ്ഥാനത്തെ കൃഷിക്കാരെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് ആ കാര്യത്തിൽ ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ മാർക്കറ്റിങ്ങ് ഫെഡറേഷനു ചെലവായ സംഖ്യ, അവർ തന്നിട്ടുള്ള ക്ലെയിമിന്റെ അടിസ്ഥാനത്തിൽ ഉള്ള സംഖ്യ അവർക്ക് കൊടുക്കുന്നതിന് വേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയും അതുവഴി ഈ സംസ്ഥാനത്തെ കർഷകർക്ക് ആശ്വാസകരമായ നടപടികളും സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വമില്ലായ്മ പൂർണ്ണമായും തെളിയിക്കുന്ന ഒരു പ്രസംഗമാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. ഈ പ്രസംഗം ഈ ഗവൺമെന്റിന്റെ പ്രസംഗമല്ല; മറിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയപ്രഖ്യാപനമാണ്. ഈ മുന്നണിയിലെ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനും കേരള കോൺഗ്രസ്സിനും എതിരെയുള്ള ഒരു തുറന്ന യുദ്ധപ്രഖ്യാപനമാണിത്. കേരള കോൺഗ്രസ്സിന്റെ നയപ്രഖ്യാപനവും കോൺഗ്രസ്സ് (ഐ) ക്കെതിരെയുള്ള യുദ്ധപ്രഖ്യാപനവും ഈ മാസം 21-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ അവതരിപ്പിക്കപ്പെടാൻ ഇരിക്കുന്നതേയുള്ളു. ഈ പ്രസംഗത്തിൽ പ്രധാനമായും നാല് കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഒന്നാമതായി പ്രാദേശിക വർഗ്ഗീയ ശക്തികൾക്കെതിരെയുള്ള സന്ധിയില്ലാത്ത സമരത്തിന്റെ കാര്യമാണ്. രണ്ടാമതായി രാഷ്ട്രീയമോ സാമ്പത്തികമോ ആയ യാതൊരു രീതിയിലുമുള്ള കേന്ദ്രവിരുദ്ധ സമരം കോൺഗ്രസ്സ് (ഐ) അനുവദിക്കുന്നതല്ല എന്നതാണ്. നാളികേര സമരത്തെ തുടർന്ന് കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. സി. വി. പത്മരാജൻ കേരള കോൺഗ്രസ്സിനോട് പറഞ്ഞു, ഈ മുന്നണിയിൽ നിന്നുകൊണ്ട് കേന്ദ്രഗവൺമെന്റിനെതിരായി ഒരു സമരവും അനുവദിയ്ക്കുകയില്ല എന്ന്. അങ്ങനെ ചെയ്യുമെങ്കിൽ ഈ മുന്നണിയിൽ നിന്ന് ഇറങ്ങിപോകണമെന്നു പറഞ്ഞു. അതേ വാചകമാണ് ഈ പ്രസംഗത്തിൽ ഗവർണ്ണറെക്കൊണ്ട് കോൺഗ്രസ്സ് (ഐ) ക്കാർ പറയിപ്പിച്ചിരിക്കുന്നത്. ധനകാര്യ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ഏറ്റവും നിശിതമായ ഒരു കുറ്റ വിചാരണയാണ് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ ഇപ്പോൾ ഞാൻ കാണുന്നത്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ "ഇപ്പോൾ അനേക വർഷങ്ങളായി സംസ്ഥാനത്തിന്റെ പ്രതിശീർഷ പ്ലാൻഔട്ട്ലേ അഖിലേന്ത്യാ ശരാശരിയേക്കാൾ താഴേയാണ്: താരതമ്യേന ഉയർന്ന ശതമാനത്തിലുള്ള കേന്ദ്രധനസഹായമുണ്ടായിട്ടു, പോലും" എന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ വിശദീകരണമാണ് സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ കഴിഞ്ഞ രണ്ടു ദിവസങ്ങൾക്ക് മുമ്പ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം കോൺഗ്രസ്സ് (ഐ) നേതാവെന്ന നിലയിലല്ല മറിച്ച് പ്ലാനിംഗ് ബോർഡിന്റെ മെംബർ എന്ന നിലയിലാണ് പറഞ്ഞിരിക്കുന്നത്. അഖിലേന്ത്യാ ശരാശരി 1108 രൂപയുള്ളപ്പോൾ ഈ സംസ്ഥാനത്തിന്റെ പ്ലാൻ ഔട്ട്ലേ വെറും 824 രൂപയാണ്. കഴിഞ്ഞ നാലഞ്ചു വർഷമായി സംസ്ഥാന ധനകാര്യവകുപ്പിന്റെ കെടുകാര്യസ്ഥതകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം ആകെ തകർന്നിരിക്കുന്നുവെന്നാണ് പ്ലാനിംഗ് ബോർഡ് പറഞ്ഞിരിക്കുന്നത്. ഈ ഗവൺമെന്റ് ആദ്യം ബഡ്ജറ് അവതരിപ്പിച്ചപ്പോൾ ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ പറഞ്ഞതാണ് ശ്രീ. കെ. എം. മാണി ഈ ബഡ്ജറിലൂടെ ഈ സംസ്ഥാനത്തെ തകർത്തിരിക്കുന്നു എന്ന്. രാജ്യദ്രോഹ കുറ്റം ചുമത്തി ശ്രീ. മാണിയെ കൽത്തുറുങ്കിൽ അടയ്ക്കണമെന്ന് 1982-ലെ ബഡ്ജറിനെക്കുറിച്ചുള്ള പ്രസംഗത്തിൽ ഈ അസംബ്ലിയിൽ ഞാൻ പറഞ്ഞതാണ്. നാലുവർഷമായി ഈ സംസ്ഥാനത്തെ വിഭവസമാഹരണരംഗത്ത് കുറ്റകരമായ അനാസ്ഥ കാണിച്ചുകൊണ്ട് കേന്ദ്രം നൽകിയ പണംപോലും ഒരു വിഭാഗത്തിന് മാത്രം ചെലവഴിച്ചു. കാർഷിക, വ്യാവസായികമേഖലയുൾപ്പെടെ ഈ സംസ്ഥാനത്തെയാകെ തകർത്തുകൊണ്ട് ഈ സംസ്ഥാനത്തെ കെട്ടുറപ്പ് താറുമാറാക്കിയ ഭരണകൂടമാണ് ഈ ഗവൺമെന്റ് എന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. തുടർന്നുപറയുന്നു, വരുന്ന സാമ്പത്തിക വർഷങ്ങളിൽ ഈ സംസ്ഥാനത്തിന്റെ ധനകാര്യവും സാമ്പത്തികവുമായ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുമെന്ന്. വകുപ്പു മാറ്റത്തിൽ കൂടി സ്ഥിതി മെച്ചപ്പെടുത്തുമെന്നാണ് നയപ്രഖ്യാപനത്തിൽ കൂടി കോൺഗ്രസ്സ് പ്രഖ്യാപിച്ചിട്ടുള്ളത്.

പിന്നീട് പറഞ്ഞിരിക്കുന്നത്, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെന്നാണ്. "പൊതു മേഖലയെ പുനഃസംഘടിപ്പിക്കുന്നതാണെന്ന് ഞാൻ കഴിഞ്ഞ വർഷം പറഞ്ഞിരുന്നു. ഇത് സംബന്ധിച്ച ആദ്യനടപടികൾ, പല ഗ്രൂപ്പുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുമുള്ള എതിർപ്പിലേക്ക് നയിച്ചു. പൊതുമേഖലയുടെ പുന:സംഘട നയ്ക്കും നവചൈതന്യത്തിനും കർക്കശവും പ്രായോഗികവുമായ തീരുമാനങ്ങൾ ആവശ്യമാണ്'' ഇങ്ങനെ ഇതിൽ പറയുന്നുണ്ട്. 84 പൊതു മേഖലാസ്ഥാപനങ്ങൾ നന്നാക്കാനുള്ള നടപടി എടുത്തിട്ട് മുന്നണിയിൽ നിന്നു തന്നെയുള്ള മുസ്ലീം ലീഗിന്റേയും മറ്റ്. ഘടകകക്ഷികളുടേയും സമ്മർദ്ദം കൊണ്ട് എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല, കർക്കശമായ നടപടികളുമായി മുന്നോട്ടുപോകുമെന്ന് പറഞ്ഞിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഈ നയത്തിൽ ഉറച്ചുനിൽക്കാൻ ശ്രീ. കരുണാകരന് കഴിയുമോ ? നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികരംഗം ആകെ തകർത്ത, വ്യാവസായിക കാർഷിക മേഖലയാകെ ഈ ഗവൺമെന്റ് തകർത്ത കാര്യം വേദനയോടുകൂടി ഞാൻ പറയുകയാണ്, ഈ സംസ്ഥാനത്തെ ധനകാര്യവകുപ്പ് ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കാതെ ഈ സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ സാധിക്കാത്ത നിലയിൽ ഈ സംസ്ഥാനത്തെ കൊണ്ടുചെന്നെത്തിച്ചു. ഈ നിലയിൽ നിന്ന് ഈ നാടിനെ രക്ഷിക്കാൻ ശ്രീ. കരുണാകരന്റെ മുന്നണിക്ക് കഴിയുമോ ? ശ്രീ. കരുണാകരന് ആ മന്ത്രിക്കസേരയാണ് വേണ്ടത്.

സർ, ധനകാര്യം, വിദ്യാഭ്യാസം, റവന്യൂ, എക്സൈസ് തുടങ്ങിയ വകുപ്പുകളെല്ലാം പ്രാദേശിക വർഗ്ഗീയ ശക്തികൾക്ക് അടിയറവച്ച് നാടിനെ തകർത്ത ഒരു മുന്നണിയും ഗവൺമെന്റും ആണ് കേരളത്തിലുള്ളത്. അഴിമതിയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കഴിഞ്ഞ ദിവസം ഇവിടെ പറയുന്നതുകേട്ടു പ്രതിപക്ഷം തകർന്നുപോയിരിക്കുന്നു എന്ന്. മുമ്പൊക്കെ ഗവൺമെന്റിനെതിരായ അഴിമതി ആരോപണങ്ങളൊക്കെ അസംബ്ലിയിൽ ഉന്നയിക്കുകയാണ് പതിവ്. ഇപ്പോൾ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വം ഇല്ലാത്തതുകൊണ്ട് ക്യാബിനറ്റ് കഴിഞ്ഞാൽ അതേ നിമിഷം മന്ത്രിമാർ തന്നെ ജനാധിപത്യ രഹസ്യങ്ങൾ പത്രങ്ങൾക്ക് ചോർത്തിക്കൊടുക്കും. ഈ മന്ത്രിസഭയ്ക്കെതിരായ ആരോപണങ്ങളെല്ലാം പത്രങ്ങളിലും ലഘുലേഖകളിലുമെല്ലാം എഴുതിയതിനുശേഷം അതിനെക്കുറിച്ചു പ്രസംഗിക്കുന്നത് എന്തിനാണ് ? ഈ നിലയിൽ കൂട്ടുത്തരവാദിത്വം ഇല്ലാതെ നാടിന്റെ താൽപ്പര്യങ്ങളാകെ തകർത്ത ഒരു ഭരണകൂടമാണ് ഇവിടെയുള്ളത്. കഴിഞ്ഞ 6 മാസമായി ഇവിടെയുണ്ടായ രാഷ്ട്രീയ പ്രതിസന്ധി എന്താണ് ? ഇപ്പോഴും ആ രാഷ്ട്രീയപ്രതിസന്ധി നിലനിൽക്കുകയാണ്. 21-ാം തീയതി ബഡ്ജറ്റ് വരുമ്പോൾ ഇതിൽക്കൂടുതൽ കാണാനിരിക്കുന്നതേയുള്ളു. അങ്ങനെ ഈ മുന്നണിയുടെ പരസ്പര വൈരുദ്ധ്യം കൂടുതൽ കൂടുതൽ പ്രകടമാക്കുന്ന, ഈ നാടിനെ തകർത്ത ഒരു ഭരണകൂടമാണിത്. ഈ ഭരണകൂടത്തിന്റെ കീഴിൽ നമ്മുടെ പൊതു ജീവിതമാകെ തകർന്നിരിക്കുന്നു. ഇന്ന് രാഷ്ട്രീയ പ്രവർത്തകർക്ക് റോഡിൽ ഇറങ്ങിനടക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സമൂഹം വെറുക്കുന്ന എയിഡ്സ് രോഗികളെപ്പോലാണ് രാഷ്ട്രീയ പ്രവർത്തകർ. നമ്മുടെ രാഷ്ട്രീയ രംഗം അധഃപതിച്ചതിന്റെ ഉത്തരവാദിത്വം ഈ കരുണാകരൻ ഗവൺമെന്റിനാണ്. ഈ സംസ്ഥാനത്തെ അഴിമതിക്കഥകൾ ആയിരത്തിയൊന്നു രാവുകൾ കൊണ്ടുപോലും പറഞ്ഞു തീർക്കാൻ കഴിയുകയില്ല. അഴിമതിയുടേയും പിടിപ്പുകേടിന്റേയും ഭരണവൈകൃതങ്ങളുടേയും നിറകുടമായ, ലോകത്തു മറ്റൊരിടത്തും കാണാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഈ കരുണാകരൻ ഗവൺമെന്റ്. ഈ നയപ്രഖ്യാപന പ്രസംഗത്തെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ : സർ, ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കും ഭരണപരമായ ആനുകൂല്യങ്ങളും ആശ്വാസങ്ങളും പകർന്നു കൊടുക്കുന്ന ഒരു നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ രണ്ടു ദിവസം മുമ്പ് ഇവിടെ അവതരിപ്പിച്ചത്. കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒട്ടേറെ പ്രശ്നങ്ങളുണ്ട്. അതിൽനിന്നുടലെടുത്ത ഒട്ടേറെ സംശയങ്ങളുള്ള ഒരു സാഹചര്യത്തിലാണ് നിയമസഭ തുടങ്ങിയത്. എന്നാൽ നിയമസഭ തുടങ്ങി രണ്ടു ദിവസം കഴിഞ്ഞപ്പോഴേ തന്നെ രാഷ്ട്രീയ മണ്ഡലത്തിലുണ്ടായിരുന്ന സംശയങ്ങളും ദൂരീകരിച്ചിട്ടുണ്ടെന്ന ആത്മാർത്ഥമായ വിശ്വാസമാണ് എനിക്കുള്ളത്. പ്രതിപക്ഷങ്ങളും പല വാദകോലാഹലങ്ങളും ഇന്നേ ദിവസം ഇവിടെ നടത്തി. കഴിഞ്ഞ ദിവസം ഏതോ പത്രങ്ങളിൽ പ്രതിപക്ഷത്തിന്റെ ശോച്യാവസ്ഥ ചിത്രീകരിച്ചുകൊണ്ട് വാർത്ത വന്നതിന്റെ പ്രതികരണമാണെത്. പ്രതിപക്ഷം പറയുന്ന കാര്യങ്ങളുടെ ആത്മാർത്ഥതയ്ക്കുപരിയായി. ജനങ്ങളുടെ മുമ്പിൽ തങ്ങളും അപഹാസ്യരായിപ്പോകരുതെന്ന് വിചാരിച്ചാണ് ഇത്തരം കാര്യങ്ങളും അവർ ഇവിടെ ചെയ്തത്.

ഗവൺമെന്റിനെതിരായും ആരോപണം ഉന്നയിച്ചുകൊണ്ട് രാഷ്ട്രീയ പ്രശ്നങ്ങളെയും മുന്നണി ബന്ധങ്ങളെയുംകുറിച്ച് ചർച്ച ചെയ്യാനാണ് ഈ നന്ദിപ്രമേയ ചർച്ചയിലൂടെ പ്രതിപക്ഷം ശ്രമിച്ചത്. ഞാൻ അതിലേക്ക് കടക്കാം. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് ഭരണപക്ഷത്തിരിക്കുന്ന ഞങ്ങളാരും പറയുന്നില്ല. ഈ ഗവൺമെന്റിനെ വിമർശിക്കുന്നവർപോലും ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നു പറയില്ല. കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് അല്ല ഇത്. 1957 മുതൽ ഇതുവരെയുള്ള ഏതു ഗവൺമെന്റുകളും ഭരിച്ച കാലഘട്ടത്തെക്കാളും കൂടുതൽ പുരോഗമനപരമായ പരിപാടികളും ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. ഏത് വെല്ലുവിളി സ്വീകരിച്ചുകൊണ്ടും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളും മറ്റു ഗവൺമെന്റുകളുടേതുമായി താരതമ്യപ്പെടുത്താൻ ഞങ്ങൾ തയ്യാറാണ്. കുടിവെള്ളത്തിനു വേണ്ടി വേഴാമ്പലുകളെപ്പോലെ കാത്തിരുന്ന കേരളത്തിലെ ജനങ്ങളുടെ കണ്ണിത്തിലേക്ക് കുളിർമ്മയുള്ള കുടിവെള്ളം എത്തിച്ചുകൊടുത്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമായിരുന്നു ഇവിടെ മുഴങ്ങിക്കേട്ടത്. അതുപോലെതന്നെ മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ അന്ധകാര നിബിഡമായി കഴിഞ്ഞുകൂടിയിരുന്ന കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ വെളിച്ചവിപ്ലവത്തിലൂടെ പ്രകാശധോരണി പൊഴിച്ച ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ മുഴങ്ങിക്കേട്ടത്. കാളവണ്ടിച്ചക്രങ്ങൾ മാത്രം ഉരുണ്ടുകൊണ്ടിരുന്ന കേരളത്തിലെ ഗ്രാമീണ റോഡുകളിൽ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളും പ്രകാരം ടാറിട്ട് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിച്ച ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ കേട്ടത്. 'മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല' എന്ന കവിതാശകലത്തിൽ മുഴങ്ങിനിൽക്കുന്ന, മനുഷ്യരാശിയുടെ നിത്യമായ ദുരന്തം പേറി കടത്തിണ്ണയിലും റെയിൽവേ സ്റ്റേഷനിലും അന്തിയുറങ്ങിയ പാവപ്പെട്ട പതിനായിരങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതികളിലൂടെ വീടുകൾ പ്രദാനം ചെയ്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ മുഴങ്ങിക്കേട്ടത്. വികസനം ഒരു മരീചികയായിരുന്ന പല ഹരിജൻ കോളനികളിലും വികസനപ്രവർത്തനങ്ങളിലൂടെ സന്തോഷവും സമാധാനവും പ്രദാനം ചെയ്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ മുഴങ്ങിക്കേട്ടത്. "ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി" എന്ന പഴയ പാട്ടിലെ കോരന്റെ കുമ്പിളിലേക്ക് പഞ്ഞമാസങ്ങളിൽ പ്രീ റേഷൻ ചൊരിഞ്ഞിട്ടുകൊടുത്ത ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമായിരുന്നു ഇവിടെ കേട്ടത്. വെള്ളപ്പൊക്കത്തിൽ പാലങ്ങളും വീടുകളും

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും തകർന്നപ്പോൾ ഒരു യുദ്ധകാലാടിസ്ഥാനത്തിൽ പാലങ്ങളും വീടുകളും റോഡുകളും നിർമ്മിച്ച ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപന മായിരുന്നു ഇവിടെ കേട്ടത്. അങ്ങനെ, പറഞ്ഞാൽത്തീരാത്ത ഒട്ടനവധി കാര്യങ്ങളാണ് ഉണ്ട്.

ഈ ഗവൺമെന്റിനെതിരായ ആരോപണങ്ങളിൽ ഒന്ന് വർഗ്ഗീയതയും രണ്ട് മുന്നണിബന്ധങ്ങളിലെ അഭിപ്രായവ്യത്യാസങ്ങളും മൂന്ന് പ്രദേശിക വാദവുമാണ്. എന്റെ ബഹുമാന്യസ്നേഹിതൻ ഹംസ അവിടെ ഇരിക്കുന്നുണ്ട്. നിങ്ങളാണ് ഇന്ന് ആ കൂട്ടത്തിൽ തനിയെയാണ്. നിങ്ങളും എം. വി. ആറിനോടൊപ്പം കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചപ്പോൾ നിങ്ങളുടെ ആത്മാർത്ഥത മാർക്സിസ്റ്റ് നേതാക്കൻമാരുടെ മുമ്പിൽ തെളിയിക്കാൻ നിങ്ങൾ എത്രമാത്രം പ്രസംഗിക്കേണ്ടി വന്നിട്ടുണ്ട്. കേരളത്തിൽ മുന്നണി ബന്ധങ്ങൾ തുടങ്ങിയത് ഇന്നോ ഇന്നലയോ അല്ല. ഐക്യമുന്നണിയെ ക്കുറിച്ച് പറയുമ്പോൾ ജനാധിപത്യമൂല്യങ്ങളിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനമാണ് ഇന്ന് ഈ മുന്നണിയിലുള്ളത്. ഇവിടെ പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസം ഉണ്ടെന്നുള്ള കാര്യം മറച്ചു വയ്ക്കുന്നില്ല. ഈ അഭിപ്രായ വ്യത്യാസങ്ങൾ ചർച്ച ചെയ്തു പരിഹരിക്കും. കേരളത്തിൽ പല വർഷങ്ങളായി നിലനിൽക്കുന്ന ഐക്യമുന്നണി രാഷ്ട്രീയത്തിൽ നല്ല വശങ്ങളുണ്ട്. ചീത്ത വശങ്ങളുമുണ്ട്. ഐക്യ മുന്നണി രാഷ്ട്രീയം ആരംഭിച്ചത് ഈ ജനാധിപത്യമുന്നണി ഗവൺമെന്റല്ല. ഈ ഐക്യമുന്നണി രാഷ്ട്രീയത്തിന്റെ ചീത്ത വശങ്ങളെക്കുറിച്ച് ചർച്ച ചെയ്യണം. ഐക്യമുന്നണി രാഷ്ട്രീയത്തിന്റെ ചീത്തവശങ്ങൾ രാജ്യ താൽപ്പര്യങ്ങൾക്ക് വിഘാതമായി നിൽക്കുകയാണെങ്കിൽ അത്തരം കാര്യങ്ങളിൽ സമഗ്രമായ, വിശാലമായ ചർച്ച ആവശ്യമാണ്. മുന്നണിരാഷ്ട്രീയം ഇവിടെ ഭരണകക്ഷിയിൽ മാത്രമല്ല പ്രതിപക്ഷത്തും ഉണ്ട്. അവിടെ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നില്ലേ ? സി. പി. ഐ. ക്കും സി. പി. എം. നും അഭിപ്രായവ്യത്യാസമില്ലേ ? ശ്രീ. ബലറാം ഇപ്പോൾ ബാലരാമനാണ്. ബഹുമാനപ്പെട്ട ഇ. എം. എസ്. ഇപ്പോൾ എടോ നമ്പൂതിരിപ്പാടാണ്. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഐക്യത്തിനുവേണ്ടി കൊതിച്ച ഐക്യവേദികൾക്ക് വാസവദത്തയ്ക്കു കൊടുത്തതുപോലെ സമയമായില്ല എന്ന മറുപടിയാണ് ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് നൽകുന്നത്. 13-ാം കോൺഗ്രസ് പാറ്റ്നയിലും 12-ാം കോൺഗ്രസ് കൽക്കത്തയിലും കൂടിയപ്പോൾ പരസ്പരം കൊഞ്ഞനം കുത്തുകയായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികൾ. ആന്ധ്രയിലെ ഖമ്മം നിയോജകമണ്ഡലത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പു നടന്നപ്പോൾ പരസ്പരം കുത്തിമരിച്ചത് നമ്മൾ കണ്ടതാണ്. സി. പി. ഐ. യുടെ 13-ാം കോൺഗ്രസ് സമാപിച്ചപ്പോഴെങ്കിലും രാജീവ് ഗാന്ധിയിലും കോൺഗ്രസ്സിലും അൽപ്പം പുരോഗതി കണ്ടെത്താൻ സാധിച്ചു. ശ്രീ. രാജേന്ദ്രൻ ഇന്നലെ ഹസ്സനോട് ഇങ്ങോട്ടു വരില്ലെന്നു പറഞ്ഞു. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനടക്കമുള്ള ആളുകൾ വ്യത്യാസം നാളുകൾ കഴിയുമ്പോൾ, മാർക്സിസ്റ്റ് പാർട്ടിയുടെ കുത്തൊക്കെ സഹിക്കവയ്യാതാകുമ്പോൾ, അവിടംവിട്ട് ഇങ്ങോട്ടു വരുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല.

ഇവിടെ വർഗ്ഗീയത നിലനിൽക്കുന്നു എന്നു പറഞ്ഞു. വർഗ്ഗീയ പാർട്ടികളുമായി കൂട്ടുകൂടിയത് ആരാണ് ? ഇവിടെ പാവപ്പെട്ട എം. വി. രാഘവനെ പാർട്ടിയിൽനിന്ന് സസ്പെൻഡ് ചെയ്തിരിക്കുന്നു. കറിയേടത്ത് താത്രിക്കെതിരായി നടത്തിയ സ്മാർത്തവിചാരമാണ് ഏറ്റവും അറിയപ്പെടുന്ന സ്മാർത്തവിചാരം. അതുപോലൊരു സ്മാർത്തവിചാരമാണ് ബഹുമാനപ്പെട്ട നമ്പൂതിരി നടത്തിയിരിക്കുന്നത്. ബ്രാഹ്മണ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെ ചാരിത്ര്യം നഷ്ടപ്പെട്ടാൽ അവർക്ക് ഭ്രഷ്ട് കൽപ്പിച്ചും സാധനങ്ങളാക്കുന്ന ഒരു പരിപാടിയുണ്ടായിരുന്നു. അതുപോലെ പതിത്വം കൽപ്പിച്ച രണ്ട് സാധനങ്ങളും ഈ നിയമസഭയിലുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിലെ വീരവീരാട കുമാരനായ എം. വി. രാഘവനും ഇടതുപക്ഷ കക്ഷിയുടെ കപ്പിത്താനായിരുന്ന സഖാവ് കുഞ്ഞിക്കണ്ണനും. അവർ വർഗ്ഗീയതയെ എതിർത്തതിന്റെ പേരിലാണ് നിങ്ങൾ അവരെ പിൻ ബഞ്ചിലേക്ക് തള്ളിമാറ്റിയത്. നമ്മുടെ നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്. പുലയനെ ചാരി പോത്തിനെ തല്ലുകയെന്ന്. ഇന്ന് മാർക്സിസ്റ്റ് പാർട്ടി 'പുലയനെ ചാരി പോത്തിനെ തല്ലുകയാണ്'. നായനാർ എം. വി. രാഘവനേറയും കുഞ്ഞിക്കണ്ണനേറയും പേരിൽ നടപടി എടുത്തിരിക്കുകയാണ്. സഖാവ് നായനാർ പറഞ്ഞതല്ലേ കുഞ്ഞിക്കണ്ണൻ പറഞ്ഞത് ? ശ്രീ. നായനാർ പറഞ്ഞതല്ലേ എം. വി. രാഘവൻ പറഞ്ഞത് ? ഇന്നു പോലും ബഹുമാനപ്പെട്ട നായനാർ പ്രസംഗിച്ചപ്പോൾ ശ്രീമതി ഗൗരിയമ്മ പറയല്ലേ എന്നു പറഞ്ഞത് ഈ സഭയിലെ ആളുകൾ കേട്തമാണ്. കൽക്കത്ത കോൺഗ്രസിന്റെ കൊടിയിറക്കിയത് വർഗ്ഗീയപാർട്ടികളെ എതിർക്കുന്നവരെ പടിയടച്ചു പിണ്ഡം വച്ചുകൊണ്ടാണ്.

നിങ്ങളുടെ സ്ഥിതി ഇന്ന് വളരെയധികം ശോചനീയമായിരിക്കുകയാണ്. തമിഴ് നാട്ടിൽ നിങ്ങൾ വർഗ്ഗീയ കക്ഷികളുമായി
1 p. m.] കൂട്ടുകൂടിയിരിക്കുകയല്ലേ ? ഈ രാജ്യത്തെ എത്രയോ വർഗ്ഗീയ പ്രസ്ഥാനങ്ങളുമായി നിങ്ങൾ കൂട്ടുകൂടിയിരിക്കുന്നു. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ശ്രീ. എ. ബി. വാജ്പേയിയുടെ നിയോജക മണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയെ പിൻവലിച്ചു കൊണ്ട് നിങ്ങൾ അദ്ദേഹത്തിന് പിന്തുണ കൊടുത്തില്ലേ ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ എതിർക്കാൻവേണ്ടി ഏത് വർഗ്ഗീയ പ്രസ്ഥാനവുമായിട്ടാണ് നിങ്ങൾ കൂട്ടുചേരാത്തത് ? ദേശീയ രാഷ്ട്രീയ തലത്തിൽ കോൺഗ്രസിനെ എതിർക്കാൻവേണ്ടി ഈ രാജ്യത്തെ മുഴുവൻ വർഗ്ഗീയപ്രസ്ഥാനങ്ങളുമായും കൂട്ടുകൂടാൻ നിങ്ങൾ തയ്യാറായില്ലേ ? ഇവിടെത്തെ ഭൂരിപക്ഷ വർഗ്ഗീയതയെ താലോലിക്കുന്നതിനുവേണ്ടി രാഷ്ട്രീയകുതന്ത്രങ്ങൾ നടത്തിക്കൊണ്ട് ഇൻഡ്യയിലെ വർഗ്ഗീയ പ്രസ്ഥാനങ്ങളുമായി കൂട്ടുചേരുന്ന, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചുവന്ന പതാക വർഗ്ഗീയപാർട്ടികളുടെ പാദാരവിന്ദങ്ങളിൽ വയ്ക്കുന്ന സാക്ഷാൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയാണ് പുറത്താക്കേണ്ടത്. അല്ലാതെ പാവപ്പെട്ട ശ്രീ. കുഞ്ഞിക്കണ്ണനെയും ശ്രീ. എം. സി. രാഘവനെയുമല്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ബഹുമാനപ്പെട്ട നായനാരുടെ കാര്യംതന്നെ പെൻഡിങ്ങിൽ വച്ചിരിക്കുകയാണ് ; ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. ബെന്നിബഹനാൻ : സർ, ഞാൻ നേരത്തെതന്നെ പറഞ്ഞുവല്ലോ 'പുലയനെ ചാരി പോത്തിനെ തല്ലുന്നതുപോലെ' ശ്രീ. നായനാരെ തല്ലാൻ അൽപ്പം മടിയുള്ളതുകൊണ്ട് പാവപ്പെട്ട ശ്രീ. കുഞ്ഞിക്കണ്ണനെയും എം. വി. രാഘവനെയും തല്ലിയിരിക്കുകയാണെന്ന്. പാവപ്പെട്ട കുഞ്ഞിക്കണ്ണനെ പുറകോട്ടാക്കി ശ്രീ. ഹംസക്ക് ഇന്ന് സ്ഥാനക്കയറ്റം കിട്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട ഹംസയോട് എനിക്ക് ചോദിക്കാനുള്ളത് നിങ്ങൾ എന്തിനാണ് ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി കൾക്കുവേണ്ടി വീടുപണി ചെയ്യാൻ പോകുന്നത് എന്നാണ്. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർത്തുന്നതിനുവേണ്ടി സ്വന്തം ജീവരക്തം

LIBRARY ARCHIVES Kerala Legislative Assembly

വീയർപ്പാക്കി മാറ്റിയ ശ്രീ. പി. വി. കുഞ്ഞിക്കണ്ണനെ പാർട്ടിക്കകത്തെ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ പുറത്താക്കാൻ മടികാണിക്കാത്ത മാർക്സിസ്റ്റ് പാർട്ടി നാളെ നിങ്ങളെയും പുറത്താക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

പ്രാദേശികത്വത്തെ എതിർക്കുമെന്നു പറയുന്ന മാർക്സിസ്റ്റുപാർട്ടി, ആന്ധ്രയിൽ ചെയ്തിരിക്കുന്നതെന്താണ് ? രാജ്യസഭാ തെരഞ്ഞെടുപ്പിൽ നിങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പറായ ശ്രീ. ബാസവ പുന്നയ്യയെ ആന്ധ്രാപ്രദേശിൽനിന്നും ജയിപ്പിച്ചത് പ്രാദേശിക പാർട്ടിയായ എൻ. ടി. രാമറാവുവിന്റെ തെലുങ്കുദേശത്തിന്റെ സഹായത്തോടുകൂടി അല്ലേ ? ഈ രാജ്യത്തെ അഭിമാനമുള്ള കമ്മ്യൂണിസ്റ്റുകാർ ആന്ധ്ര എന്ന് കേൾക്കുമ്പോൾ അഭിമാനംകൊള്ളും. കാരണം തെലുങ്കാന ഉൾപ്പടെയുള്ള ഒട്ടേറെ സമരങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള സംസ്ഥാനമാണ് ആന്ധ്രാപ്രദേശ്. തെലുങ്കുസംസ്കാരത്തിന്റെ പേരിൽ പ്രാദേശികത്വത്തിന്റെ ഏറ്റവും വലിയ ആരാച്ചാരായ ശ്രീ. എൻ. റ്റി. രാമറാവുമായിട്ടല്ലേ നിങ്ങൾ കൂട്ടുകൂടിയിരിക്കുന്നത് ? ഇന്ന് ആസാമിൽ, പഞ്ചാബിൽ, അകാലിദളിനോട് ഒക്കെയുള്ള നിങ്ങളുടെ സമീപനം എന്താണ് ? മുന്നണിസംവിധാനത്തെ എതിർക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. ഇവിടെ മുന്നണി സംവിധാനം ആദ്യമായി തുടങ്ങിയത് ആരാണ് ? ഈ രാജ്യത്തെ വർഗ്ഗീയ—പ്രാദേശിക വാദികളുമായി കൂട്ടുചേർന്ന് അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ ഏതു ചെകുത്താനുമായും കൂട്ടുകൂടുമെന്ന് പറഞ്ഞവരല്ലേ നിങ്ങൾ ? ഈ രാജ്യത്തെ മുഴുവൻ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുമായി കൈകോർത്ത് പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ കമ്മ്യൂണിസ്റ്റു പാർട്ടികളാണ് ഇവിടെ ആദർശത്തെക്കുറിച്ച് സംസാരിക്കുന്നത്. അവരാണ് ദേശീയബോധത്തെക്കുറിച്ച് പ്രസംഗിക്കുന്നത്. ബഹുമാനപ്പെട്ട മി. നായനാർ നിങ്ങൾക്ക് എന്ന് മുതലാണ് ദേശീയബോധം ഉണ്ടായിത്തുടങ്ങിയത് ? ഇവിടെ പ്രശ്നങ്ങളുണ്ടായപ്പോൾ, ഈ രാജ്യത്തെ ദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിങ്ങളുടെ പാർട്ടി എന്താണ് ചെയ്തത് ? വിദേശീയാക്രമണം നേരിട്ട സമയത്തുപോലും 'ചൈന ചൈനയുടേതെന്ന് പറയുന്നതും ഇൻഡ്യ ഇൻഡ്യയുടേതെന്ന് പറയുന്നതും' എന്നും മറ്റും പറഞ്ഞു നടന്നവരല്ലേ നിങ്ങൾ ? ആ നിങ്ങളാണോ ദേശീയ താൽപ്പര്യത്തെക്കുറിച്ച് പ്രസംഗിക്കുന്നത് ? കോൺഗ്രസ്സുമായി പലപ്പോഴും ഒരേ സമയത്ത് ഒന്നിച്ച് പ്രവർത്തിച്ചിട്ടുള്ളവരെന്ന നിലയ്ക്ക് ഞാൻ പറയുകയാണ് നിങ്ങളുടെ മനസ്സിന്റെ അടിത്തട്ടിൽ അല്പമെങ്കിലും ദേശീയ ബോധമുണ്ടെങ്കിൽ അതിൽ ഞാൻ സന്തോഷിക്കുന്നു. ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ഈ മാർച്ച് 14-ാം തീയതി ബഹുമാനപ്പെട്ട കേരള ഗവർണർ ഈ സഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട കോൺഗ്രസ് അംഗം അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്, ഈ സഭയിലെ പല കോൺഗ്രസ് അംഗങ്ങളും മറ്റ് അംഗങ്ങളും ഈ സർക്കാരിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെക്കുറിച്ച് വാതോരാതെ വാഴ്ത്തി പ്രസംഗിക്കുന്നത് ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. ബെന്നി ബഹനാൻ സർക്കാർ ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ച് പ്രസംഗിക്കുന്നതു കേട്ടു. ഇറിഗേഷൻ മന്ത്രി വെള്ളം ഒഴുക്കിയതും, എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., മേഖലകളിൽ റോഡ് വെട്ടിയതും കെട്ടിടങ്ങൾ കെട്ടിയതുമായ കഥകൾ പറയുകയുണ്ടായി. വരൾച്ചയുടേയും വെള്ളപ്പൊക്കത്തിന്റെയും പേരുകൾ പറഞ്ഞ് ഇവിടെ നടത്തിയിട്ടുള്ള പണികൾ മാത്രം ഒന്ന് പരിശോധിച്ചുനോക്കിയാൽ കേരളത്തിലിന്ന് ഒരു ഭരണം ഉണ്ടോയെന്ന് ആലോചിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പോകും. ഇവിടെ നടത്തിയിട്ടുള്ള അഴിമതിക്കും എണ്ണിയാലൊടുങ്ങാത്തവയാണ്. കഴിഞ്ഞ ആറുമാസക്കാലത്തെ കാര്യം മാത്രം പരിശോധിച്ചാൽ ഇവിടെ ഒരു സർക്കാരോ മന്ത്രിസഭയോ ഇല്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു പല മന്ത്രിമാരും ഞങ്ങളും ഒരുമിച്ച് ഭരിക്കും എന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നത് കേൾക്കുമ്പോൾ ഒരു പരിഹാസച്ചിരിയോടല്ലാതെ അത് കേൾക്കുവാൻ സാധിക്കുകയില്ല. ഈ പ്രഖ്യാപനം നടത്തിയതിനുശേഷം ഭരണകക്ഷി ബഞ്ചുകളിലെ ഭിന്നിപ്പ് മറച്ചുവയ്ക്കുന്നതിനുവേണ്ടി പ്രതിപക്ഷ ബഞ്ചുകളിലെ ചില പാർട്ടിക്കാരുടെ പ്രശ്നങ്ങളും മാത്രമാണ്. അവർ എടുത്തുകാണിക്കുവാൻ ആഗ്രഹിക്കുന്നതും അവരുടെ പ്രസംഗങ്ങളിൽ പൊന്തിച്ചുനിൽക്കുന്നതും. എനിക്ക് നിങ്ങളോടു ഒരു കാര്യം ചോദിക്കാനുണ്ട്. നിങ്ങൾ തമ്മിൽ പരസ്പര ഐക്യത്തോടെയുള്ള ഒരു നിമിഷം ഈ നിയമസഭയ്ക്കകത്തല്ലാതെ മറെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും മറ്റു ചില നേതാക്കൻമാരും കോൺഗ്രസിനും കേരള മുഖ്യമന്ത്രി ശ്രീ. കരുണാകരനും എതിരായി നടത്തിയിട്ടുള്ള പരാമർശങ്ങളും, അട്ടഹാസങ്ങളും, ഇവയൊന്നുംതന്നെ ഇവിടെ സൂചിപ്പിക്കാനുള്ള ധൈര്യം ഇവർ കാണിച്ചില്ല. മാറിച്ച് വെറും കവല പ്രസംഗങ്ങളും മാത്രമാണിവർ നടത്തിയത്. കേരള ഗവർണറെക്കൊണ്ട് ഈ ഭരണപക്ഷത്തിരിക്കുന്ന ആളുകൾക്ക് വേണ്ടിയും മന്ത്രിസഭയ്ക്കുവേണ്ടിയും ഒരു നയപ്രഖ്യാപനം നടത്തിയിരിക്കുകയാണിവിടെ. സാധാരണ വൈദികൻമാർ ചരമപ്രസംഗങ്ങൾ നടത്തുന്നതുപോലെ, ഒരു മനുഷ്യൻ മരിച്ചുകിടക്കുമ്പോൾ പ്രേതത്തിന്റെ മുമ്പിൽനിന്ന് ജീവിച്ചിരുന്ന സമയത്ത് അയാൾക്കില്ലാതിരുന്ന ഗുണഗണങ്ങളെക്കുറിച്ച് പറയുന്നതുപോലെ, ഒരു പ്രസംഗമായിരുന്നു ഗവർണർ നടത്തിയ നയപ്രഖ്യാപനം. ഈ രാജ്യത്തെ ജനങ്ങളുടെ മനസ്സിൽ ചലനം ഉണ്ടാക്കത്തക്ക ഒരു പ്രസംഗം നടത്താൻ ഗവർണ്ണർക്ക് കഴിഞ്ഞില്ല. എനിക്ക് മുമ്പേ പ്രസംഗിച്ച പല സുഹൃത്തുക്കളും പറയുകയുണ്ടായി. ഇത് കോൺഗ്രസിന്റെ നയപ്രഖ്യാപനമാണെന്ന്. ഇതിൽ ചില പരാമർശനങ്ങളും കേരള ഗവർണർ നടത്തിയിട്ടുണ്ട്. അതൊക്കെ നടക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചാണ്. ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെക്കുറിച്ചോ അഭ്യസ്ത വിദ്യരായ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരെക്കുറിച്ചോ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ ഒരു പരാമർശവുമില്ലെന്ന കാര്യം നിങ്ങളും ഓർക്കേണ്ടതാണ്. ഇവിടെ 26 ലക്ഷം ആളുകളാണ് കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അവർക്ക് തൊഴിൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ട ഏതെങ്കിലുമൊരു പരാമർശം നടത്താൻ ഗവർണറുടെ പ്രസംഗത്തിൽ കഴിഞ്ഞിട്ടില്ലെന്ന കാര്യം നിങ്ങളും ഒരു നിമിഷം ആലോചിക്കണം. ഇവിടെ ഇരുന്ന് വാതോരാതെ പ്രസംഗിക്കുമ്പോൾ നിങ്ങൾ പാലൂട്ടി വളർത്തുന്ന ഐക്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, പ്രതിപക്ഷത്തെ ആളുകളുടെ ഐക്യത്തെക്കുറിച്ച് നിങ്ങൾ വാദമുഖങ്ങൾ ഉന്നയിക്കുമ്പോൾ, ഒരുമിച്ചിരുന്ന് ഒരു ഭരണസംവിധാനത്തിൽ ഏർപ്പെടാൻ സാധിച്ചിട്ടുണ്ടായെന്ന് നിങ്ങൾ ഓർക്കണം.

കേരളത്തിലെ മുഖ്യമന്ത്രിയെക്കുറിച്ച് പറയുകയാണെങ്കിൽ അദ്ദേഹം ബ്രൂട്ടസിനെപ്പോലെ മഹാനാണെന്ന് പറയേണ്ടി വരും. ബ്രൂട്ടസിന് ഒരുകാര്യം. മാത്രമേ ചെയ്യാൻ പറ്റാതെ അവശേഷിച്ചുള്ളൂ. ജൂലിയസ് സീസറെ കുത്തിമലർത്തിയതിനുശേഷം ആ ശവസംസ്കാരകർമ്മം നടത്താൻ സാധിച്ചില്ല. കേരളത്തിലെ മന്ത്രിസഭ ഇന്ന് തമ്മിൽത്തല്ലി തലകീറി മരിച്ച് അതിന്റെ പോസ്റ്റ്മാർട്ടം നടത്തി കിടത്തിയിരിക്കുകയാണ്. അതിന്റെ ശവസംസ്കാരകർമ്മം നടത്തേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

ആര് എന്ന് തീരുമാനിക്കേണ്ട ഒരു പ്രശ്നം മാത്രമേ ഇവിടെ അവശേഷിക്കുന്നുള്ളൂ. ഇവിടെ ഇന്നലെ എക്സൈസ് മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട മെമ്പർ പ്രസംഗിക്കുകയുണ്ടായി. ഈ മന്ത്രി അഴിമതിക്കാരനാണെന്ന്—പന്ത്രണ്ടുകോടി രൂപയോളം അദ്ദേഹത്തിന്റെ അഴിമതിയുടെ പട്ടികയിലുണ്ടെന്നും അത കൊണ്ട് ഈ മന്ത്രിയെ പിൻവലിക്കണമെന്നും എഴുതിക്കൊടുക്കുകയുണ്ടായി. അതിന് എന്തു മറുപടിയുണ്ടായിയെന്ന് അറിയാൻ സാധിച്ചിട്ടില്ല. ഇവിടെ സ്വജനപക്ഷപാതമാണ് നടക്കുന്നതെന്ന് ഞാൻ പറയുന്നു; ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം. എന്റെ നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാമിലെ കാണ്ടൂർ ലൈനിനകത്ത് അധിവസിക്കുന്ന ഒരിഞ്ചുഭൂമി പോലും ഇല്ലാത്ത 160 കുടുംബങ്ങളുണ്ട്. അവർക്ക് നെട്ടുകാൽത്തേരിയിൽ ഉള്ള വനം മരം വെട്ടിമാറ്റിയതിൽ നിന്നും ഒരേക്കർ വീതം ഭൂമി കൊടുക്കുന്നതിനുള്ള നടപടികളും സർക്കാർ പൂർത്തിയാക്കിയെന്ന് പറയാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. പക്ഷേ ഇന്നും ആ ഫയലുകൾ ചുവപ്പുനാടയിൽ കരുങ്ങിക്കിടക്കുകയാണ്. ആ പ്രദേശത്ത് അടുത്തകാലത്ത് ഒരളവ് നടന്നു. ആ അളവ് നടന്നത് എന്തിനാണെന്ന് ഒരു ഉത്തരവാദപ്പെട്ട നിയമസഭാ സാമാജികനെന്നുള്ള നിലയിൽ അന്വേഷിച്ചപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പറഞ്ഞത്, അമ്പതേക്കർ ഭൂമി അളന്നു പ്ലാൻ സ്കെച്ച് കൊടുക്കാൻ റവന്യൂ മന്ത്രി നിർദ്ദേശം കൊടുത്തിരിക്കുന്നതായിട്ടാണ്. റവന്യൂവകുപ്പുമന്ത്രി ഗാനഗന്ധർവനെന്നു പറയുന്ന യേശുദാസിന് അമ്പതേക്കർ ഭൂമി ഫ്രീയായി പതിച്ചുകൊടുക്കുന്നതിന് അടിയന്തിരമായി നടപടികൾ നടത്തി ആ ഫയൽ സേഫ് കസ്റ്റഡിയിൽ വയ്ക്കാൻ ഉത്തരവിട്ടതായിട്ടാണറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയണം. എന്തിന്റെ വേണ്ടിയാണ് അവിടെ അമ്പതേക്കർ ഭൂമി അളക്കപ്പെട്ടതെന്നും എന്തിനാണ് അതിന്റെ പ്ലാൻസ് കെച്ച് സേഫ് കസ്റ്റഡിയിൽ വയ്ക്കാനുള്ള നിർദ്ദേശമുള്ളതെന്നും അറിയേണ്ട അവകാശം ഈ രാജ്യത്തെ ജനങ്ങൾക്കുണ്ട്. അവിടെ കഴിയുന്ന 160 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമിവീതം അവരെ പുനരധിവസിപ്പിക്കുന്നതിന് കൊടുക്കണമെന്ന് വാഗ്ദാനം ചെയ്തിട്ട് വർഷങ്ങളേറെയായി. അവിടെയുള്ള പാവപ്പെട്ടവനു വേണ്ടി എന്തെങ്കിലും സംരക്ഷണ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ടാൽ അതിനുവേണ്ടി സമയം കണ്ടെത്താൻ ഈ രാജ്യത്തെ മന്ത്രിസഭയ്ക്ക് സാധിക്കുകയില്ല. അവർക്ക് ഇവിടെ തമ്മിലടിക്കാനേ സമയമുള്ളൂ. ഇവിടെ അടുത്തകാലത്ത് ഒരു ക്രിമിനൽ കുറ്റവാളിയെപ്പോലെ പ്രവർത്തനം നടത്തിയതിന്റെ ഫലമായിട്ടാണ് ശ്രീ. എം. പി. ഗംഗാധരൻ രാജി വയ്ക്കേണ്ടി വന്നത്. രാജിവച്ച മന്ത്രിക്ക് സ്തുതിപാഠകനായി മാറേണ്ട ഗതികേട് കേരളത്തിലെ മുഖ്യമന്ത്രിക്ക് ഉണ്ടായിയെന്നു പറഞ്ഞാൽ അവർ തമ്മിലുള്ള അവിഹിത ബന്ധത്തിന്റെ കഥയിലേക്ക് നമ്മൾ കടന്നുചെല്ലേണ്ടിവരും. ഞാനൊരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. വാട്ടർ അതോറിട്ടിയുടെ ബില്ല് സബ്ജക്ടു കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ആ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സമയം കണ്ടെത്താത്ത മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണെന്ന് ഞാൻ പറഞ്ഞാൽ മുഖ്യമന്ത്രിക്ക് നിഷേധിക്കാൻ സാധിക്കില്ല. രാജി വച്ചതിനുശേഷം റൂൾസ് പ്രൊവീം ചെയ്തു നൂറു കണക്കിനാളുകളെ പിൻവാതിലിലൂടെ നിയമനം നടത്തുന്ന നടപടിക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. ഇതാണ് ഈ കേരളത്തിന്റെ മുഖ്യമന്ത്രി ഇന്നുവരെ പറഞ്ഞുകൊണ്ടിരിക്കുന്ന പ്രതിഛായ വർദ്ധിപ്പിക്കൽ. അങ്ങനെ വർദ്ധിപ്പിച്ചാൽ പ്രതിച്ഛായ വർദ്ധിപ്പിക്കുമോയെന്ന് ഭരണപക്ഷത്തിരിക്കുന്ന സുഹൃത്തുക്കൾ ഒരു നിമിഷം ആലോചിച്ചു നോക്കണം. ഒരു കാര്യംകൂടി ഞാൻ പറഞ്ഞു നിറുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സുഹൃത്ത് ശ്രീ. കുഞ്ഞാലിക്കുട്ടി ഇവിടെ ഒരു കുമ്പസാര പ്രസംഗം നടത്തുകയുണ്ടായി. ആ പ്രസംഗത്തിന്റെ സത്യാവസ്ഥയിലേക്ക് കടന്നുചെല്ലാൻ ഞാനാഗ്രഹിക്കുന്നില്ല. കേരളത്തിന്റെ സ്ഥിതി ഇത്തരത്തിലാണെങ്കിൽ.....ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്നുണ്ടായ സംഭവബഹുലമായ കാര്യങ്ങളെത്തുടർന്ന് വളരെ വിശ്വസ്തവും ബന്ധപ്പെട്ടുള്ളതുമെന്ന് കരുതപ്പെടുന്ന തീഹാർ ജയിലിലാണ് അതിന്റെ വിചാരണ നടന്നത്. ആ ജയിലിൽ നടന്ന സംഭവം ഈ രാജ്യത്തെ ജനങ്ങളുടെ മനസ്സു മടുപ്പിക്കുന്നതും ഞെട്ടിപ്പിക്കുന്നതുമായിരുന്നു. ശ്രോഭരോജ് എന്നറിയപ്പെടുന്ന അന്താരാഷ്ട്ര കള്ളക്കടത്തുകാരൻ അവിടെനിന്ന് ജയിൽചാടിപ്പോയിരിക്കുന്നു. ഭദ്രമെന്നും സുരക്ഷിതമെന്നും എല്ലാവരാലും അംഗീകരിക്കപ്പെട്ട തീഹാർ ജയിലിലെ ഉദ്യോഗസ്ഥൻമാർ ബോധംകെട്ടിരിക്കുകയായിരുന്നു. ഇതിനുത്തരവാദി ആരാണ്? ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നത് കേരളത്തിലെ കോടതികളെക്കുറിച്ച് ഭരണപക്ഷത്തുള്ള ആളുകൾക്ക് പോലും ഇപ്പോൾ വിശ്വാസം കുറഞ്ഞിരിക്കുന്നു എന്നാണ്. ആറുമാസമായി ആ ജയിലിന്റെ മേൽനോട്ടം ശ്രോഭരോജിനാണെന്ന് പരാതിവന്നതിന്റെ പേരിൽ സുപ്രീം കോടതി അന്വേഷിച്ചപ്പോൾ മനസ്സിലാക്കിയ വസ്തുത അതിനുപോലും പരിഹാരമുണ്ടാക്കാൻ കേന്ദ്ര നേതൃത്വത്തിന് കഴിഞ്ഞില്ലെന്നല്ലേ? ഈ രാജ്യത്ത് ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ആളുകൾക്ക് സംരക്ഷണം കൊടുക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കുറ്റവാളികളെ കണ്ടുപിടിക്കാൻ കേരളത്തിൽ അധികാരത്തിലിരിക്കുന്ന സർക്കാരിന് സാദ്ധ്യമല്ല. അതുകൊണ്ട് ഈ ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഞാനുൾക്കൊള്ളുന്ന പാർട്ടിയെ സംബന്ധിച്ചും അതിന്റെ താത്വിക വശങ്ങളെ സംബന്ധിച്ചുമൊക്കെ ഇൻഡ്യയിലും കേരളത്തിലും ശക്തിമത്തായ പരാമർശനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ ഭാഗത്തിരിക്കുന്ന പ്രധാന ഘടക കക്ഷിയും മുന്നണിയുമായി കഴിഞ്ഞ പതിനൊന്നരക്കൊല്ലം ഞാൻ ഒന്നിച്ചിരുന്നതാണ്. വ്യക്തമായും ഇൻഡ്യാരാജ്യത്ത് മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നുണ്ടെന്നും മുസ്ലീം ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചെടുക്കാൻ ആ പാർട്ടി പൊരുതുമെന്നും ആന്ധ്രയിൽ കൂടിയ അവരുടെ ദേശീയസമ്മേളനത്തിൽ അംഗീകരിച്ചിരിക്കുന്നു. അതിനുശേഷം നിരന്തരമായി ഇവിടെ നടന്ന സംഭവഗതികളും ആ ഭാഗത്ത് പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ അവകാശങ്ങൾ ഒരു നിലയ്ക്ക് വിശകലനം ചെയ്യുമ്പോൾ മാറിമാറി അതു മതമൗലികതയായും വർഗ്ഗീയതയായും പിന്തിരിപ്പനായുമെല്ലാം വ്യവഹരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ സാധാരണഗതിയിൽ ഉണ്ടായ വളരെ പ്രധാനപ്പെട്ട ഒരു വിധി ഈ നിലയ്ക്ക് വിശകലനം ചെയ്യാൻ ആ വിഭാഗത്തെ പ്രേരിപ്പിച്ചു. അത് ഏറ്റവും വലിയ പുരോഗമനപരമായ താണെന്നാണ് ആ വിഭാഗം വിധിയെഴുതിയത്. ഭർത്താവ് ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്ക് അടുത്തൂൺ കൊടുത്തിരിക്കണമെന്നാണ് ഏറ്റവും വലിയ പുരോഗമനപരമായി ആ വിഭാഗം കൊട്ടിഘോഷിച്ചത്. സ്ത്രീ-പുരുഷ സമത്വം പരിപൂർണ്ണമായി അംഗീകരിക്കുന്ന ഒരു വിഭാഗം ഈ വിധത്തിൽ വന്നത് വിധിവൈപരിത്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം സ്ത്രീ-പുരുഷ സമത്വം വളരെ വ്യക്തമായി അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ചുകൊണ്ടു പറയുമ്പോൾ അതിനുള്ളിൽ മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

പതിത്വമുണ്ടെന്നോ അംഗീകരിക്കാൻ ഞങ്ങൾക്കു കഴിയില്ല. പുരുഷനെ സംബന്ധിച്ചിടത്തോളം ഇസ്ലാമിന്റെ നിർദ്ദേശം, പുരുഷൻ നായകനാണെങ്കിൽ സ്ത്രീ നായികയാണെന്നാണ്. നാലാളുകൂടുമ്പോൾ അതിനൊരു നേതാവ് ഉണ്ടാകണമെന്നുള്ള ഒരു വ്യവസ്ഥയൊഴിച്ചാൽ മറ്റൊരു മേധാവിത്വവും പുരുഷനെ സംബന്ധിച്ചിടത്തോളമില്ല. അങ്ങനെ വിവക്ഷിക്കുന്ന ഒരു വിഭാഗം, നാട്ടിൽ സ്ത്രീ-പുരുഷ സമത്വമുണ്ടാകണമെന്നു പറയുന്ന ഒരു വിഭാഗം അടുത്തൂൺ കൊടുത്തുകൊണ്ട് അവരെ പരിരക്ഷിച്ച് അവരുടെ പതിത്വം ആണിയിട്ട് ഉറപ്പിക്കണമെന്നുള്ള വാദവുമായി വന്നതു വിചിത്രമായിരിക്കുന്നു വെന്നാണ് എനിക്കു പറയാനുള്ളത്. മൗലികമായി വാഗ്ദാനം ചെയ്തിട്ടുള്ള മൗലികാവകാശം എന്നുള്ള നിലയ്ക്ക് ഈ അടുത്തൂൺ കൊടുത്ത് സ്ത്രീത്വത്തെ പതിത്വപ്പെടുത്തുന്നതിൽ നിന്ന് മുസ്ലീം സമുദായത്തെ മാറ്റണമെന്ന് അഭ്യർത്ഥിച്ചപ്പോൾ ന്യൂനപക്ഷ അവകാശം സംരക്ഷിക്കപ്പെടുമെന്നുള്ളതിനെ സംബന്ധിച്ച് വളരെ വ്യക്തമായി ന്യൂനപക്ഷങ്ങളുടെ മുഴുവൻ അനുഭാവവും പിടിച്ചുപറ്റാത്തക്കനിലയിൽ ഇൻഡ്യൻ പാർലമെന്റിൽ വളരെ ധൃതിപിടിച്ച് ഇത്തരത്തിലൊരു ബില്ല് അവതരിപ്പിച്ചിരിക്കുകയാണ്. ഇൻഡ്യയിലെ മുസ്ലീങ്ങളുടെ സിംഹഭാഗത്തിന്റെയും പിൻതുണ അതിന് ഉറപ്പിക്കൊള്ളുന്നുവെന്നുള്ളത് വളരെ വ്യക്തമായും തെളിഞ്ഞു കഴിഞ്ഞിട്ടുള്ള ചുറ്റുപാടാണ്. അതു വെച്ചുകൊണ്ട് ഇവിടെ ഞങ്ങളെ വർഗ്ഗീയവാദികളാക്കി. വർഗ്ഗീയവാദത്തിന് ഞാനിവിടെ മറുപടി പറയണമെന്ന് ആഗ്രഹിക്കുന്നില്ല. ഇവിടെ നിരന്തരമായി പരാമർശനങ്ങൾ നടന്നിട്ടുള്ളതാണ്. ഞാനും ചില കാര്യങ്ങൾ ഇതിനുമുമ്പ് പറഞ്ഞിട്ടുണ്ട്. ലോകത്ത് ഒരു ജനാധിപത്യ സംവിധാനവും ഒരു തത്വശാസ്ത്രവും ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി സംഘടിക്കുന്നത് വർഗ്ഗീയമാണെന്ന് നിർവ്വചിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി, ഇവിടത്തെ മത ന്യൂനപക്ഷം മർദ്ദിതരാണെന്നും അവരുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊടുക്കണമെന്നും രേഖാമൂലം അംഗീകരിച്ചു. ഞങ്ങൾ ഒന്നിച്ച് ഇരുന്നപ്പോൾ മൂന്നു തെരഞ്ഞെടുപ്പുകളിലും ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് അടിവരയിട്ട് വാഗ്ദാനങ്ങൾ നിരത്തി വച്ചിരുന്നതാണ്. ആ ചുറ്റുപാടുകൾ വച്ച് എന്തു സംരക്ഷണമാണ് അതുകൊണ്ട് ഉദ്ദേശിച്ചതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഞങ്ങൾ ഇൻഡ്യയിൽ പ്രവർത്തിക്കുവൻ തുടങ്ങിയതു മുതൽ ഭരണഘടനാ നിർമ്മാണസഭയിലായാലും പുറത്തായാലും വളരെ വ്യക്തമായി ശരിയത്ത് സംരക്ഷിച്ചെടുക്കണമെന്ന വാഗ്ദാനം ചെയ്തു. ഞങ്ങൾ ഒരു സ്ഥലത്തും യോഗം കൂടിയിട്ട് ഞങ്ങളുടെ നയത്തിലോ പരിപാടികളിലോ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഞങ്ങൾ അത് അനുസ്യൂതം തുടരുന്നു. അവിടേക്ക ലീഗുമായി ഞങ്ങൾ സഖ്യം ഉണ്ടാക്കിയപ്പോഴും തെരഞ്ഞെടുപ്പിൽ ഒന്നിച്ച് മൽസരിച്ചപ്പോഴും ജയിച്ചപ്പോഴും എല്ലാം ഞങ്ങളുടെ നയം അതൊന്നുതന്നെയായിരുന്നു. ഇപ്പോഴും ആ നയംവച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു പാർട്ടിയിതു പറയുകവഴി വർഗ്ഗീയവാദികളായിരിക്കുന്നുവെന്നാണ് ഇവിടെ വിവക്ഷിക്കപ്പെട്ടിട്ടുള്ളത്. ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും ഒരുപോലെയല്ല എന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി അംഗീകരിക്കുന്ന കാര്യമല്ലേ ? ഇത് ഒരു സുപ്രഭാതത്തിൽ എങ്ങനെ വർഗ്ഗീയതയായി മാറുന്നുവെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ന്യൂനപക്ഷ അവകാശം സംരക്ഷിക്കപ്പെടുകയെന്നുള്ളത് ഇൻഡ്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള, ലോകത്തെ മ്പാടുമുള്ള ജനാധിപത്യ ഭരണഘടനകളും അംഗീകരിച്ചിട്ടുള്ള തത്വമാണ്. എന്നാൽ ഇതിനെ മതമൗലികതയെന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുന്നു. എന്താണ് മത മൗലികതയെന്നുള്ളത് ഒരെത്തുംപിടിയും കിട്ടാത്ത വാദമാണ്. ചിലർ ഞങ്ങളെ "പിന്തിരിപ്പൻമാർ" എന്നുപറഞ്ഞ് അഭിസംബോധന ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു. ഈ പിന്തിരിപ്പൻ എന്നുള്ള പദപ്രയോഗം വളരെ അതിരുകടന്നതായിപ്പോയിയെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കേരള സ്റ്റേറ്റിൽ ഏതെങ്കിലും പുരോഗമനപരമായ ഒരു കാര്യം മുസ്ലീം ലീഗിന്റെ പങ്കില്ലാതെ നടന്നിട്ടുണ്ടെന്നു തെളിയിക്കുവാൻ ആ ഭാഗത്തിന് സാദ്ധ്യമാണോ ? ഇത് ഇന്ന് തുടങ്ങിയതല്ല. മദിരാശി നിയമസഭയിൽ മലബാർ കുടിയായ്മ ബില്ല് വന്നപ്പോഴും എന്റെ നേതാവ് ശ്രീ. സീതി സാഹിബ് സംസാരിച്ചപ്പോഴും ശ്രീ. രാജഗോപാലാചാരി ചോദിച്ചത് മി. സീതി എപ്പോഴും കമ്മ്യൂണിസ്റ്റായിയെന്നാണ്. അന്ന് ഈ പുരോഗമന പ്രസ്ഥാനമൊന്നും വളർന്നു വന്നിട്ടില്ല. അടിസ്ഥാന വർഗ്ഗത്തെ മാത്രം സംഘടിപ്പിച്ചുകൊണ്ടുള്ള, പാവപ്പെട്ടവരെ മാത്രം സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു പാർട്ടിയല്ല ഞങ്ങളുടേത്. ആയിരക്കണക്കിന് ഭൂവുടമകളും ജൻമിമാരും മറാളുകളും ഉൾപ്പെടുന്ന പാർട്ടിയാണ് ഞങ്ങളുടേത്. ഭയം കൂടാതെ ഞാൻ പറയട്ടെ, 50 ശതമാനം ഭൂവുടമകളും ജൻമികളും മുസ്ലീങ്ങളാണ്. എന്നിട്ടും 1970 ജനുവരി 1-ാം തീയതി മുതൽ ജന്മിത്വം എന്നെന്നേക്കുമായി അവസാനിപ്പിക്കുന്ന പ്രക്രിയയ്ക്ക് അടിവരയിട്ട് പിന്തുണ നൽകി രൂപപ്പെടുത്തിയെടുത്തത് മുസ്ലീം ലീഗായിരുന്നു എന്നുള്ളതാണ് വസ്തുത. വനദേശവൽക്കരണ ബിൽ വരുമ്പോഴും 85 ശതമാനം കാടുകളും മുസ്ലീങ്ങളുടേതായിരുന്നു. കല്ലാടി കുഞ്ഞുമുഹമ്മദ് സാഹിബ് നട്ടുവളർത്തിയ തേക്കിൻ തോട്ടം ഞാൻ ഈയിടെ ഒരു നിയമസഭാ കമ്മിറ്റിയുടെ കൂടെ പോയപ്പോഴും കാണുകയുണ്ടായി. അദ്ദേഹത്തിന്റെ അവകാശികൾക്ക് ഒരു ദിവസം 100 തേക്കിൻതടി മുറിച്ച് വിൽക്കാൻ കഴിയുന്ന വിധത്തിൽ വിസ്തൃതമായ തോട്ടമാണ് അത്. അത് ഒരു നയാപ്പൈസകൊടുക്കാതെയാണ് ദേശവല്ക്കരിച്ചത്. കർഷകത്തൊഴിലാളി ക്ഷേമ ബില്ലായാലും വ്യാവസായികത്തൊഴിലാളി ക്ഷേമ ബില്ലായാലും മുസ്ലീം ലീഗിന്റെ പിന്തുണ നിരന്തരമായി ഈ രംഗത്തുണ്ടായിട്ടുണ്ട്. ഈ വക ചുറ്റുപാടുകൾ വച്ച് ഞങ്ങൾ പിന്തിരിപ്പൻമാരാണെന്ന് അഖിലേന്ത്യാതലത്തിൽ അഖിലേന്ത്യാപാർട്ടികളുമായി ബന്ധപ്പെടുന്നു വെന്നും പറയുന്നു ആ ഭാഗത്തിരിക്കുന്ന എന്റെ പഴയസുഹൃത്തുക്കളെ വേദനിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഒന്നിലധികം പാർട്ടികൾ അഖിലേന്ത്യാതലത്തിൽ ഒരു പിന്തിരിപ്പനാണെന്നുള്ള വസ്തുത അംഗീകരിക്കാതിരിക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ ? അവിടെയിരിക്കുന്ന രണ്ടു പാർട്ടികളെ കമ്മ്യൂണിസ്റ്റുകാരുടെ മുന്നണിയുമായി ബന്ധപ്പെടുത്തുവാൻ സാധിക്കുന്ന ചുറ്റുപാടുകളാണോ ഇന്നുള്ളത്?. എന്നിട്ട് അത് പുരോഗമനപരമായിരിക്കുന്നു ! നിരന്തരമായും പുരോഗമനപരമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾ മത മൗലികതയുടെ ആളുകളായിമാറിയിരിക്കുന്നു! മതമൗലികതയെന്നു പറയുമ്പോൾ വളരെ വ്യക്തമായി ഒരു പ്രഖ്യാപനമെന്ന നിലയിൽ പറയാൻ ഞാനാഗ്രഹിക്കുന്നു-മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം മത നിരക്ഷരതയിൽ അടിയുറച്ച് വിശ്വസിക്കുന്നു. മത നിരക്ഷരത ഈ നാട്ടിൽ അഭംഗുരം തുടരണമെന്നത് ഉൽക്കടമായ തത്വമായി അംഗീകരിച്ചിരിക്കുകയാണ്. ഗവർമെന്റ് മതേതരമാണെങ്കിലും മതഭീഷ്മാ ന്യൂനപക്ഷങ്ങളേ സംരക്ഷിച്ചുകൊള്ളുവാനുള്ള ബാദ്ധ്യത ഭരണകൂടത്തിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റൽ മാത്രം ഞങ്ങളുടെ ലക്ഷ്യമായി. അതിലപ്പുറം ഒരു ചെറിയ ആവശ്യംപോലും ഉന്നയിക്കാതെ കണ്ട് ഈ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി, അഖണ്ഡതയ്ക്കുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് ഞങ്ങൾ. അത് ഞങ്ങളുടെ മൗലികമായ ലക്ഷ്യമായി അംഗീകരിച്ചു കൊണ്ടിരിക്കുകയാണ്. മുസ്ലീം ലീഗുകാർ നിലകൊള്ളുന്നത് മൂന്നു ലക്ഷ്യങ്ങൾക്കുവേണ്ടിയാണ്. ഒന്ന് ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കുക. രണ്ട് സാമുദായിക സൗഹാർദ്ദം സ്ഥാപിച്ചെടുക്കുക. മൂന്ന് മുസ്ലിങ്ങളടക്കമുള്ള ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുക. ഈ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുന്ന മുസ്ലീം ലീഗ് കഴിഞ്ഞ 39 കൊല്ല ക്കാലമായി ഇത് പ്രാവർത്തിക രൂപത്തിൽ കാണിച്ചുകൊടുത്തിരിക്കുക യാണ്. ഇന്ന് ഒരു പ്രഭാതത്തിൽ അത് മത മൗലീകതയും വർഗ്ഗീയതയു മായി മാറിയിരിക്കുന്നു. വിചിത്രമെന്നല്ലാതെ ഇതിനെ സംബന്ധിച്ച് എനിക്ക് കൂടുതലൊന്നും പറയുവാനില്ല. ഇൻഡ്യൻ പാർലമെന്ററിൽ അവതരി പ്പിച്ചിട്ടുള്ള ബില്ല് വളരെ വിവാദവിഷയമായിരിക്കുകയാണ്.

ഇവിടെ രണ്ടുതരം പൗരൻമാരെ ഉണ്ടാക്കുന്നുവെന്നതാണ് പുതിയ വാദഗതി. രണ്ടുതരം പൗരൻമാരാണെന്നു പറഞ്ഞാൽ ഒരു ജനാധിപത്യ രാജ്യത്ത് ഇൻഡ്യൻ ഭരണഘടനയിൽ എഴുതിവച്ചിരിക്കുന്നു-ഒരു മതവിഭാഗത്തിന് മറെറാരു വിഭാഗത്തിന് ധരിച്ചുകൂടാത്ത ആയുധങ്ങൾ ധരിച്ച് സഞ്ചരിക്കാ മെന്ന്. ഇത് രണ്ടുതരം പൗരത്വമല്ലേ ? ആ ഭാഗത്തുനിന്നും സംസാരി ക്കുന്നവർ വർഗ്ഗീയ വീക്ഷണത്തിൽ സംസാരിക്കുന്നു എന്ന് ഞാനാരോപി ക്കുന്നില്ല. ഫലത്തിൽ ഇവിടെയുണ്ടായിട്ടുള്ളത് വർഗ്ഗീയവീക്ഷണത്തിന് അനുഗുണമായ ചുറ്റുപാടായിരുന്നു. ഞങ്ങൾ പ്രാദേശികവും മതനിരാശ്ര യവുമല്ലാത്തെ പാർട്ടികളുമായി ബന്ധപ്പെടുകയില്ല. ആന്ധ്രയിൽ ശ്രീ. രാമറാവുവിന്റെ ഭരണം വന്നു തിരുപ്പതി നഗരത്തെ വത്തിക്കാൻ നഗരം പോലെ ദിവ്യമായ നഗരമായി പ്രഖ്യാപിക്കുവാൻ പോകുന്നു. അവിടെ മതമൗലികത ഉറച്ച് നിൽക്കുന്നു. പ്രാദേശിക വിഭാഗങ്ങളുമായി അപ്പുറത്തി രിക്കുന്ന പ്രധാന പാർട്ടികളും ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ് വസ് തുത. പ്രാദേശിക വിഭാഗവുമായി ഈ രൂപത്തിൽ നിങ്ങുന്ന ചുറ്റുപാടിൽ ന്യൂനപക്ഷ അവകാശങ്ങളെ സംരക്ഷിച്ചുകൊടുക്കുകയാണ് എന്നെപ്പോലെ യുള്ളവർ ചെയ്യുന്നത്. ഇവിടത്തെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഐ) യെ അപേക്ഷിച്ച് ആ ഭാഗത്തിരിക്കുന്ന ആളുകൾ താത്വികമായി രണ്ടു വിധത്തിലുള്ള നയങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും അവരെ ഉദ്ധരിക്കാൻ രണ്ടു വിഭാഗവും ഒന്നിച്ചുപോകണമെന്നും ഉൽക്കടമായി ആഗ്രഹിച്ചവനാണ് ഞാൻ. എന്റെ അനുഭവത്തിൽ ഉണ്ടായിട്ടുള്ളത് മത മൗലികതയുടെയും ഇരുട്ടത്ത് കരിമ്പൂച്ച തപ്പിനടക്കുന്നതുപോലെയുമുള്ള ചുറ്റുപാടിലേക്ക് ആനയി ക്കുന്നുവെന്നാണ്. ശ്രീ. രാജീവ് ഗാന്ധി ലോക ജനാധിപത്യത്തിന് മാർഗ്ഗ ദീക്ഷണം നൽകിക്കൊണ്ട് ഇൻഡ്യയിൽ മുസ്ലീം ഭൂരിപക്ഷത്തിന്റെ അവകാ ശങ്ങൾ സംരക്ഷിച്ചുകൊടുക്കുവാൻ ഒരു ബില്ലുമായി ധീരമായി പാർലമെ ന്റിനെ സമീപിച്ച ആ ചുറ്റുപാടിനെ സംബന്ധിച്ചിടത്തോളം ഈ രണ്ടു കാഴ്ചപ്പാടുകളെ സംബന്ധിച്ചാണ് വിലയിരുത്തുന്നത്. അധികം വിദൂര മല്ലായെന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ അനു കൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. അരവിന്ദാക്ഷൻ)

ശ്രീ. ഇ. പത്മനാഭൻ : സർ, ഇവിടെ ഭൂരിപക്ഷ വർഗ്ഗീയതയെ സംബന്ധിച്ചും ന്യൂനപക്ഷ വർഗ്ഗീയതയെ സംബന്ധിച്ചുമെല്ലാം അഭിനവ കോൺഗ്രസ്സുകാരായ ശ്രീ. ബെന്നി ബഹനാൻ ഉൾപ്പെടെയുള്ളവരുടെ പ്രസംഗം കേട്ടിട്ട് അതിന്റെ നയം എന്താണെന്നുള്ളതിനെക്കുറിച്ച് ഒരു തെറ്റി ദ്ധാരണയുണ്ടായോ എന്ന് എനിക്ക് സംശയമുണ്ട്. ഞാൻ അതിന്റെ വിശദാംശ ങ്ങളിലേക്ക് കടക്കുന്നില്ല. മുസ്ലീംമതവിഭാഗങ്ങളോടും മുസ്ലീംലീഗ് ഇൻഡ്യൻ രാഷ്ട്രീയത്തിൽ സ്വീകരിക്കുന്ന നയത്തോടും ഞങ്ങൾക്ക് വ്യത്യസ്തമായ സമീപനംതന്നെയാണ് ഉള്ളത്. മുസ്ലീംലീഗിനോടുള്ള സമീപനമാണ് മുസ്ലീം ജനവിഭാഗങ്ങളോടും ഞങ്ങൾക്കുള്ള സമീപനമെന്ന ദുർവ്യാഖ്യാനം നിങ്ങൾ ബോധപൂർവമായി ഉപേക്ഷിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഹസ്സൻ ഇവിടെ ചില കാര്യങ്ങളും പറഞ്ഞു. അദ്ദേഹം ദേശീയ വീക്ഷണത്തെ സംബന്ധിച്ചും മറ്റു ചില പ്രശ്നങ്ങളെ സംബന്ധിച്ചുമൊക്കെ ഇവിടെ സംസാരിച്ചു. പഞ്ചാബ് പ്രശ്നത്തെ സംബന്ധിച്ചും സംസാരിച്ചു. പഞ്ചാബ് പ്രശ്നത്തിൽ കാണാത്ത ഒരു വശമുണ്ടെന്നുപറഞ്ഞ് അതു കാണാൻവേണ്ടി അദ്ദേഹം ഒരു ആഹ്വാനവും നടത്തി. പഞ്ചാബ് പ്രശ്നത്തിൽ കണ്ടതായ വശംപോലും മനസ്സിലാക്കാൻ കഴിയാത്ത ഒരു പാർട്ടിയുടെ വക്താവാണ് അദ്ദേഹമെന്ന കാര്യത്തിൽ സംസയമില്ല. ലോംഗോവാൾ കരാറിൽ ഒപ്പിട്ട സമയത്തു അദ്ദേഹം വഞ്ചന നടത്തിയെന്നു തീവ്രവാദികളും അദ്ദേഹത്തിന്റെ മുഖത്തുനോക്കി ആക്ഷേപിച്ചു. സമാനമായ ആരോപണം ഏറെടുത്തപോലെയാണ് കോൺഗ്രസ് പിന്നീട് പെരുമാറിയത്. 1986 ജനുവരി 26-ന് ചാണ്ടിഗഡ് കൈമാറണം ചെയ്യണമെന്നും നദീജല തർക്കത്തെ സംബന്ധിച്ച് കമ്മീഷനെ നിയമിക്കണമെന്നും, ഹിന്ദിപ്രദേശങ്ങളും ഹരിയാനക്ക് മാറണമെന്നും ഉള്ള ആവശ്യം ജനുവരി 26 വരെയുള്ള ആറുമാസക്കാലംകൊണ്ട് നടപ്പിലാക്കാൻ തയ്യാറാകാതെ തീവ്രവാദികൾക്കുമേൽ കൈ ലഭിക്കാവുന്ന രീതിയിൽ കേന്ദ്ര സർക്കാർ വഞ്ചനയാണ് നടത്തിയത് എന്ന രീതിയിൽ അവരുടെ ജനവിഭാഗങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്ന കുറേ തരമായ അനാസ്ഥ കാണിച്ചുകൊണ്ട് കേന്ദ്രം ആ കരാറിനെ മരവിപ്പിക്കുകയും ചെയ്തു. അതു വഞ്ചനയാണെന്നു സിക്ക് ജനവിഭാഗങ്ങളിൽ പ്രചരിപ്പിക്കാൻ ഇടയാക്കിയ നിഷ്ക്രിയത്വം പ്രധാനം ചെയ്യുകയാണ് കോൺഗ്രസ് ചെയ്തത്. ശ്രീ. രാജീവ് ഗാന്ധി ചെയ്തത്. അതൊന്നും മൂടിവയ്ക്കാൻ ശ്രമിച്ചിട്ടു കാര്യമില്ല. എന്നിട്ട് കാണത്തതിനപ്പുറം പലതും ഉണ്ടെന്നു പറഞ്ഞുകൊണ്ട് നിങ്ങൾ തടിതപ്പുകയാണ്. കോൺഗ്രസിന് ഈ രാജ്യത്തിന്റെ ദേശീയ ഐക്യം കാത്തുസൂക്ഷിക്കുവാൻ കഴിയില്ല എന്നുള്ളതു വളരെ വ്യക്തമാണ്. കാലുമാറ്റത്തിന്റെ ആശാനായിട്ടുള്ള ജനലാലിനെ നിലയ്ക്കുനിറുത്താൻ കഴിയാതെ അദ്ദേഹത്തിനു കീഴ്വഴങ്ങിക്കൊണ്ടാണ് ദേശീയൈക്യത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള മഹത്തായ ഒരു കരാറിനെ കുഴിച്ചുമൂടിയത്. അതിനു മൗനം അവലംബിച്ചവർ ഇവിടെ പ്രസംഗിക്കുകയാണ്. നമ്മുടെ ദേശീയസ്ഥിതി യെന്താണ്? ഇപ്പോൾ ഡൽഹിയിൽ കോൺഗ്രസുകാരുടെ ഇടയിലുണ്ട് ഒരു തരം സൈക്കോ ഫാൻസി—ഒറിയ്ക്ക് ഒറിയ്ക്കും കൂട്ടമായിട്ടും അതാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ രാജ്യത്തെ അതു രക്ഷിക്കുകയില്ല.

നമ്മുടെ വ്യാവസായികനയം എന്താണ്? നമ്മുടെ വിദ്യാഭ്യാസനയം എന്താണ്? ഏറ്റവും ഒടുവിൽ വിലക്കയറ്റം എവിടെയാണ് രാജ്യത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്? നമ്മുടെ കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ സ്ഥിതി എന്താണ്? ആരെങ്കിലും അതു പരിശോധിക്കുന്നുണ്ടോ? ഇന്നലെയോ മിനിഞ്ഞാന്നോ പാർലമെന്റിൽ, ചുക്കിന്റെ വില യിടിഞ്ഞത് അറിഞ്ഞില്ലെന്ന് പറയുകയുണ്ടായി. ഏലം കൃഷിക്കാർ ഇവിടെ സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തി. അങ്ങനെ കേരളത്തിലെ കാർഷിക വിഭവങ്ങളോരോന്നെടുത്താലും അതിന്റെ വില അനുദിനം തകർന്നുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കാണുന്നത്. അത് കാർഷിക സമ്പദ്ഘടനയുടെ തകർച്ചയെയാണ് കാണിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് വാങ്ങുകയും ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വില ഏകപക്ഷീയമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ജനങ്ങൾക്കു ജീവിക്കുവാൻ വയ്യാത്ത ഒരു സാഹചര്യം ഉണ്ടാക്കിവച്ചിരിക്കുകയാണ്. നിക്കരാഗ്വയിലോ? മുപ്പതു ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണുകളിലും വരാന്തകളിലും ഉണ്ട്. അവയെല്ലാം എലി, പെരിച്ചാഴി തുടങ്ങിയവ തിന്നുനശിപ്പിക്കുകയാണ്. ഇൻഡ്യയിലെ 37 ശതമാനം ആളുകൾ പട്ടിണിയിലേക്ക് താഴുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 24 കോടി ആളുകൾ ! പട്ടിണിക്കാരായ ഈ 24 കോടി ആളുകൾക്ക് 30 ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ കഴിയാത്ത കഴിവുകെട്ട ഭരണത്തിന്റെ പേരിലാണ് കോൺഗ്രസ് ഭരണത്തെക്കുറിച്ച് ഇവിടെ ഊറ്റം കൊള്ളുന്നത്. ഈ രാജ്യത്തിനു എന്തൊരു ദർവിധിയാണ് ?

ശ്രീമതി ഇന്ദിരാഗാന്ധിക്ക് രണ്ടു മക്കളുണ്ടായിരുന്നു. ഒരാളെ രാഷ്ട്രീയം പഠിപ്പിച്ചു, മറ്റൊരാളെ വിമാനം പറത്താൻ പഠിപ്പിച്ചു. രാഷ്ട്രീയം പഠിച്ചവൻ വിമാനം പറപ്പിക്കാൻ പോയി. ഇപ്പോൾ വിമാനം പറപ്പിക്കാൻ പഠിച്ചയാൾ രാഷ്ട്രീയത്തിലേക്ക് വന്നിരിക്കുകയാണ്. ഇൻഡ്യാ രാജ്യത്തെ എയർക്രാഷ് പോലെ ഒരു പൊളിറ്റിക്കൽ ക്രാഷിലേക്ക് എത്തിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ പോക്കു പോയാൽ അതാണ് വരാൻ പോകുന്നത്. ശതവർഷം പിന്നിട്ട കോൺഗ്രസിനേയും ഗാന്ധിജിയുടേയും ഇന്ദിരാഗാന്ധിയുടേയും ബലിപീഠത്തിൽ നിന്നുകൊണ്ടു സംസാരിക്കാൻ എനിക്ക് അഭിമാനമുണ്ടെന്നാണ് ശ്രീ. ഹസ്സൻ പറഞ്ഞത്. നിങ്ങളല്ലേ ഇവിടെ പ്രൊഹിബിഷൻ ഭരണമുന്നണിയുടെ നയമായിട്ട് അംഗീകരിച്ചവർ ? ഗാന്ധിജി കൊണ്ടുനടന്ന ആടി നീളമുള്ള വടിയുണ്ടല്ലോ— അദ്ദേഹത്തിന് ഇപ്പോൾ ആത്മാവുണ്ടായി തിരിച്ചുവരാൻ കഴിയുമായിരുന്നുവെങ്കിൽ അതുകൊണ്ട് ഈ മുഖ്യമന്ത്രിയുടെ നട്ടെല്ലടിച്ചൊടിക്കുമായിരുന്നു. ഈ സ്റ്റേറ്റിൽ ചാരായം ഉണ്ടാക്കാൻവേണ്ടി ലൈസൻസ് കൊടുത്ത നിങ്ങൾക്ക് ഗാന്ധിജിയുടെ ബലിപീഠത്തിൽനിന്നുകൊണ്ടു സംസാരിക്കുവാനുള്ള അർഹതയുണ്ടോ ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

ശ്രീ. കെ. കരുണാകരന് പാവം ആന്റോയെപ്പോലെയും സുന്ദർദാസിനെപ്പോലുമുള്ള എത്ര മാനസപുത്രൻമാരാണ് ഇനിയുള്ളത് ? ഈ രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിൻ ഏറ്റെ അപഹാസ്യമായ ഒരു ശൈലി ഉണ്ടാക്കിയ ഭരണമാണ് ഇത്. എന്നിട്ടും ഒന്നും സംഭവിക്കാത്തതുപോലെയാണ് പലരും പ്രസംഗിച്ചത്. മാർച്ച് ഒൻപതാം തീയതിയിലെ 'മലയാള മനോരമ' പത്രത്തിൽ, പ്രതിസന്ധി തീർന്നു എല്ലാവരും ചിരിച്ചുകൊണ്ടിരിക്കുന്ന— പടവും വാർത്തയും ജനങ്ങൾ വായിച്ചിരിക്കും. ഒന്നും സംഭവിച്ചിട്ടില്ല, ഇവിടെ കേവലം അഭിപ്രായവ്യത്യാസം മാത്രമേ നിങ്ങൾക്കുണ്ടായിരുന്നുള്ളൂ എന്നാണോ വാദിക്കുന്നത്. ശ്രീ. കെ. കരുണാകരന്റെ നെഞ്ചിൽ തേങ്ങ ഉടച്ച ജോർജ് അതാ അവിടെയിരിക്കുന്നുണ്ട്. വെറും രാഷ്ട്രീയ അഭിപ്രായവ്യത്യാസമാണോ ഇവിടെ നടന്നത്. വെറുതെ കണ്ണടച്ച് ഇരുട്ടാക്കണ്ട. നാണമുണ്ടോയെന്നു ഞാൻ ചോദിക്കുന്നില്ല. കാരണം നല്ല അർത്ഥമുള്ള രണ്ടക്ഷരമുള്ള ആ പദം അങ്ങനെ ഇവിടെ നിങ്ങളുടെ മുമ്പിൽ ആവർത്തിച്ചിട്ട് യാതൊരു കാര്യവുമില്ല. ഇതു ഭരണമാണുപോലും. അഞ്ചുവർഷം അഞ്ചു പ്രസംഗം ഗവർണ്ണർ നടത്തുമത്രേ. കോൺഗ്രസ്സിന്റെ രാഷ്ട്രീയ സുരക്ഷിതത്വം ഉറപ്പു വരുത്താനുള്ള കഴിവുണ്ടത്രേ. ശ്രീ. മാണി ഏഴാമത്തേയോ എട്ടാമത്തേയോ ബഡ്ജറാണ് അവതരിപ്പിക്കുവാൻ പോകുന്നത്. രാഷ്ട്രീയ സുസ്ഥിരതയുടെ ലക്ഷണമാണോ അത് ? പ്രസിഡൻറ് നിയമിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ പലതവണ പ്രസംഗിക്കും. ഇൻഡ്യയിൽ അതുകൊണ്ട് രാഷ്ട്രീയ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുമോ ? കോൺഗ്രസ്മാത്രം ഭരിക്കുന്ന മഹാരാഷ്ട്രയിൽ എത്രാമത്തെ മുഖ്യമന്ത്രിയാണ് ഇപ്പോൾ ഉള്ളത് ? യു. പി. യിൽ എത്രാമത്തെ മുഖ്യമന്ത്രിയാണ് ഇപ്പോൾ ഉള്ളത്. മദ്ധ്യപ്രദേശത്തിൽ എത്രാമത്തെ മുഖ്യമന്ത്രിയാണ് ഇപ്പോൾ ഉള്ളത്. രാഷ്ട്രീയ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഒരു ശക്തിയാണോ കോൺഗ്രസ് ? ഇല്ലാത്ത അവകാശവാദങ്ങൾ തട്ടിമൂളിക്കുമ്പോൾ അൽപ്പം വിനയമെങ്കിലും കാണിക്കണം. കാഷ്മീരിലേക്ക് നോക്കിയാൽ കാണുന്നതെന്താണ് ? ഒരു കൂറുമാറ്റക്കാരനു

LIBRARY ARCHIVES Kerala Legislative Assembly

പിൻതുണ നൽകിക്കൊണ്ട് കൂറുമാറ്റനിയമം കൊണ്ടുവന്ന് ഈ രാജ്യത്തെ പരിശുദ്ധമാക്കിയെന്നു പറഞ്ഞവരാണ് നിങ്ങൾ. ഇപ്പോൾ ആ വിദ്വാന്മാരെയും കാലുവാരി. എന്നിട്ട് ഫറൂക്ക് അബ്ദുള്ളയുടെ പിറകെ നടക്കുകയാണ്. എന്നിട്ടാണ് ഇൻഡ്യാ രാജ്യത്ത് രാഷ്ട്രീയ സുരക്ഷിതത്വം കാത്തുസൂക്ഷിക്കും എന്നുള്ള അവകാശവാദവുമായിട്ട് വരുന്നത്.

കഴിഞ്ഞ ആറുമാസക്കാലത്തെ നമ്മുടെ മുഖ്യമന്ത്രിയുടെ സ്ഥിതി അസൂയാവഹമാണ്. ഏതെങ്കിലും ഒരു മുഖ്യമന്ത്രിക്ക് തന്നോടൊപ്പം നിൽക്കുന്ന മറ്റു മന്ത്രിമാരിൽനിന്നും ഘടകകക്ഷികളിൽനിന്നും ഇത്രയേറെ പരസ്യമായി ആക്ഷേപം കേൾക്കേണ്ടിവന്നിട്ടുണ്ടോ ? ആരോപണങ്ങൾ മാത്രമാണോ, മറ്റെന്തൊക്കെയോ ആണ്. അദ്ദേഹത്തിന് ഇവിടെ നിൽക്കാൻ പറ്റില്ല, അദ്ദേഹത്തിന്റെ പാർട്ടിപോലും അവസാനം കയ്യൊഴിഞ്ഞു. കോൺഗ്രസിന് കേരളത്തിലെ സ്ഥിതിവിശേഷം എന്തെന്നു പഠിക്കണമെങ്കിൽ ശ്രീ. അഹമ്മദും ജോസഫും ചെന്നു സംസാരിക്കണം. ഇൻഡ്യാരാജ്യത്ത് ആകെ ഔദ്യോഗിക നിലവാരത്തിൽ അംഗീകാരമുള്ള പത്ത് കോൺഗ്രസുകാരുടെ പേരു പറഞ്ഞാൽ ശ്രീ. കരുണാകരൻ അതിൽപ്പെടും. പക്ഷേ ശ്രീ. ജോസഫ് ചെന്നാൽ, ശ്രീ. മാണി ചെന്നാൽ, ശ്രീ. ജേക്കബ് ചെന്നാൽ, ഡോക്ടർ ജോസഫ് ചെന്നാൽ ശ്രീ. കരുണാകരൻ അങ്ങോട്ടു പിന്നാലെ ചെല്ലണമെന്നു വിളിക്കുകയായി. കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇവിടെ ഏറ്റവും കൂടുതൽ സർവ്വീസുള്ള ഒരു പൈലറ്റിനുള്ളതിനേക്കാൾ കൂടുകൽ Flying hours നേടിയിട്ടുള്ളവനാണ് ശ്രീ. കരുണാകരൻ. ഗിന്നസ് ബുക്കിൽ പേര് എഴുതിക്കണം. അദ്ദേഹത്തിന് അവിടെ നിൽക്കാൻ ഒക്കുകയില്ല. ഡൽഹിയിൽ ചെന്നാൽ തറതൊടാൻ സമ്മതിക്കില്ല. അതുകൊണ്ട് രണ്ടായിരം നാഴിക അങ്ങോട്ടുമിങ്ങോട്ടും പറന്നുകൊണ്ടാണിരുന്നത്. നിങ്ങളുടെ ഭരണത്തിന്റെ മേൻമയാണ് ഇത്. ഇവിടെ നയപ്രഖ്യാപനമുണ്ടുപോലും. എന്തു നയപ്രഖ്യാപനമാണ് പറഞ്ഞിരിക്കുന്നത്? നിങ്ങളുടെ പ്രൊഹിബിഷൻ നയം ഒന്നു സൂചിപ്പിച്ചോ ? ഇവിടെ ഒരു നയവും ഇല്ല. ഒരു സ്റ്റേറ്റിന്റെ മൗലികമായ ബാദ്ധ്യത പോലും നിറവേറ്റാൻ കഴിയില്ല.

ഇവിടെ കുവൈറ്റിലെ പൗരൻമാർ വന്നതിനേയും പോയതിനേയുംകുറിച്ച് പറഞ്ഞു. അന്വേഷിക്കുമെന്നും പറഞ്ഞു. ഏതോ ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുന്ന കാര്യമാണ് പറഞ്ഞത്. വെറുതെയാണ് അത്. നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഒരു വിദേശി ഈ രാജ്യത്തു വന്നിറങ്ങിയാൽ എക്സ്റേണൽ അഫയേഴ്സ് മിനിസ്ട്രിയെ ഒരു മണിക്കൂറിനകം വിവരമറിയിക്കും. അറിയിച്ച് എന്തുവേണമെന്നുള്ളത് അന്വേഷിക്കണം. പാവം കുഞ്ഞാലിക്കുട്ടിയേയും സൂപ്പിയേയും പറഞ്ഞിട്ടു കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്തു പ്രോട്ടോക്കോൾ അനുസരിച്ചാണവിടെ പോയത്? ആരെല്ലാമാണ് ഫോൺ ചെയ്തത് ? കസ്റ്റംസ് ഉദ്യോഗസ്ഥൻമാർക്ക് ഫോൺ ചെയ്തിട്ടുണ്ടോ ? നമ്മെ അവരെ പേയിംഗ് ഗസ്റ്റായിട്ടാണ് ആദരിച്ചിരിക്കുന്നത്. ഇവിടെ വന്നാൽ ഏറോഡ്രോമിൽ പിടിച്ചുനിറുത്തിക്കൊണ്ട് എക്സ്റേണൽ അഫയേഴ്സ് മിനിസ്ട്രിയോട് ചോദിക്കണം. ഇവരെ എന്തു ചെയ്യണമെന്നു ചോദിച്ചിട്ടു മറുപടി ലഭിച്ചാൽ മാത്രമേ പുറത്തിറക്കാൻ സാധിക്കുകയുള്ളു. ഈ ഗവൺമെന്റ് ഈ വിദേശികളെക്കുറിച്ചുള്ള വിവരം ബോധപൂർവ്വമായി കേന്ദ്രഗവൺമെൻറിൽനിന്നു മറച്ചുവച്ചു എന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുകയാണ്. മുഖ്യമന്ത്രി അതിൽനിന്ന് ഒഴിഞ്ഞുമാറാനൊന്നും നോക്കേണ്ട. ആഭ്യന്തര വകുപ്പുമന്ത്രിക്ക് അതിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ഒരു വിദേശി ഈ രാജ്യത്തുവന്നാൽ അയാളെ സംബന്ധിച്ച് മുൻകൂട്ടി വിവരം കിട്ടിയില്ലെങ്കിൽ എക്സ്റേണൽ

LIBRARY ARCHIVES Kerala Legislative Assembly

അഥയേഴ്സ് മീനിസ്ട്രിയോടു വിവരം ചോദിച്ചാൽ മണിക്കൂറുകൾക്കകം വിവരം കിട്ടുന്നതാണ്. അതൊന്നും ചെയ്യാതെ കുറ്റകരമായ അനാസ്ഥ കാണിച്ചു. ബാലകൃഷ്ണപിള്ള രാജ്യദ്രോഹം പ്രസംഗിച്ചേ ഉള്ളൂ. മി. അഹമ്മദും മി. ബീരാനും പ്രവർത്തിച്ചു. പക്ഷേ അവർ സുരക്ഷിതരാണ്. ബാലകൃഷ്ണപിള്ള പുറത്തായി. ബാലകൃഷ്ണപിള്ള പഞ്ചാബ് മോഡൽ പ്രസംഗം നടത്തി എന്ന് ആരോ പറഞ്ഞതേയുള്ളൂ. പക്ഷേ ബീരാൻ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി അനഭിമതരെ സ്വീകരിക്കാൻ പോയി. ഭരണ കക്ഷിയിലുള്ള രണ്ട് എം. എൽ. എ. മാർ പോയി. മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : ബാലകൃഷ്ണപിള്ള നായരായതുകൊണ്ടാണ് ഓട്ടായിതന്നറിയാമോ ?

ശ്രീ. ഇ. പത്മനാഭൻ : എനിക്ക് അറിഞ്ഞുകൂടാത്ത ഒരു കാര്യമാണത്. കാരണം ഭരണമുന്നണി കേരളാ കോൺഗ്രസ് രാഷ്ട്രീയത്തിൽ എനിക്ക് വലിയ പങ്കൊന്നുമില്ല. അവിടെ എന്തൊക്കെയാണ് നടക്കുന്നതെന്നെനിക്കറിയില്ല. പ്രത്യക്ഷത്തിൽ കാണുന്ന ചില ക്രമക്കേടുകൾ ഞാൻ പറയുന്നു എന്നുള്ളത് മാത്രമേയുള്ളൂ. എന്താ മുഖ്യമന്ത്രി മിണ്ടാതിരിക്കുന്നത് ? ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുത്ത് ഒതുക്കുമോ ; ഇവിടെ ഇറങ്ങിയ ഒരാൾ മലപ്പുറത്തേയ്ക്കെങ്ങിനെ പോയി ; എങ്ങനെയാണതെല്ലാം സംഭവിച്ചത് ?

മി. ബീരാന്റെ നിയോജകമണ്ഡലത്തിൽ ഒരു സുജാത വധം നടന്നു. അതിന്റെ അന്വേഷണത്തിന് ഐ. ജി. മാരാണു വന്നത്. അവർക്ക് മനസ്സിലായ വിവരം എന്താണെന്നറിയാമോ ? ഡി. വൈ. എസ്. പി. ഒരുലക്ഷം രൂപ കൈക്കൂലി വാങ്ങി. മരിച്ചയാളെപ്പറ്റിയോ കൊലയാളിയെപ്പറ്റിയോ പിന്നെയാതൊരു വിവരവുമില്ല. കഴിഞ്ഞ നാലുദിവസംമുമ്പ് തിരൂരിൽ ഒരു റോഡ് ആക്സിഡന്റ് നടന്നു. ഒരാൾ മരിച്ചു. ഉടൻ തന്നെ സർക്കിൾ ഇൻസ്പെക്ടർ ബന്ധുക്കളെ ആളയച്ചു വരുത്തി. എന്നിട്ട് പറയുന്നതെന്താണെന്നോ ? ഞാൻ മദ്ധ്യസ്ഥം പറഞ്ഞു തരാം. നിങ്ങൾ ഒരു ലക്ഷം ആവശ്യപ്പെടണം എന്ന്, എന്റെ നിയോജക മണ്ഡലത്തിൽ ഒരു വേലിത്തർക്കമുണ്ടായി. പോലീസ് ഇൻസ്പെക്ടർ ഇടപെട്ടു. ഞാൻ മദ്ധ്യസ്ഥം പറഞ്ഞു തീർത്തു തരാം എന്നായി. എന്തു നിയമസമാധാനമാണ് ഇപ്പോൾ നടക്കുന്നതെറിയുമോ. ഒരു ലോറി ആക്സിഡന്റിൽ മരിച്ചവരുടെ ബന്ധുക്കൾ പറഞ്ഞു ഞങ്ങൾ ആക്സിഡന്റ് ട്രൈബൂണലിൽ പൊയ്ക്കൊള്ളാമെന്ന്. കിട്ടുന്ന കാശു മതി. ഞങ്ങളെ ആരും പിഴിഞ്ഞെടുക്കാൻ നോക്കണ്ട എന്ന്. അങ്ങനെ പറ്റില്ല ഞാൻ വാങ്ങിച്ചു തരാം എന്ന് പോലീസ് ഇൻസ്പെക്ടർ പറഞ്ഞു. ഇങ്ങനെയാണ് ഇവിടെ നിയമവാഴ്ച നടന്നുകൊണ്ടിരിക്കുന്നത്. നല്ല പിരിവാണ് എക്സൈസ് ഡിപ്പാർട്ടുമെൻറും മദ്യരാജാക്കൻമാരുമൊന്നും ഇപ്പോൾ പ്രശ്നമല്ല.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : കഴിഞ്ഞ റാന്നി ഇലക്ഷനിൽ സർക്കിൾ ഇൻസ്പെക്ടർമാരെക്കൊണ്ട് ഫണ്ട് പിരിച്ചില്ലേ ? ഇങ്ങനെയുള്ള സംഭവങ്ങൾ നടത്തിയാൽ മാത്രമേ അവർക്കു കിട്ടുകയുള്ളൂ എന്നുള്ളതറിയില്ലേ ?

ശ്രീ. ഇ. പത്മനാഭൻ : എന്തിനു പറയുന്നു ; പണ്ട് ഡി. വൈ. എസ്. പി. യെ വരെ ഇലക്ഷനിൽ ഉപയോഗിച്ചു എന്നു പറഞ്ഞുകൊണ്ട് തെരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

ടുപ്പ് റദ്ദാക്കിയ ആൾ ഇപ്പോഴും മന്ത്രിയായിട്ട് അപ്പുറത്തിരിക്കുന്നു എന്നുള്ളത് നിങ്ങൾക്കറിഞ്ഞുകൂടേ ?

എല്ലാവർക്കും പഠിക്കാനുള്ള സൗജന്യവിദ്യാലയങ്ങൾ പൂട്ടിയിടുന്ന സ്ഥിതിയിലേക്കാണ് നമ്മുടെ വിദ്യാഭ്യാസ നയം പോകുന്നത്. ഒരു ഭാഗത്ത് 150 റൈഫ്ൾ സ്കൂളുകൾ കൊടുക്കുന്നു. ചൂടേറിയ ഈ കുംഭമീന മാസത്തിൽ കുട്ടികളുടെ കഴുത്തിൽ നാടയും കെട്ടിയിട്ട് ഇംഗ്ലീഷും പറയിപ്പിച്ച് നടത്തി അതിന് ഫീസും വാങ്ങിക്കുന്ന ആൾക്കാരുണ്ട്. അതേ സമയം 450 പൊതു വിദ്യാലയങ്ങൾ പൂട്ടാനും ഉത്തരവു നൽകിയിരിക്കുന്നു. ഈ നയത്തെ സംബന്ധിച്ചൊന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ യാതൊന്നും പരാമർശിച്ചിട്ടില്ല. അതുകൊണ്ടാണിതിലൊരു നയപ്രഖ്യാപനമില്ലെന്നു ഞാൻ പറഞ്ഞത്. ഇതിന് നന്ദി പ്രകടിപ്പിക്കേണ്ടയാവശ്യമില്ല. കഴിവുകേടിന്റെയും കൊള്ളരുതായ്മയുടേയും രാഷ്ട്രീയാനിശ്ചിതത്വത്തിന്റെയും പ്രതീകമായിട്ടുള്ള ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗം ഗവർണ്ണറുടെ ഔദ്യോഗിക കൃത്യനിർവ്വഹണം മാത്രമാണ്. അതിനപ്പുറത്തേയ്ക്ക് യാതൊന്നും ഇല്ല. അതിന് നന്ദിയും ആവശ്യമില്ല. അതുകൊണ്ട് ഞാനീ പ്രമേയത്തെ എതിർക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർക്കും പത്രപ്രവർത്തകർക്കുമെല്ലാം ചായ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻ : സർ, ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ജനാധിപത്യ ഗവൺമെന്റിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതായിരുന്നു ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനം. ഈ നാലുകൊല്ലത്തിനിടയിൽ സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളെ പുനരുദ്ധരിക്കുന്നതിന് ഈ ഗവൺമെന്റ് പലതും ചെയ്തിട്ടുണ്ട്. ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതികളും, ചെത്തുതൊഴിലാളി—കയർത്തൊഴിലാളി—കർഷകത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതികളും എന്നിവ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളായി നാം കാണുകയാണ്. ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. കൈത്തറിയുടെ ഈറ്റില്ലമായ കണ്ണൂരിൽ കൈത്തറിപരിശീലന കേന്ദ്രവും പ്രോസസ്സിംഗ് കേന്ദ്രവും തൊഴിലാളികൾക്കുവേണ്ടി ഫണ്ട് പദ്ധതികളും നടപ്പിലാക്കിയതിലും വളരെയധികം ഞാൻ അഭിമാനം കൊള്ളുകയാണ്. കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതി വളരെയധികം സ്വാഗതാർഹമാണ്. ഹൃദയവേദനയോടുകൂടി, കണ്ണീരോടുകൂടി ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. 97 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് കണ്ണൂർ ജില്ലയിൽ ശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിച്ചത്. അത് തികച്ചും സ്വാഗതാർഹമാണ്. പക്ഷേ സർ, ഇന്ന് കണ്ണൂരിലെ ജനങ്ങൾ കുടിവെള്ളം കിട്ടാതെ വിഷമിക്കുകയാണ്. അവിടത്തെ കുഴലുകൾ പൊട്ടിത്തകർന്നിരിക്കുന്നു. കണ്ണൂരിനോടുള്ള ഈ അവഗണന അവസാനിപ്പിക്കണം. ജനാധിപത്യ ഗവൺമെന്റ് തികച്ചും 5 കൊല്ലം ഭരിക്കണം. വോട്ടർമാർക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റണം. അടുത്തകാലത്തായി മുന്നണി സംവിധാനത്തിന് കുറച്ചു മങ്ങലേറ്റിട്ടുണ്ട്. ജനാധിപത്യ പ്രക്രിയയിൽ ഇത് സ്വാഭാവികമാണ്. സർക്കാരിന്റെ പ്രതിച്ഛായ മാറേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള മാറ്റങ്ങൾ വരുത്തി മുന്നോട്ടുപോകേണ്ടതു ആവശ്യമാണ്. മന്ത്രിസഭയിൽ നാലു മന്ത്രിമാരുടെ ഒഴിവുകളുണ്ട്. അതു നികത്തണം. കോൺഗ്രസ്സിലും കേരളാ കോൺഗ്രസ്സിലും എൻ.ഡി.പി. യിലും ഉള്ള പ്രാതിനിധ്യം പുനഃസ്ഥാപിക്കണം. 1981-ലെ നിർണ്ണായകമായ ഘട്ടത്തിൽ കരുണാകരൻ മന്ത്രിസഭയെ

LIBRARY ARCHIVES Kerala Legislative Assembly

പിന്താങ്ങിയവരാണ് ജനതാ-ജി. 1982-ലെ തെരഞ്ഞെടുപ്പിൽ ഘടകകക്ഷിയായിരുന്നു. ജനതാ 'ജി' യുടെ മന്ത്രി ഇന്ന് കോൺഗ്രസ്സിലാണ്. ജനതാ 'ജി' ക്ക് മന്ത്രിസഭയിൽ പ്രാതിനിദ്ധ്യം നൽകി ആ ഒഴിവ് നികത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ മന്ത്രിസഭാ പുനഃസംഘടന നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി നമ്മുടെ സംസ്ഥാനത്ത് വിശേഷിച്ചും നമ്മുടെ രാജ്യത്ത് പൊതുവേ ഉണ്ടായ ഭരണ-രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിലെ ശരിയായ സ്ഥിതിഗതികളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്ന ഒരു പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. ഈ രംഗത്ത് വ്യക്തമായ ഒരു വീക്ഷണത്തോടുകൂടി, സർക്കാർ ഏറെടുക്കാൻ പോകുന്ന പരിപാടികളെ നല്ല കാഴ്ചപ്പാടോടുകൂടി നയിക്കുന്ന ദൃഢമായ തീരുമാനത്തിന്റെ വ്യക്തമായ പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഉടനീളം കാണുന്നത്. അതിൽ സർക്കാരിന്റെ നേട്ടങ്ങളെ അക്കമിട്ടക്കമിട്ട് പറഞ്ഞിട്ടുണ്ട്. സർക്കാരിന്റെ വലിയ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ അതിനെ വിലയിടിച്ചു കാണിക്കാൻ പ്രതിപക്ഷം ശ്രമിക്കും എന്ന കാര്യം നാം മറക്കരുത്.

വിവിധ ചിന്താഗതിക്കാരായ, വിവിധ വീക്ഷണമുള്ള രാഷ്ട്രീയ കക്ഷികളുള്ള ഒരു മുന്നണി സംവിധാനത്തിൽ അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. പക്ഷേ ഭരണരംഗത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ കേരള സംസ്ഥാനം ഉടലെടുത്തതിനുശേഷം ഇന്നുവരെ വിവിധ സർക്കാരുകളും ഭരിച്ചിട്ടും ഇത്രയേറെ നേട്ടങ്ങളുണ്ടാക്കിയ മറെറാരു സർക്കാർ ഉണ്ടോ എന്നു സംശയമാണ്. ഇവിടെ ഓരോ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ എണ്ണിയെണ്ണി പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ ഓരോ രംഗത്തുമുണ്ടായിട്ടുള്ള നേട്ടങ്ങളോടൊപ്പംതന്നെ അപൂർണ്ണമായ ചില കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടാൻ ഞാനീ സന്ദർഭം ഉപയോഗിക്കുകയാണ്. വെളിച്ച വിപ്ലവം വഴി ഈ രാജ്യത്ത് ഹരിജൻ കോളനികളിലും മററു പലയിടത്തും വളരെ ഹ്രസ്വമായ കാലഘട്ടത്തിനുള്ളിൽ വിദ്യുച്ഛക്തി വിതരണം ചെയ്യാൻ കഴിഞ്ഞു എന്നുള്ളത് ഒരു സത്യമാണ്. പക്ഷേ അതേ സമയത്തുതന്നെ ദാരിദ്ര്യ വിഭാഗത്തിൽപ്പെട്ട ആളുകളും താമസിക്കുന്ന ലക്ഷംവീടുകളിൽ, അവിടത്തെ ആളുകളും ഹരിജനങ്ങളല്ല എന്ന ഒററ കാരണംകൊണ്ടുമാത്രം വെളിച്ചം നിഷേധിക്കുന്നതിൽ ന്യായീകരണമുണ്ടെന്ന് എനിക്ക് അഭിപ്രായമില്ല. കണക്ഷൻ കിട്ടാൻ സാമ്പത്തികമായ ബാദ്ധ്യത ഏറെടുക്കാൻ കഴിയാത്ത, ദാരിദ്ര്യ മേഖലയ്ക്കു താഴെയുള്ള ആളുകളും താമസിക്കുന്ന ലക്ഷംവീട് കോളനികളിൽ വയറിംഗ് ചെയ്തു കഴിഞ്ഞ് വർഷങ്ങളായിട്ടും കണക്ഷൻ നൽകാത്തതിന്റെ കാരണം ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. അഖിലേന്ത്യാതലത്തിലുള്ള ചില നോംസിന്റെ പേരിൽ ആണത്. സാങ്കേതികമായ തടസ്സങ്ങളും പറയാതെ ലക്ഷംവീടുകളിൽ മുൻഗണനാക്രമത്തിൽത്തന്നെ വിദ്യുച്ഛക്തി വിതരണത്തിനുള്ള അടിയന്തിരമായ നടപടികളും കൈക്കൊള്ളേണ്ടത് ഈ സർക്കാരിന്റെ ചുമതലയാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ഭൂനിയമത്തിന്റെ ദോഷം അനുഭവിക്കുന്ന ആളുകളുടെ ഒരു നിവേദനം ഈ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്, അതിനെപ്പററി ആലോചിക്കാൻ പോകുന്നു എന്നു ഭംഗിയായ ഒരു വാചകം ചേർത്തിരിക്കുന്നു. പക്ഷേ 1963-64 കാലഘട്ടത്തിൽ ഈ നിയമം ഉണ്ടായ കാലത്തുതന്നെ ഭൂവുടമകളും ഇത്തരം ബുദ്ധിമുട്ടുകളും മുൻകൂട്ടിത്തന്നെ കണ്ടിരുന്നു. ഭൂപരിഷ്കരണ നിയമം 109-ാം വകുപ്പിൽ, പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതുമൂലം ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്ന നാമമാത്രമായ ഭൂവുടമകളുടെ പുനരധിവാസത്തിനുവേണ്ടി ഒരു ഫണ്ട് രൂപീകരിക്കുന്നതിനെപ്പററി പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ 109-ാം വകുപ്പ് ഇന്നും കോഡ് സ്റ്റേറ്റോറേജിൽ വച്ചുകൊണ്ട് നിവേദനം കിട്ടി, അതിനെപ്പറ്റി ആലോചിക്കാമെന്നു വളരെ ലാഘവ ബുദ്ധിയോടു കൂടി പറയുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. റവന്യൂബോർഡ് മെമ്പറെ ചുമതലപ്പെടുത്തി, റിപ്പോർട്ട് കിട്ടിയാൽ വേണ്ടതു ചെയ്യാമെന്നു പറഞ്ഞ് കാത്തിരിക്കാതെ കാലതാമസം കൂടാതെതന്നെ ഭൂനിയമംകൊണ്ട് കഷ്ടപ്പെടുന്ന ഈ രാജ്യത്തെ നാമമാത്രമായ ഭൂവുടമകളെ രക്ഷിക്കാനുള്ള അടിയന്തിരമായ നടപടികളും നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കയ്യൂക്കുകൊണ്ട് കയ്യേറ്റം നടത്തി കൈവശത്തിന്റെ പേരിൽ കള്ള റിക്കാർഡുണ്ടാക്കിയ ആളുകൾക്ക് ആനുകൂല്യങ്ങളും പരിരക്ഷകളും നൽകാൻ ഈ രാജ്യത്ത് സംഘടിതമായ ശ്രമങ്ങൾ നടക്കുമ്പോൾ തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് കാലാകാലങ്ങളായി കൈവശം വച്ചിരുന്ന കുടുംബസ്വത്തുപോലും നഷ്ടപ്പെട്ട് കുത്തുപാളയെടുക്കേണ്ട ഗതികേടു വന്ന ഈ രാജ്യത്തെ ജനവിഭാഗങ്ങളെ അവഗണിക്കുന്നത് സാമൂഹ്യനീതിക്ക് നിരക്കാത്ത ഒരു സംഭവമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. റവന്യൂബോർഡ് മെമ്പറുടെ അന്വേഷണത്തിന്റെ റിപ്പോർട്ടും അതിനെപ്പറ്റിയുള്ള അഭിപ്രായവും വരാൻ കാത്തിരിക്കാതെതന്നെ 1964 കാലത്ത് നടപ്പിൽ വന്ന കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 109-ാം വകുപ്പിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണം. പുനരധിവാസ പ്രക്രിയക്കുവേണ്ട ഫണ്ട് രൂപീകരണവും അതിനുവേണ്ട നിയമനിർമ്മാണവും വേണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ രാജ്യത്തെ എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള ധാർമ്മികമായ ചുമതല ഈ സർക്കാരിനുണ്ട്. ആര് ഭരിച്ചാലും കേരളത്തെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും വിവിധ മതവിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളും താമസിക്കുന്ന ഈ രാജ്യത്തെ എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള അടിസ്ഥാനപരമായ ചുമതല ജനാധിപത്യ മുന്നണി സർക്കാർ ഏറെടുക്കണമെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. എല്ലാ മതവിഭാഗത്തിനും ന്യായമായ പരിഗണന നൽകി അവ തമ്മിലുള്ള സമതുലിതാവസ്ഥ നിലനിറുത്താൻ ഈ രാജ്യത്തിനു കഴിഞ്ഞില്ലെങ്കിൽ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന കാര്യം മറച്ചുവച്ചിട്ട് കാര്യമില്ല. സംഘടിതമായ ചില വിഭാഗങ്ങളുടെ അന്യായമായ അവകാശങ്ങൾക്കുപോലും മുട്ടുമടക്കുകയും അസംഘടിതരായി എന്ന കാരണംകൊണ്ട് മറ്റു ജനവിഭാഗങ്ങൾക്ക് സാമാന്യനീതി നിഷേധിക്കുകയും ചെയ്യുക എന്ന അന്യായമായ നിലപാട് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു സർക്കാരിന് ഭൂഷണമല്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അടിസ്ഥാനപരമായ കാര്യങ്ങൾ ചെയ്ത സർക്കാർ ആ വഴിയിൽക്കൂടി മുന്നോട്ടു പോകുവാൻ തയ്യാറാവുകയും അപാകതകളും പാളിച്ചകളും തിരുത്തുവാൻ തയ്യാറാവുകയും ചെയ്തുകൊണ്ട് മുന്നേറണം. അതിന് അനുകൂലമായ തരത്തിലുള്ള നയപ്രഖ്യാപനത്തിന്റെ നന്ദിപ്രമേയത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ അധികാരത്തിലിരിക്കുന്ന ഗവൺമെന്റിനും അതിന് നേതൃത്വം കൊടുക്കുന്ന മുന്നണിക്കും വേണ്ടിയാണ് ഗവർണ്ണർ ഇവിടെ പ്രസംഗം നടത്തിയത്. ഈ മുന്നണിയുടേയും ആ മുന്നണിക്കു നേതൃത്വം കൊടുക്കുന്ന കോൺഗ്രസിന്റേയും സ്ഥിതി എന്താണ്? ഈ മുന്നണി, രാജ്യത്തെ വർഗ്ഗീയവിഘടന ശക്തികളും രാജ്യത്തെ മറ്റു രാജ്യങ്ങൾക്കു ഒറ്റു കൊടുക്കുന്ന വിദേശ ചാരൻമാരും അന്തർദേശീയ കള്ളക്കടത്തു സംഘവുമായി ബന്ധമുള്ള മന്ത്രിമാരും എം. എൽ. എ. മാരും കൂടിയിരിക്കുന്ന ഒരു ദേശദ്രോഹ മുന്നണിയാണെന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെയുള്ള ഒരു ഗവൺമെന്റിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചിരിക്കുന്ന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ എതിർക്കുന്നതോടൊപ്പം മറ്റു ചില കാര്യങ്ങൾ കൂടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഗവർണ്ണർ നടത്തിയ പ്രസംഗത്തിന്റെ ഒരു ഭാഗത്ത് ആറാം പദ്ധതിയുടെ ഘട്ടത്തിൽ കേരളത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെടുന്ന അഞ്ചുലക്ഷത്തോളം കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് താഴെ നിന്നും ഉയർത്തിക്കൊണ്ടുവരാനുള്ള ലിസ്റ്റ് കേരളത്തിൽ രൂപം കൊണ്ടിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ അതിൽത്തന്നെ 31 ശതമാനം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരാണെന്നു ഗവർണ്ണർ പ്രസംഗിച്ചിരിക്കുന്നു. സർ, 31 ശതമാനമെന്നുള്ളത് പ്രശ്നമല്ല. വളരെയധികം കൊട്ടിഘോഷിക്കുന്ന എൻ. ആർ. ഇ. പി., ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികളെപ്പറ്റി പറയാനുള്ളത് കൊല്ലം ജില്ലയിലാണെങ്കിൽ ഈ രംഗത്ത് ലക്ഷക്കണക്കിനു രൂപയുടെ വെട്ടിപ്പാണ് നടക്കുന്നതെന്നാണ്. ഇതിന്റെ ബന്ധപ്പെട്ട മന്ത്രി ശ്രീ. വേലായുധൻ ഇവിടെ ഇരിക്കുന്നുണ്ട്. ഞാൻ ഇതിന്റെ ഒന്നുരണ്ടു സാമ്പിൾ ഇവിടെ നിരത്തിവയ്ക്കാൻ തയ്യാറാണ്. കുളത്തൂപ്പുഴ പഞ്ചായത്തിൽ കടമാംകോട് എന്നു പറയുന്ന ഒരു ഗിരിജൻ കോളനിയുണ്ട്. അവിടെ ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ഫണം ഉപയോഗിച്ചാണ് വീടുകൾ പണിയുന്നത്. വർഷങ്ങൾക്കു മുമ്പ് അനുവദിച്ച 20 വീടുകളുടെ മുഴുവൻ പൈസയും ബില്ല് മാറിക്കൊണ്ടുപോയിരിക്കുന്നു. എന്നു മാത്രമല്ല പണിയർ വിഭാഗത്തിൽപ്പെടുന്ന ആ കാട്ടിന്റെ മക്കൾ താമസിക്കുന്ന വീട്ടുപുരയിടത്തിലുണ്ടായിരുന്ന മൂന്നു ലക്ഷം രൂപ വിലപിടിപ്പുള്ള തേമ്പാവ്, ഈട്ടി തുടങ്ങിയ തടി അവരുടെ വീടിന്റെ ആവശ്യത്തിനാണെന്നു പറഞ്ഞു വെട്ടി വണ്ടിയിൽ ലോഡ് ചെയ്തു കൊണ്ടുപോയിട്ട് ഒന്നരവർഷമായിട്ടും തിരിച്ചു വന്നിട്ടില്ല. ഇത് ആരാണ് ചെയ്യുന്നത്? നമ്മുടെ മന്ത്രിയുടെ ആ സ്ഥലത്തെ പ്രധാന പ്രവർത്തകരാണ്. ഞാൻ ആ ആക്ഷേപം ഇവിടെ ഉന്നയിക്കുകയാണ്. ആ പാവപ്പെട്ട ആളുകൾക്ക് നേരത്തെയുണ്ടായിരുന്ന കൂര പൊളിച്ചു മാറിയതിനു പകരം വയ്ക്കാൻ നിർവ്വാഹമില്ലാതെ മരച്ചുവട്ടിൽ അന്തിയുറങ്ങുകയാണ്. ഞാൻ ബഹുമാനപ്പെട്ട ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ ഇവരുടെ പടം പ്രദർശിപ്പിക്കുകയാണ്. ബേസ്മെന്റ് കെട്ടിയ പടം മേൽക്കൂര മേയാത്ത പടം ഓട് വന്നു വേറെ സ്ഥലത്തിരിക്കുന്ന പടം, മരം മുറിച്ച കുറ്റിയുടെ പടം മരച്ചുവട്ടിൽ ആളുകൾ അന്തിയുറങ്ങുന്ന പടം ഇവയാണ് എന്റെ കൈവശമുള്ളത്. (മെമ്പർ ചില ഫോട്ടോകൾ സഭയിൽ കാണിച്ചു.) ഞാനിത് മേശപ്പുറത്ത് വയ്ക്കാം. അതിനെപ്പറ്റി ഒരന്വേഷണം. നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ? നാലു വർഷമായിട്ട് ആ പാവപ്പെട്ട ആളുകൾ കടത്തിണ്ണയിൽ അന്തിയുറങ്ങുകയാണ്. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ പവിത്രേശ്വരം പഞ്ചായത്തിൽ കൊടുത്ത 17-ഓളം വീടുകളുടെ മുഴുവൻ കാശും വെട്ടിക്കവല ബി. ഡി. ഒ. എന്നു പറയുന്ന ഒരു നാരായണക്കുറുപ്പു വേറൊരു ഏജൻസിയെ വച്ച് കള്ള ഒപ്പിട്ടു കൊണ്ടുപോയി കാശെടുത്തുകൊണ്ടുപോയ വിവരം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പക്ഷേ യാതൊരു നടപടിയും സ്വീകരിച്ചതായി എന്റെ ഓർമ്മയിലില്ല. ആ പാവപ്പെട്ട ആളുകളുടെ വീടിന്റെ പണിയും ഇന്ന് തകരാറിലാണ്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലെ എഴുകോൺ പഞ്ചായത്തിൽ ഇടയ്ക്കിടം ഭാഗത്ത് 32 വീട്.....

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) പവിത്രേശ്വരത്ത് ബ്ലോക്കിൽ ഒരു ചെക്ക് കൈവശംവച്ചുവെന്ന് പറഞ്ഞ് ഒരു ക്ലാർക്ക്, എൻ. ജി. ഒ. യൂണിയന്റെ ഒരു പ്രവർത്തകൻ ഇപ്പോൾ സസ്പെൻഷനിലാണ് എന്ന കാര്യം അങ്ങ് ഓർക്കുമല്ലോ? അതോടൊപ്പം തന്നെ ആ

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് മാറിയയിനത്തിൽ ഉള്ള 20,000 രൂപ അവിടത്തെ മുൻ പഞ്ചായത്തു പ്രസിഡൻറ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു കാരനായ ബി. ഡി. ഒ. യെ ഏൽപ്പിച്ച വിവരം മെമ്പർക്കറിയാമോ?

ശ്രീ. ബേബി ജോൺ : ഇടയ്ക്ക് ചോദ്യം ചോദിക്കാം. പക്ഷേ ഇടയ്ക്കുകയറി പ്രസംഗിക്കുന്നത് നല്ലതല്ല.

ശ്രീ. സി. കെ. തങ്കപ്പൻ : അങ്ങയുടെ പാർട്ടിക്കാരാണ് വെട്ടിച്ചിരിക്കുന്നത്. അന്വേഷിക്കാൻ നട്ടെല്ലുണ്ടോ? ആളിന്റെ പേരും അഡ്രസും ഞാൻ തരാം. നടപടി എടുക്കാമോ? അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലെ എഴുകോൺ പഞ്ചായത്തിലെ ഇടയ്ക്കിടം എന്ന കോളനിയിൽ 32 വീടുകൊടുത്തു. ആ വീടു സ്ഥാപിക്കാൻ 6700 കിലോഗ്രാം അരിയും ആവശ്യമായ സിമൻറും അതിന് മുഴുവൻ കാശും കൊടുത്തിട്ടും ഒരൊറ്റ മണി അരി പോലും ആ പ്രദേശത്ത് വന്നില്ല സർ. കൊല്ലത്തു വച്ചു വിറ്റു. സിമൻറും വിറ്റു. ആരാണെന്നറിയാമോ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ശിങ്കിടിയുണ്ടല്ലോ, നാരായണൻ. അധ:കൃതവർഗ്ഗത്തിന്റെ നേതാവ്, അദ്ദേഹമാണ് കരാറുകാരനാണെന്നു പറയുന്ന കൺവീനർ. ഈ രാജ്യത്തെ മുഴുവൻ പത്രങ്ങളും റിപ്പോർട്ടു ചെയ്തതാണ്. ഞാൻ മന്ത്രിയോട് പരാതി പറഞ്ഞു. ഇതുവരെ യാതൊരന്വേഷണവും ഇല്ല. ഇതാണ് ഐ. ആർ. ഡി. പി., ആർ, എൽ. ഇ. ജി. പി. ഇവ മുഖേന നമ്മുടെ രാജ്യത്തെ ഹരിജനങ്ങളെ ഉദ്ധരിക്കാൻവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളുടെ സാമ്പിൾ. ബഹുമാനപ്പെട്ട മന്ത്രി ഇതിലൊക്കെ പങ്കുകാരനാണെന്നു ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹം ഒരു വീടു വച്ചു. വച്ചു. അദ്ദേഹം തന്നെ പത്രക്കാരെ വിളിച്ചുകൂട്ടി പറഞ്ഞതെന്താണെന്നറിയാമോ? ഒരു ഹരിജനായ ഞാൻ ലക്ഷക്കണക്കിനു ഉറുപ്പിക ചെലവാക്കി വീടുവച്ചതുകൊണ്ട് കേരളത്തിലെ നായർപ്രമാണികൾക്ക് കണ്ണുകടിയാണ്. എന്നാണ് ഇതാണ് ദുർബല ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടു വരുന്ന പ്രവർത്തനരംഗത്തെ സാമ്പിൾ. സഖാവ് കുഞ്ഞിക്കണ്ണനോടും സഖാവ് എം. വി. രാഘവനോടും ഇപ്പോൾ കോൺഗ്രസ്സുകാർക്കു എന്തുസ്നേഹമാണെന്നറിയാമോ സ്നേഹം വഴിഞ്ഞൊഴുകുകയാണ് അന്തസ്സും ആണത്തവും അച്ചടക്കവുമുള്ള ഞങ്ങളുടെ പാർട്ടി ഏത് ഉന്നതനേതാവിന്റെ പേരിലായാലും ധീരമായ നടപടി സ്വീകരിക്കും. തിരിച്ചു ഞാനൊന്നു ചോദിക്കട്ടെ, ശ്രീമാൻ എം. വി. ഗംഗാധരൻ രാജി വച്ചല്ലോ. രാജി വയ്ക്കുന്നതിനു മുമ്പ് നമ്മുടെ രമേശ് ചെന്നിത്തലയും പന്തളം സുധാകരനും കാർത്തികേയനുംകൂടി ഒരു പത്രസമ്മേളനം നടത്തി. പത്ര റിപ്പോർട്ട് വന്നതാണ്. ആ ചെറുപ്പക്കാരെ നോക്കൂ. സഹതാപം തോന്നുന്നു. മുടി ക്രോപ്പടിച്ച് ചെറുതാക്കിയിരിക്കുകയാണ്. ആളെ അറിയാതിരിക്കാൻ വേണ്ടി പുറത്തിറങ്ങിയാൽ അടി വാങ്ങിക്കും. സത്യമാണ് ഞാൻ പറഞ്ഞത്. അച്ചടക്കമുള്ള പാർട്ടിയാണ് മുഖ്യമന്ത്രിയുടെ പാർട്ടിയെങ്കിൽ വളരെ വിനയത്തോടുകൂടി ഞാൻ ചോദിക്കട്ടെ, ആ ചെറുപ്പക്കാരന്റെ പേരിൽ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ പാർട്ടിക്കും മുഖ്യമന്ത്രിക്കും, പത്മരാജനും നട്ടെല്ലുണ്ടോ? അതിന് മറുപടി പറയണം.

അതുപോലെതന്നെയാണ് രഘുചന്ദ്രബാലിന്റെ കാര്യം ഈ സഭയിൽ മുമ്പുണ്ടായിരുന്നയാളാണദ്ദേഹം. ശ്രീമാൻ വയലാർ രവി ബാലകൃഷ്ണപിള്ളയോട് സംസാരിച്ചുവെന്നതിന്റെ പേരിൽ ശ്രീമാൻ വയലാർ രവിയുടെ പേരിൽ നടപടിയെടുക്കണമെന്നും പുറത്താക്കണമെന്നും ശ്രീമാൻ രഘുചന്ദ്രബാൽ പ്രസ്താവനയിറക്കി. അയാളെ എന്തു ചെയ്തു? സസ്പെൻഡ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുവെന്ന് പത്രത്തിൽ എഴുതി. അല്ലാതെ എന്തെങ്കിലും ചെയ്തോ? യാതൊന്നും ചെയ്തില്ല. പിന്നെ കോൺഗ്രസ്സിന്റെ സംസ്ക്കാരമെന്നു പറഞ്ഞാൽ എന്താണ്. തല്ലുണ്ടാക്കിൽ തല്ലേണ്ടിവരും അതാണ് കോൺസ്സിന്റെ സംസ്ക്കാരം. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. നമ്മുടെ സംസ്ഥാനത്തെ കോൺഗ്രസ്സിന്റെ സംസ്ക്കാരമെന്താണ്. മഹാരാഷ്ട്രയിലെ പണ്ടത്തെ ഡെപ്യൂട്ടി മുഖ്യമന്ത്രി രാമനാഥ് ആദിക്കിനെ അറിയുമോ? അദ്ദേഹം ജർമ്മനിയിൽ വ്യവസായമേളയ്ക്ക് പോയി. വിമാനത്താവളത്തിൽക്കയറി വിമാനജോലിക്കാരെ കയ്യേറം ചെയ്തു. ജർമ്മനിയിൽ ചെന്നിറങ്ങി ഹോട്ടൽ ജോലിക്കാരെ കയ്യേറം ചെയ്തു. അവിടെയുള്ള ആളുകളെല്ലാവരുംകൂടി അദ്ദേഹത്തെ ശരിക്ക് കൈകാര്യം ചെയ്തു. തിരിച്ചു വന്നപ്പോഴത്തെ സ്ഥിതി യെന്താണെന്നറിയാമോ? രാമനാഥിന് പോയപ്പോൾ 32 പല്ല്. വന്നപ്പോൾ 30 പല്ല്. എങ്ങനെയിരിക്കുന്നു കോൺഗ്രസ്സിന്റെ സംസ്ക്കാരം? കുറച്ചു നാൾ മുമ്പ് നിങ്ങളുടെ ചെറുപ്പക്കാരും ഞങ്ങളുടെ ചെറുപ്പക്കാരും കൂടി മോസ്ക്കോയിലേക്ക് പോയല്ലോ? മോസ്ക്കോ എന്നു പറഞ്ഞാൽ സോവി യറ് നാടാണ്. ഇഷ്ടംപോലെ ഭക്ഷണം കഴിക്കുന്ന പെൺകൊടികളുടെ സൗന്ദര്യം കണ്ടപ്പോൾ യൂത്ത് കോൺഗ്രസ്സുകാർ മറന്നുപോയി; ദേശീയ പതാക പോലും അവിടെ വച്ച് മറന്നുപോയി. ആ പെൺകുട്ടികളെ കടന്നു പിടിച്ചു. മോസ്ക്കോ പട്ടണത്തിൽ വച്ച് യൂത്ത്കോൺഗ്രസ് സ്നേഹി തൻമാരെ പട്ടി കടിച്ചു സർ. പത്രത്തിൽ വന്നതാണ്. അതുപോലെ തന്നെ യാണ് നാഗപ്പൂരിലും ഉണ്ടായത്.

ശ്രീ എ. സി. ജോസ് : മോസ്കോയിൽ പട്ടിയില്ല സർ.

ശ്രീ. സി. കെ. തങ്കപ്പൻ : എന്നാൽ കടിക്കാൻ വേണ്ടി ഇന്ത്യയിൽ നിന്ന് കൊണ്ടു പോയതാണ്. നാഗപ്പൂരിൽ പോയി അവിടെ ചെന്ന് ഒരു സമ്മേ ളനം നടത്തി. അവിടത്തെ മുഴുവൻ സ്ത്രീകളും അവരുടെ വീടും പൂട്ടി നാടുവിട്ടു പോയി സർ അവിടെ ജോലി എന്തായിരുന്നു? ചുവന്ന തെരുവിലും വേറെയെവിടെയെല്ലാമോ ഒക്കെ കയറി സ്ത്രീകളെ ബലാൽ സംഗം ചെയ്തു. അതാണ് കെ. എസ്. യു. വിന്റെ സമ്മേളനം. തല്ലി പ്പിരിഞ്ഞ് തലതല്ലിക്കീറി നാലുപാടും പോയി സർ. ഇപ്പോൾ ബോംബെ യിൽ ഒരു സമ്മേളനം നടത്തി. 50,000 കോൺഗ്രസ് നേതാക്കൻമാർ ഇന്ത്യ യുടെ വിവിധഭാഗങ്ങളിൽ നിന്നും പ്രവഹിച്ചു. വലിയ കോൺഗ്രസ്സുകാരായിരുന്നു. രാജീവ് ഗാന്ധി പ്രസം ഗിച്ചപ്പോൾ 5,000 പേരായി. ബാക്കി എവിടെപ്പോയി? ചുവന്ന തെരു വിലും സുഖസൗഭാഗ്യങ്ങളിലും തേടിപ്പോയിട്ടുണ്ടാകണം. അതിന് ഇപ്പോൾ സമാധാനം ചോദിച്ചിരിക്കുകയാണ്. അവിടെയും മന്ത്രിമാരുംപ്പെടെ എം. പി. മാരെ പിടിച്ചു. ആരും അറിയാതിരിക്കാൻവേണ്ടി അവിഹിതഗർഭ മുള്ള പെൺകുട്ടികൾ എന്ന് അയലത്തെ കുട്ടികളെ പഴിക്കുന്നമാതിരിയാണ് യൂത്ത് കോൺഗ്രസിന്റെ പ്രസംഗം. അത് കയ്യിൽ വച്ചിരുന്നാൽ മതി. കോൺഗ്രസ്സിനെക്കുറിച്ച് ഇതിൽക്കൂടുതൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പന്തളം സുധാകരനോട് എനിക്കൊരഭ്യർത്ഥന യുണ്ട്. എന്താണ് സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നുപറഞ്ഞാൽ? ഇന്ത്യയിലെ വൻകിട മുതലാളിമാരുടേയും കുത്തകക്കാരുടേയും പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

അതിനകത്ത് പന്തളം സുധാകരനും രാഘവൻമാസ്റ്റർക്കും ഹരിജനങ്ങൾക്കുമെന്താണ് 32 ലക്ഷം അടിമകളാണ് സർ, ഇന്ത്യാ രാജ്യത്ത് ഇന്ന് ജീവിക്കുന്നത്. സംസ്ഥാനരേഖയാണ് സംസാരിക്കുന്നത്. കോൺഗ്രസ്സ് സംസ്ക്കാരത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞു വരുന്നത്. ആ കോൺഗ്രസ് സംസ്ക്കാരം ഉൾക്കൊള്ളാൻ പന്തളം സുധാകരനെന്താണ് കാര്യം? ഞാൻ ഒരുദാഹരണം പറയാം. ആന പോകുമ്പോൾ കുഴിയാന പറയും കണ്ടോ എന്റെ ജ്യേഷ്ഠൻ പോകുന്നുവെന്ന്. അതുപോലെയാണ് കോൺഗ്രസിനെ സംബന്ധിച്ച് ഈ രാജ്യത്തെ ഹരിജനങ്ങളും വിശേഷിച്ച് പന്തളം സുധാകരനും പറയുന്നത്. എന്തിനുവേണ്ടിയാണ് ഈ എടാകൂടത്തിനൊക്കെ ഇറങ്ങി തിരിച്ചിരിക്കുന്നതെന്നാണ് എന്റെ ചോദ്യം. ഇനി വല്ല ഭാവിയുമുണ്ടോ ശ്രീമാൻ എം. പി. ഗംഗാധരനെതിരെ നിങ്ങൾ പ്രസ്താവന ഇറക്കിയില്ലേ? രക്ഷപ്പെടാൻ പോകുന്നില്ല. ഇവിടെ സത്യപ്രതിജ്ഞ നടത്തിയ അന്നു ഞാൻ പറഞ്ഞതാണ്. അന്ന് ആരുടെകാലുതൊട്ടാണ് തൊഴുന്നതെന്ന് ഓർക്കണം. ഇപ്പോൾ അനാഥമാണ്. യഥാർത്ഥ പ്രശ്നങ്ങളുടെനേരെ കണ്ണടയ്ക്കുന്ന സർക്കാരിന്റെ നയസമീപനമാണ് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം. ആ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തിയുക്തം ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. എം. കെ. കേശവൻ : സർ, ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ നന്ദി പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഹസ്സൻ മനസാക്ഷിക്കുത്തോടുകൂടി നടത്തിയ ആ പ്രസംഗം ഈ സഭയിലെ മുഴുവൻ ആളുകളും കേട്ടതാണ്. ഗവർണ്ണറെ കൊണ്ട് നടത്തിയ ആ പ്രസംഗത്തിൽ, സത്യത്തിൽ ഈ സംസ്ഥാനത്തെ ഭരണമുന്നണിയിലെ കക്ഷികളുടെ സ്വഭാവം വ്യക്തമാക്കുന്ന വിധത്തിലാണ് കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. മുഖ്യമന്ത്രി ഇടയ്ക്കിടയ്ക്ക് പറയും ഈ ഗവൺമെന്റ് അതിന്റെ കാലാവധി തീരുന്നതുവരെ ഭരണം നടത്തുമെന്ന്. ആറു മാസത്തിനു മുമ്പുവരെ ആ വക കാര്യങ്ങൾ മുഖ്യമന്ത്രി പറഞ്ഞുകൊണ്ടിരുന്നതാണ്. എന്നാൽ ഈയിടെ മുഖ്യമന്ത്രി പറയുന്നത് ഇന്നത്തെ നിലയിൽ ഇങ്ങനെ തുടർന്നു പോകാൻ എന്നെക്കൊണ്ടാവുകയില്ല, അതുകൊണ്ട് അത്യാവശ്യമായിട്ടുള്ള അഴിച്ചു പണിയോ ഇടക്കാലതെരഞ്ഞെടുപ്പോ തുടങ്ങിയിട്ടുള്ള സംവിധാനങ്ങളിൽ ഏതെങ്കിലും ഏർപ്പെടുത്തണമെന്നാണ്. ഈ സംസ്ഥാനത്ത് ഒരു ഭരണമുണ്ടോ ഈ സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസക്കാലമായി സെക്രട്ടേറിയറ്റിൽ ജനങ്ങളെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കേണ്ട ഫയലുകളിൻമേൽ എന്തെങ്കിലും തീരുമാനമെടുക്കാൻ നമ്മുടെ മന്ത്രിമാർക്ക് കഴിഞ്ഞിട്ടുണ്ടോ ? പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ചെളിവാരിയെറിയുവാനും കാലുവാരാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനല്ലാതെ കഴിഞ്ഞ ആറ് മാസക്കാലമായി ജനങ്ങളെ ബാധിക്കുന്ന ഗൗരവമുള്ള പ്രശ്നങ്ങളിൽ നമ്മുടെ സെക്രട്ടേറിയറ്റിലെ ഒരു ഫയലിലും ഒരു തീരുമാനമെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എന്നിട്ട് പറയുന്നത് ഈ സംസ്ഥാനത്ത് ഞങ്ങളെല്ലാം വളരെ ഐക്യത്തോടുകൂടി, വളരെ യോജിപ്പോടുകൂടി കാര്യങ്ങൾ നടത്തുന്നു എന്നാണ്, ഏതു മുന്നണി ഭരണങ്ങളിലും ചിലപ്പോൾ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ നടപടിക്രമങ്ങൾക്കെതിരായി സംസ്ഥാനത്ത് മറ്റൊരു കക്ഷിയിലെ മറ്റൊരു മന്ത്രി കേന്ദ്ര നേതാക്കളുടെ മുമ്പിൽ ഫയലുകൾ ഹാജരാക്കി വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതി നമ്മുടെ ഈ രാജ്യത്ത് മറ്റെവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ ? നമ്മുടെ കേരളത്തിലെ മുന്നണി ഭരണത്തിലല്ലാതെ മുഖ്യമന്ത്രിക്കെതിരായി,

LIBRARY ARCHIVES Kerala Legislative Assembly

സഹമന്ത്രിമാർ സെക്രട്ടേറിയറ്റിലിരിക്കുന്ന ഫയലുകളും ചുമന്നുകൊണ്ട് ഡൽഹിയിൽപോയി കേന്ദ്രനേതാക്കന്മാരെ ആവർത്തിച്ചാവർത്തിച്ച് ബോദ്ധ്യപ്പെടുത്തി മുഖ്യമന്ത്രിയോടുള്ള ഐക്കമാണ്ടിന്റെ അനുഭാവം കൂടി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം മറെറാരിടത്തും ഉണ്ടായിട്ടില്ല.

ഇവിടെ ഓരോ മന്ത്രിമാരും പറയുന്നതെന്താണ് ? ശ്രീ. ശ്രീനിവാസൻ പറയുന്നത് കപ്പയിൽ നിന്നും ചാരായം എടുക്കാനുള്ള ലൈസൻസ് നൽകിയതിന് ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ്. ഈ മന്ത്രിമാരെല്ലാം കൂടി ഒരുമിച്ചിരുന്ന് എടുത്ത തീരുമാനങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ഒരു മന്ത്രി പറഞ്ഞാൽ, എന്താ സർ, കൂട്ടുത്തരവാദിത്വം ? ഈ മന്ത്രിമാർക്ക് കൂട്ടുത്തരവാദിത്വമില്ല എന്നു മാത്രമല്ല നമ്മുടെ കേരള സംസ്ഥാനത്തെ രണ്ടേമുക്കാൽ കോടി ജനങ്ങളുടെ ജീവൽപ്രശ്നങ്ങളിൽ ഇവർക്ക് യാതൊരു താൽപ്പര്യവുമില്ല എന്നുള്ളതാണ് കഴിഞ്ഞ ആറുമാസക്കാലത്തെ അനുഭവങ്ങൾ കൊണ്ട് തെളിയിച്ചിരിക്കുകയാണ്. ഒരുദാഹരണം ഞാൻ പറയാം. ഈ കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് നമുക്ക് കേന്ദ്രം കുറെ പണം തന്നു, നമ്മുടെ രാജ്യത്തെ കീഴ്നടപടിക്കെതിരായി, രണ്ട് മന്ത്രിമാർ തമ്മിൽ ഉള്ള ചക്കളത്തിൽ പോരാട്ടംകൊണ്ട് ആ പണം നഷ്ടപ്പെടാൻ പോകുകയാണ്. ആര് എന്തു പറഞ്ഞാലും ശരി മാർച്ച് 31-നകം ഈ കേന്ദ്രം കൊടുത്ത പണം മുഴുവൻ നമ്മുടെ സംസ്ഥാനത്ത് ചെലവാക്കാൻ സാദ്ധ്യമല്ല. എനിക്കറിയാം നാട്ടിൻപുറങ്ങളിലെ കൃഷിക്കാർക്കുവേണ്ടി ഡോക്ടർ കെ. സി. ജോസഫ് ഇവിടെ കാലത്ത് ഒരു കാര്യം ഉന്നയിച്ചു. ഈ സംസ്ഥാനത്തെ കൃഷിക്കാർക്ക് അനുവദിച്ച പണംപോലും കൊടുക്കുന്നില്ല. ഇതിന് ആരാണ് ഉത്തരവാദി ? പരമ്പരാഗതമായി നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുള്ള നടപടിക്രമം അനുസരിച്ച് പ്രകൃതിക്ഷോഭംമൂലം എന്തെങ്കിലും നാശനഷ്ടം ഉണ്ടായാൽ അതിന് പണം കൊടുക്കേണ്ടത് റവന്യു വകുപ്പു വഴിയാണ്. റവന്യൂ വകുപ്പു മന്ത്രിയിലൂടെയാണ് എന്നാൽ ഇവിടെ രണ്ടു മന്ത്രിമാർ തമ്മിലുള്ള തർക്കത്തിലൂടെ ആ വക കാര്യങ്ങളും ഇപ്പോഴും അവശേഷിക്കുന്നു.

കഴിഞ്ഞ നിയമസഭാ സമ്മേളനം അവസാനിക്കുന്ന ഘട്ടത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി പ്രതിപക്ഷത്തിന്റെ മുഖത്തുനോക്കി ഒരു ഭീഷണി മുഴക്കി. എന്താണ് അദ്ദേഹം പറഞ്ഞത് ? വന്നേക്കൂ, റാന്നിയിൽ കണ്ടോളാമെന്നാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയോടും കോൺഗ്രസ് സ്നേഹിതൻമാരോടും. ചോദിക്കട്ടെ, റാന്നിയിൽ കണ്ടത് എന്താണ് ? ശ്രീമതി റേയ്ച്ചൽ സക്കറിയ പനവേലി ഇപ്പുറത്തിരിക്കുന്നു. അത്രയെങ്കിലും സമ്മതിച്ചു തന്നാൽ മതി. ഈ രാജ്യത്തെ ജനങ്ങളുടെ പിൻതുണ നഷ്ടപ്പെട്ട്, ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട്, ജനങ്ങളുടെ വികാരം മനസ്സിലാക്കാൻ കഴിയാതെ പരസ്പരംപോരാട്ടം നടത്തുന്ന മുന്നണിയും അതിന്റെ ഗവൺമെൻറും ആണ് ഉള്ളത്. ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി എന്തു ചെയ്തു എന്നു പറയാമോ ?

ഇവിടെ അനേകം കാര്യങ്ങളെക്കുറിച്ചു പറഞ്ഞു, നമ്മുടെ മൽസ്യ തൊഴിലാളികൾക്ക്—മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പ്—ഈ കഴിഞ്ഞ പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് സഹായം കൊടുക്കാൻ ഒരു പദ്ധതി ആവിഷ്കരിച്ചു. എവിടെ പോയി ആ പദ്ധതി? ഇവിടെ അപൂർവ്വം ചില സ്ഥലങ്ങളിൽ ചില കാര്യങ്ങളിൽ അദ്ദേഹത്തിന്റെ പാർട്ടിയുടെ ലോക്കൽ നേതാക്കൻമാരുടെ ആഫീസിലെ ചീട്ട് ഇല്ലെങ്കിൽ മൽസ്യത്തൊഴിലാളികൾക്ക് സഹായം കിട്ടാത്ത സ്ഥിതിയെക്കുറിച്ച് കോൺഗ്രസ്സുകാരനായ, മൽസ്യത്തൊഴിലാളികളുടെ സംസ്ഥാന ഉപദേശക സമിതിയംഗം രാമൻ വൈദ്യരെ ഒരു പ്രസ്താവന അച്ചടിച്ച് മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കർഷക തൊഴിലാളികളുടെ സ്ഥിതിയെന്താണ് ? ഇവിടെ അതേക്കുറിച്ച് (ഒരു പദ്ധതിയെക്കുറിച്ച്) പറഞ്ഞിരിക്കുന്നു. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി മിടുക്കനാണ് ; വാചകം കൊണ്ട് ആളുകളെ ബോധം കെടുത്താൻ മിടുക്കനാണ്. അദ്ദേഹം റിസ്ക്ക് ഇൻഷ്വറൻസ് കം പ്രോവിഡൻറ് ഫണ്ടിനെപ്പറ്റി പറഞ്ഞിരിക്കുന്നു. ഞാൻചോദിക്കട്ടെ കർഷകത്തൊഴിലാളി പെൻഷൻ കൊടുത്താൽ പോരെ? അർഹതയുള്ള മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ കൊടുക്കുന്നതിനുപകരം നടക്കാത്ത ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നു. ഈ പദ്ധതി പ്രാവർത്തികമായി വരുമ്പോഴേക്കും ഈ ഗവൺമെൻറിന്റെ കാലാവധിയും കഴിയും, അപ്പോഴേക്കും അതു കൊടുക്കാതിരിക്കാൻ വേണ്ടിയാണ് കൊടുക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ കൊടുക്കാമായിരുന്നു. അതിനുള്ള നടപടികളും സ്വീകരിച്ച് ബഡ്ജറ്റിൽ വക കണ്ടെത്തി ഗവർണ്ണറെക്കൊണ്ട് വാക്ക് പറയിപ്പിക്കേണ്ടേ? ഒന്നും ചെയ്തില്ല എന്നു മാത്രമല്ല ഇപ്പോൾ പറയുന്നത് റിസ്ക്ക് അലവൻസ് ഉണ്ടാക്കാൻ പോകുന്നു എന്നാണ്. അത് എന്തുമായിക്കൊള്ളട്ടെ, നമ്മുടെ ഈ സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ പഠിക്കുന്ന കുട്ടികൾക്ക് ആറുമാസമായി സ്റ്റൈപ്പൻറ് കൊടുക്കുന്നില്ല. മുഖ്യമന്ത്രിക്ക് അത് ശ്രദ്ധിക്കാൻ നേരമില്ലല്ലോ ; അദ്ദേഹം കാലത്ത് എഴുന്നേറ്റാൽ ഡൽഹിയിലേക്കു പറക്കും, അവിടെനിന്ന് ഇങ്ങോട്ട് പറക്കും. ഈ സെക്രട്ടേറിയറ്റിലെ-ഹരിജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഉള്ള ഒരു ഫയൽപോലും ഈ കഴിഞ്ഞ ആറുമാസക്കാലത്തിനിടയ്ക്ക് മുഖ്യമന്ത്രി കണ്ടിട്ടില്ല. നമ്മൾ ഇതൊക്കെ പറഞ്ഞാലും അദ്ദേഹം ശ്രദ്ധിക്കുന്ന ആളല്ല. മുഖ്യമന്ത്രിക്കു തന്നെ ഈ വകുപ്പിന്റെ ചുമതലയുള്ളതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങൾക്കും ആദിവാസികൾക്കും വേണ്ടി മാറ്റി വച്ചതുക യഥാകാലം ചെലവഴിക്കുന്നില്ല എന്ന നിയമസഭാ കമ്മിറ്റിയുടെ ശുപാർശ ഗവൺമെൻറിന്റെ മുമ്പിലുണ്ട്. ഇതൊക്കെ പറഞ്ഞിട്ടും ഒരു കാര്യവും നടക്കുന്നില്ല. അപ്പോൾ ഈ സംസ്ഥാനത്ത് എന്താ നടക്കുക. നമ്മുടെ രാജ്യത്തെ സാധാരണക്കാരായിട്ടുള്ള ആളുകളുടെ പ്രശ്നങ്ങളിൽ നിന്ന് ഈ ഗവൺമെൻറ് മാറി നിന്നിട്ട് അങ്ങോട്ടുമിങ്ങോട്ടും തർക്കമാണ്. ഇന്നലെ പത്രങ്ങളിലൊക്കെ വാർത്ത വന്നു ഏകകക്ഷി ഭരണം തന്നെ വേണമെന്ന്: ആയിക്കോട്ടേ, ആർക്ക് നഷ്ടം ? പക്ഷേ നിങ്ങൾക്ക് ഈ വർഗ്ഗീയ പിൻതിരിപ്പൻ കക്ഷികളുമായി കൂട്ടുപിടിച്ചു കൊണ്ട് ഏകകക്ഷിയെപ്പറ്റി പറയുവാൻ കഴിയുമോ ? കഴിയുകയില്ലെന്ന് ആവർത്തിച്ചാവർത്തിച്ച് തെളിയിച്ചില്ലേ?

കോൺഗ്രസ് ഐസ് പ്രസിഡൻറ് ശ്രീ. അർജുൻസിംഗിന്റെ ആവനാഴിയിലെ അവസാനത്തെ ആയുധംപോലും എടുത്തു പ്രയോഗിച്ചിട്ടും കേരള പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. പ്രശ്ന പരിഹാരമുണ്ടാക്കാൻ കഴിഞ്ഞത് ലീഗിനാണ്. അപ്പോൾ നമ്മുടെ കോൺഗ്രസിന്റെ ഹൈക്കമാൻഡ് എന്നു പറയുന്നത് മുസ്ലീംലീഗാണ്. മുസ്ലീംലീഗാകുന്ന കേരള ഹൈക്കമാൻഡ് തീരുമാനിച്ചപ്പോഴേ കേരള പ്രശ്നത്തിന് പരിഹാരമുണ്ടായി. ശ്രീ. അർജുൻസിംഗും പ്രധാനമന്ത്രിയും ശ്രമിച്ചിട്ട് നടക്കാത്ത കാര്യങ്ങൾ നടത്താൻ ഇവിടെ അവസരമുണ്ടായി. നമ്മുടെ രാജ്യം ഇന്ന് എവിടെയാണ് സർ ? എനിക്കു തോന്നുന്നത് ഇന്നു രാവിലെ ഇവിടെ ചർച്ച ചെയ്ത വിഷയം പാർലമെൻറിൽ ആരെങ്കിലും ഉന്നയിച്ചു കാണുമെന്നാണ്. ഗൗരവമുള്ള കാര്യങ്ങൾകൊണ്ട് നമ്മുടെ രാജ്യത്തിന്റെ ഭാവിയെ അപകടപ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങളെക്കുറിച്ച് ഒരു ചർച്ച വരുമ്പോൾ മന്ത്രിമാരുടെ നിലപാട് വിചിത്രമായി തോന്നുന്നു. ശ്രീ. ഹസ്സൻ കൊണ്ടുവന്ന ഈ നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. സി. ജോർജ്ജ് : സർ, എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച കൃതജ്ഞതാ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇന്നും ഇന്നലെയുമായി ഈ സഭയിൽ നടന്ന ചർച്ചയിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം വായിച്ച ആരെങ്കിലും എന്തെങ്കിലും സംസാരിച്ചതായി മനസിലാക്കുവാൻ എനിക്കു കഴിഞ്ഞില്ല. ആകെ പ്രതിപക്ഷം ഇവിടെ വന്ന് സംസാരിച്ചതും അവർ പ്രൊജക്ട് ചെയ്ത് കാണിക്കുവാൻ ശ്രമിച്ചതും കോൺഗ്രസ്സും കേരള കോൺഗ്രസ്സും തമ്മിലുള്ള തർക്കങ്ങളെയാണ്. അതിനു പത്രങ്ങളുമുണ്ട്. ഇന്ന് രാവിലെ പത്രം വായിച്ചപ്പോൾ എനിക്കു വലിയ അത്ഭുതം തോന്നി. ഈ ഭരണകക്ഷി മാത്രമല്ല, പത്രങ്ങളും പോലും പറയുന്നു ഇത്രയും ഇൻഎഫക്ടീവായിട്ടുള്ള ഒരു പ്രതിപക്ഷം ഈ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല എന്ന്.

മി. സ്പീക്കർ : ഇന്നലെയും പല മെമ്പർമാരും പറഞ്ഞതറിയുന്നുണ്ട്. വളരെ വ്യവസ്ഥാപിതമായി ചർച്ചകളിൽ പങ്കെടുക്കുന്നതാണോ ഇൻഫെക്ടീവ് എന്നു പറയുന്നത് ?

ശ്രീ. പി. സി. ജോർജ്ജ് : ഇത് എന്റെ അഭിപ്രായം മാത്രമല്ല, ഞാൻ അങ്ങയുടെ അഭിപ്രായങ്ങളോട് വിയോജിക്കുന്നില്ല.

മി. സ്പീക്കർ : ദയവായി പ്രകോപനങ്ങളുണ്ടാക്കരുത്.

ശ്രീ. പി. സി. ജോർജ്ജ് : യാതൊരു കഴിവുമില്ലാത്ത, മിണ്ടാൻ കൊള്ളാത്തവൻമാരായി അധഃപതിച്ച പ്രതിപക്ഷത്തിനു മുമ്പിൽ ഞാൻ എന്തിനാ സർ പ്രകോപനമുണ്ടാക്കുന്നത് ? ഞാൻ പ്രകോപനമുണ്ടാക്കുകയല്ല. ഞാൻ പറഞ്ഞുവന്നത് ഇന്നു പത്രത്തിൽ വന്ന കാര്യമാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഇവിടെ നടന്നതിന്റെ പിറ്റെ ദിവസം ഞാൻ പത്രം എടുത്തു വായിച്ചു. ആ പത്രത്തിൽ വന്നത് എന്തായിരുന്നു ?.....ബഹളം .....

മി. സ്പീക്കർ : അന്ന് പ്രതിപക്ഷം ഇൻഎഫക്ടീവാണെന്നു പറഞ്ഞാൽ ഇൻഎഫക്ടീവ് ആണെന്ന് അവർക്ക് കാണിക്കണ്ടേ ?

ശ്രീ. പി. സി ജോർജ്ജ് : എനിക്ക് അത് മനസ്സിലായി. ഇന്നു രാവിലെ മൂന്നു അറബികളെ കിട്ടിയില്ലെങ്കിൽ പ്രതിപക്ഷത്തിന്റെ നില വളരെ ഗതികേടിലാകുമായിരുന്നു. അവർ കുവിയാലും കാറിയാലും ഇഫക്ടീവാണെന്ന് ഞാൻ പറയുകയില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനം ഇവിടെ നടന്നുകൊണ്ടിരുന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. നായനാർ ഉറപ്പോടെ പറഞ്ഞു ഈ സംസ്ഥാനത്തെ ഒരു റോഡിലൂടെയും സഞ്ചരിക്കാൻ പാടില്ല, എന്റെ നട്ടെല്ലൊടിഞ്ഞു ; എന്റെ നടുവ് വെട്ടി, റോഡ് മുഴുവൻ കുളമാണ്, കുഴിയാണ് എന്ന്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ചോദിക്കട്ടെ ഈ കഴിഞ്ഞ ആറുമാസക്കാലത്തെ ഭരണത്തിനിടയിൽ അങ്ങ് കാറിൽ സഞ്ചരിക്കുമ്പോൾ ഏതെങ്കിലും കുഴിയിൽ വീണ് അങ്ങയുടെ നട്ടെല്ലിന് കുഴമ്പിടേണ്ട ഗതികേട് ഉണ്ടായിട്ടുണ്ടോ ? അതേക്കുറിച്ച് നിങ്ങൾ എന്താ ഒന്നും പറയാതിരുന്നത് ? വെള്ളപ്പൊക്കമുണ്ടാകട്ടെ, കെടുതിയുണ്ടാകട്ടെ എന്തും നടക്കട്ടെ ? ആ വസ്തുത നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

അവർ ഇൻ എഫക്ടീവായിപ്പോയി എന്നു ഞാൻ പറഞ്ഞുവന്നതുകൊണ്ട് എന്നെ സാസംരിക്കാൻ അനുവദിക്കാതിരുന്നാൽ വലിയ ബുദ്ധിമുട്ടാണ്

സർ, ഞാൻ പറഞ്ഞുവന്നത് ഈ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ നിക്ഷേധിക്കുന്നില്ലെന്നാണ്. കഴിഞ്ഞ 6 മാസക്കാലത്തിനിടയിൽ ഞങ്ങളുടെ മുന്നണിയിലുണ്ട് എന്ന് സങ്കൽപ്പിച്ചിരുന്ന ചില അഭിപ്രായവ്യത്യാസങ്ങളും പരസ്പര ചർച്ചയിലൂടെ പറഞ്ഞ് ഒതുക്കി സമാധാനപരമായ അന്തരീക്ഷത്തിലാണ് ഈ സമ്മേളനം ചേർന്നിരിക്കുന്നത്. അത് നിങ്ങൾക്ക് നിക്ഷേധിക്കാൻ കഴിയുക ഇല്ല. അങ്ങനെ ചർച്ചയിലൂടെ, ഉണ്ട് എന്ന് സങ്കല്പിച്ചിരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സഭയിലേക്ക് ഗവർണ്ണർവന്ന് നയപ്രഖ്യാപനപ്രസംഗം നടത്തിക്കഴിഞ്ഞ് പിറേദിവസം പത്രമെടുത്തുനോക്കിയപ്പോൾ ഒരു കാര്യം കണ്ടു. നയപ്രഖ്യാപനപ്രസംഗത്തിൽ 6-ാം പേജിൽ 15-ാമത് പാരഗ്രാഫ് മുതൽ കഴിഞ്ഞ ഒരുവർഷംകൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഈ സംസ്ഥാനത്ത് ചെയ്തിരിക്കുന്ന നല്ലകാര്യങ്ങൾ മാത്രം പറഞ്ഞിരിക്കുകയാണ്. അടുത്ത ഒരു വർഷക്കാലംകൊണ്ട് ഈ രാജ്യത്തിലെ ജനങ്ങൾക്ക് നേടിക്കൊടുക്കാൻ പോകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അടിവരയിട്ട് ബഹുമാനപ്പെട്ട ഗവർണ്ണർ ഐക്യജനാധിപത്യമുന്നണിക്കുവേണ്ടി, ഈ ഗവൺമെൻറിനുവേണ്ടി പറഞ്ഞിരിക്കുകയാണ്. അതൊന്നും കാണാൻ പത്രങ്ങൾ തയ്യാറാകുന്നില്ല ; പ്രതിപക്ഷങ്ങളും തയ്യാറാകുന്നില്ല. അവർ എന്താണ് പറയുന്നത് ? ഇന്നത്തെ കേരളകൗമുദി പത്രത്തിൽ കണ്ടു കേരള കോൺഗ്രസ്—കോൺഗ്രസ്സ് (ഐ) ബന്ധം വീണ്ടും ഉലയുന്നു എന്ന്. ഞാൻ ഒരു ഉദാഹരണം പറയാം. കാൻറർബറി ആർച്ച്ബിഷപ്പ് കൊച്ചിയിൽവന്ന് വിമാനത്തിലിറങ്ങി. ആർച്ച്ബിഷപ്പ് വിമാനത്താവളത്തിലിറങ്ങിക്കഴിഞ്ഞപ്പോൾ പത്രക്കാർ ഓടിക്കൂടി. ഒരു പ്രമുഖനായ പത്രക്കാരൻ അദ്ദേഹത്തോട് ചോദിച്ചു അങ്ങേയ്ക്ക് കൊച്ചിയിലുള്ള വേശ്യാലയങ്ങളെപ്പറ്റി എന്താണ് അഭിപ്രായം എന്ന്. ആർച്ച്ബിഷപ്പ് പുണ്യമനുഷ്യനാണ്. അദ്ദേഹം വേദനയോടുകൂടി തിരിഞ്ഞ് ആ പത്രക്കാരനോട് ചോദിച്ചു, 'എന്ത്. കൊച്ചിയിൽ വേശ്യാലയങ്ങളും ഉണ്ടോ' എന്ന്. പിറേദിവസം ആ പ്രമുഖ പത്രക്കാരൻ പത്രത്തിലെഴുതി, ആർച്ച്ബിഷപ്പ് കൊച്ചി വിമാനത്താവളത്തിൽ ഇറങ്ങിയ ആ നിമിഷംതന്നെ കൊച്ചിയിൽ വേശ്യാലയങ്ങളും ഉണ്ടോയെന്ന് അന്വേഷിച്ചു എന്ന്. എന്താണ് സർ ഇതിൻെറ അർത്ഥം ? ആർച്ച്ബിഷപ്പ് പറഞ്ഞതിൻെറ അർത്ഥമെന്താണ്, പത്രക്കാരൻ പറഞ്ഞതിൻെറ അർത്ഥമെന്താണ്? മുഴുവൻ പത്രക്കാരും തെറ്റ് ചെയ്യുന്നുവെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ ആ രീതിയിൽ പത്രപ്രവർത്തനം മാറിയിട്ടില്ലേ എന്ന് ഞാൻ സംശയിക്കുകയാണ്. കേരള കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം, പാർട്ടിയുടെ അഭിപ്രായങ്ങൾ വളരെ ദൃഢമായി പറയുന്നതിൽ ഞങ്ങൾക്ക് ആർക്കും മടിയില്ല. ഇവിടെ നടന്ന ചർച്ചയിൽ ഏറ്റവും പ്രാമുഖ്യം കൊടുത്ത് ഇവർ പറയുന്നു കേരള കോൺഗ്രസ്സിനേയും കോൺഗ്രസ്സിനേയും തമ്മിൽ ഭിന്നിപ്പിക്കാനുള്ള നയപ്രഖ്യാപനപ്രസംഗമാണ് ഇത് എന്ന്. മുഖ്യമന്ത്രി കരുണാകരൻ ഒളിയമ്പോടെ, ക്യാബിനറ്റ് പാസ്സാക്കിയതിന് വിരുദ്ധമായി കാര്യങ്ങൾ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് പറഞ്ഞു. അവർ പറയുന്ന ഭാഗം ഇതാണ്. എനിക്ക് അത്ഭുതം തോന്നുന്നു പത്രക്കാരനും പ്രതിപക്ഷങ്ങൾക്കും ആകെ പറഞ്ഞുകൊടുത്തത് ഞാൻ വായിക്കുകയാണ്. 'വരുന്ന സാമ്പത്തികവർഷാരംഭത്തിൽ സംസ്ഥാനത്തിൻെറ ധനകാര്യ വകുപ്പ് സാമ്പത്തികമായ നടപടി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൃഷിയിലും മത്സ്യബന്ധനത്തിലും കൂടുതൽ വിഭവശേഷി കണ്ടുപിടിക്കുന്നതിനുവേണ്ടി പുതിയ സംരംഭങ്ങൾ ആവിഷ്ക്കരിക്കുന്നതാണ്.' ഇതാണ് ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട ഗവർണ്ണർ പറയു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്നത് കേൾക്കുന്നതിനുവേണ്ടി ഞങ്ങൾ ആ വേദിയിലേക്ക് നടന്നുവന്നപ്പോൾ ഞങ്ങളുടെ പ്രിയങ്കരനായ ശ്രീ. എ. സി. ഷൺമുഖദാസ് ഓടിവന്ന് പറഞ്ഞു ജോർജേ, കരുണാകരൻ കുത്തിയിരിക്കുന്നു എന്ന്. പേജ് നമ്പർ 5-ൽ ഒന്നാം പാരഗ്രാഫിൽ ഇത്രാമത്തെ ലൈനിൽ നിങ്ങൾക്കിട്ട് കുത്തിയിരിക്കുന്നു എന്ന് പറഞ്ഞു. ഞങ്ങളെ പലരും കുത്തിയിട്ടുണ്ട്, ഞങ്ങൾ പരിശോധിച്ചുകൊള്ളാമെന്ന് ഞാൻ ഷൺമുഖദാസിനോട് പറഞ്ഞു. ബഹുമാനപ്പെട്ട ഷൺമുഖദാസ് ഞാൻ അങ്ങയോട് പറയുകയാണ്, താങ്കൾ 'കുരുടൻ ആനയെ കണ്ടതുപോലെയാണ്'' ഇതിനെ കണ്ടത്. കാരണം എന്താണെന്നോ ? ആ സെൻറൻസ് മാത്രമായിട്ട് എടുത്ത് പരിശോധിച്ചാൽ കേരള കോൺഗ്രസ്സിനെ കുത്തിയിട്ടില്ലേ എന്ന് തോന്നും. പക്ഷേ ആ സെൻറൻസിന് മുൻപുള്ള സെൻറൻസുകൂടി വായിക്കേണ്ടിയിരുന്നുവെന്നാണ് എനിക്കു പറയുവാനുള്ളത്. എന്താണ് ഇതിൽ പറഞ്ഞിരിക്കുന്നത് ''ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രയാസങ്ങളെ നേരിടുകയായിരുന്നു''. ബഹുമാന്യനായ നായനാർ, അങ്ങയുടെ ഭരണക്കുഴപ്പമാണ് ഖജനാവ് കുട്ടിച്ചോറാക്കിയിട്ട് പോയതെന്നാണ് വിധിയെഴുതിയിരിക്കുന്നത്. ശ്രീ. മാണിയേയും അതുപോലെ പ്രവർത്തിപ്പിക്കുവാൻ നിങ്ങൾ നിർബന്ധിതനാക്കുകയാണ്. ''പിന്നീട് നേരിടേണ്ടിവന്ന ഭാരിച്ച ബദ്ധ്യത എട്ടാം ധനകാര്യ കമ്മീഷൻ കണക്കിലെടുത്തിട്ടുമില്ല'' എന്ന് അതിൽ പറഞ്ഞിട്ടുണ്ട്. അതും വായിച്ചിട്ട് പറയും കണ്ടോ, കേന്ദ്രവിരുദ്ധം പറഞ്ഞു എന്ന്. എട്ടാം ധനകാര്യ കമ്മീഷൻ കണക്കിലെടുത്തില്ല എന്നു പറഞ്ഞുകഴിഞ്ഞപ്പോൾ കേന്ദ്ര ഗവൺമെൻറ് കേരളത്തെ അവഗണിച്ചു എന്ന് ഈ ഗവൺമെൻറിന് അഭിപ്രായമുണ്ട്, അല്ലെങ്കിൽ ഗവർണ്ണർക്ക് അഭിപ്രായം ഉണ്ട്, എന്നാണോ നിങ്ങൾ കണക്കാക്കുന്നത് ? മൊത്തമായി പരിശോധിക്കണം. ഒരു പ്രസംഗം ഉണ്ടെങ്കിൽ അത് മുഴുവൻ വായിച്ച് നോക്കിയിട്ട് അതിൻെറ അർത്ഥം മനസ്സിലാക്കണം. ധനകാര്യമന്ത്രിയെ കുത്തി ഇതിൽ പറഞ്ഞിട്ടുണ്ട് എന്നാണ് പറയുന്നത്. ഞാൻ ആ വാചകം വായിക്കാം.' ''പദ്ധതികളും അവയുടെ വിഭവശേഷിയും സാമ്പത്തിക ഞെരുക്കങ്ങളും തമ്മിലുള്ള അസന്തുലിതാവസ്ഥയുടെ അനന്തരഫലമായി, സഹകരണസ്ഥാപനങ്ങൾക്കും, കെട്ടിടങ്ങളുടേയും റോഡുകളുടേയും ജോലികൾക്കും കൊടുത്തുതീർക്കാനുള്ള ബില്ലുകൾ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട് ഈ മാസത്തിലും അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യത്തെ ഏതാനും മാസങ്ങളിലുമായി കൊടുക്കാനുള്ള ഈ എല്ലാ ബില്ലുകളിലേയും പണം കൊടുത്തുതീർക്കുന്നതാണ്.'' അതിൻെറഅർത്ഥം കഴിഞ്ഞ 6 മാസക്കാലമായി കേരളത്തിലെ ധനകാര്യമന്ത്രി വളരെ ശുഷ്കാന്തിയോടുകൂടി പ്രവർത്തിച്ചതിൻെറ ഫലമായി ബില്ലുകൾ കൊടുത്തുതീർക്കാനും അടുത്തുവരുന്ന സാമ്പത്തികവർഷത്തിൽ ഒന്നുരണ്ട് മാസക്കാലത്തിനകം കടം തീർക്കാനും കഴിയുമെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. എന്നുവച്ചാൽ ഇവിടെത്തെ ഫിനാൻസ് മാനേജ്മെൻറ് നല്ലതായിരുന്നു, ഉത്തമമായിരുന്നുവെന്നാണ് അതിനെപ്പറ്റി എന്താണ് നിങ്ങൾ ഒന്നും പറയാത്തത്? ഈ പ്രസംഗത്തിൽ ഗവർണ്ണർ പറഞ്ഞിരിക്കുന്നു ''ഇക്കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് കഴിഞ്ഞകാലങ്ങളിലായി ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ്, ശ്രീമാൻ കരുണാകരൻെറ ഗവൺമെൻറ് ഈ രാജ്യത്തെ ജനങ്ങൾക്ക് ചെയ്തിരിക്കുന്നത് നല്ലകാര്യങ്ങളാണ്.'' അങ്ങനെ പറഞ്ഞിരിക്കുന്നതിനെ എടുത്തുകാണിക്കാൻ തയ്യാറാകാത്തതിന് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി 13690 ഗ്രൂപ്പ് വീടുകൾ ഏറെറടുക്കുമെന്നതുൾപ്പെടെയുള്ളത് ഇതിൽ പറഞ്ഞിട്ടുണ്ട്. നാടൻ വള്ളങ്ങൾക്ക് മോട്ടോർ ഘടിപ്പിക്കാനും പതിനായിരം ഭവനങ്ങൾ മൂന്നു ഘട്ടമായി തീർക്കാനും 510 ലക്ഷം വൃക്ഷത്തൈകൾ കർഷകർക്ക് വിതരണം ചെയ്യാനും അതുപോലുള്ള നൂറ് നൂറ് നല്ലകാര്യങ്ങൾ ചെയ്യാനും ഈ ഗവൺ

മെൻറിന് കഴിഞ്ഞു. ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ചെയ്തിട്ടുള്ള നല്ല കാര്യങ്ങളാണത്. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിന് പ്രഗൽഭനായ ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. എ. സി. ജോസ് : സർ, ശ്രീ. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ വളരെ ശക്തിയായി അനുകൂലിക്കുകയാണ്. ശക്തിയായി എന്നു പറയാൻ കാരണം ഇന്നലെയും ഇന്നും ഇവിടെ പ്രതിപക്ഷങ്ങൾ നടത്തിയ പ്രഖ്യാപനവും പ്രസംഗങ്ങളും കേട്ടപ്പോൾ കുറച്ചുകൂടി ശക്തിയായി ഇതിനെ അനുകൂലിക്കണമെന്ന് തോന്നിയതാണ്. ഞാൻ ഇതു പറഞ്ഞത് ആരേയും പ്രകോപിപ്പിക്കാൻ വേണ്ടിയല്ല. ശ്രീമതി കെ. ആർ. ഗൗരിയാണ് ഈ പ്രമേയത്തെ അപ്പുറത്തുനിന്ന് ഏറ്റവും കാതലായി എതിർത്തത്. കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനത്തിൻെറ ഇരുമ്പുലിയായിരുന്നു ശ്രീമതി കെ. ആർ. ഗൗരി. എന്നാൽ അവർ ഇവിടെ പ്രസംഗിക്കുന്നത് കേട്ടപ്പോൾ ഒരു നനഞ്ഞ പൂച്ചക്കുട്ടിയായി മാറിയിരിക്കുന്നതായി എനിക്ക് തോന്നി. ഒരുപക്ഷേ പ്രായം കൊണ്ടായിരിക്കാം. ഗൗരിയമ്മക്ക് മാത്രമല്ല പ്രായമായിട്ടുള്ളത്. അവർ ഉൾക്കൊള്ളുന്ന മാർക്സിസ്റ്റ് പാർട്ടിയും ഇന്ന് ജരാനര ബാധിച്ച്, പ്രായാധിക്യം ബാധിച്ച് ഒരു പടുകിളവനായിരിക്കുകയാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് നൂറ് വയസ്സായി. പക്ഷേ ഇൻഡ്യൻ നാഷണൽ കോൺഗ്രസിൻെറ നേതൃത്വത്തിൽ ഇരിക്കുന്നവരുടെ മൊത്തത്തിലുള്ള ശരാശരി വയസ്സ് 42 ആണ്. മാർക്സിസ്റ്റ് പാർട്ടിക്ക് 21 വയസ്സ് പ്രായമായി. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൻെറ ശരാശരി വയസ്സ് 70 ആണ്.

കുഞ്ചൻ നമ്പ്യാർ അദ്ദേഹത്തിൻെറ കാലനില്ലാ കാലം എന്ന കവിതയിൽ

"മുത്തച്ഛൻ മുതുക്കൻെറ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീല
തൊണ്ണൂറ് വയസ്സുള്ളോരപ്പൂപ്പൻമാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു" എന്നു പറഞ്ഞതുപോലെയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ സ്ഥിതി. 1949-ൽ കൽക്കത്ത തീസിസ് പാസ്സാക്കിയ ബി. ടി. രണദിവെയും ഇപ്പോഴും കുഞ്ഞായിട്ടിരിക്കുന്നു. ഞാൻ ഇതു പറയാൻ കാരണം.....

ശ്രീ. മണിമംഗലത്തു കുട്ട്യാലി : മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൽക്കത്ത കോൺഗ്രസ് കഴിഞ്ഞതിനുശേഷം നടത്തിയ പത്രസമ്മേളനത്തിൽ ബാസവപുന്നയ്യ പറയുകയുണ്ടായി ചെറുപ്പക്കാരെ ഇഷ്ടമില്ലാത്തതുകൊണ്ടല്ല, ചെറുപ്പക്കാരെ നേതൃത്വത്തിൽ വരാൻ കിട്ടുന്നില്ലെന്ന്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ എന്തു പറയുന്നു ?

ശ്രീ. എ. സി. ജോസ് : ചെറുപ്പക്കാരെ കിട്ടില്ല സർ, എങ്ങനെ കിട്ടും ? ആകപ്പാടെ തല മൂത്തിരങ്ങിവന്ന ശ്രീ. എം. വി രാഘവനോട് എടോ എൻെറ തല നിലംപൊത്തിയിട്ട് പോരെ നിനക്ക് പൊങ്ങിവരാനെന്നു പഴയ അമ്മാവൻ മാരുടെ രീതിയിൽ നമ്പൂതിരിപ്പാട് ചോദിച്ച് എന്നിട്ട് അദ്ദേഹത്തെ പിടിച്ചു പിറകിലിരുത്തി. ഇവിടെ ശ്രീ തങ്കപ്പൻ ചോദിച്ചു നിങ്ങൾക്ക് എം.വി. രാഘവനോടും കുഞ്ഞിക്കണ്ണനോടും എന്താണ് ഇത്ര സ്നേഹമെന്ന്. ഞങ്ങൾക്ക് ഒരു സ്നേഹവും ഉണ്ടായിട്ടല്ല. വസ്തുതകൾ പറയാൻ വേണ്ടിയിട്ടു പറയുകയാണ്. ശ്രീ. എം. വി. രാഘവനും കുഞ്ഞിക്കണ്ണനും ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

മഹാപാപം ശ്രീ.ഹസ്സൻ ഇവിടെ സൂചിപ്പിച്ചതുപോലെ, മുസ്ലീംലീഗിനോടും കേരളാ കോൺഗ്രസിനോടും എന്തുകൊണ്ട് കൂട്ടുകൂടിക്കൂടാ എന്നു ചോദിച്ചതാണ്. ആ ഒറ്റക്കാരണത്തിന്റെ പേരിൽ അവരുടെ പേരിൽ നടപടിയെടുത്ത് അപ്പറെ പുറകിൽ കൊണ്ടുപോയി ഇരുത്തി. സിംഹത്തെപ്പോലെ ഗർജ്ജിച്ചിരുന്ന ശ്രീ. എം. വി. ആറിനെ പുറത്താക്കിയിട്ട് നമ്പൂതിരിപ്പാട് മറ്റൊരു സംബന്ധത്തിന് മദ്രാസിൽ പോയിരിക്കുകയാണ്. തമിഴ്നാട്ടിൽ മുസ്ലീം ലീഗുമായിട്ടു കൂട്ടു കൂടുന്നതിന് യാതൊരു കുഴപ്പവുമില്ല. ഗൗരിയമ്മ ഇന്നലെ കാതലായ ഒരു കാര്യം പറഞ്ഞു. മന്ത്രിസഭകൾ മാറുന്നത് കോൺഗ്രസുകാരാണെന്ന് അവർ പറഞ്ഞു. കേരളം തുടങ്ങിയതിനുശേഷമുള്ള കഥ നമുക്കൊന്നു നോക്കാം. കേരള രൂപംകൊണ്ട 1957-ൽ "അരിതരാത്ത, തുണിതരാത്ത, പണിതരാത്ത ഭരണമേ" എന്നു പറഞ്ഞുകൊണ്ട് അവിഭക്ത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ പൊതുതെരഞ്ഞെടുപ്പ് നടത്തി. എ. ആർ. മേനോനേയും മുണ്ടശ്ശേരി മാസ്റ്ററേയും വി. ആർ. കൃഷ്ണയ്യരേയും കൂട്ടുപിടിച്ചുകൊണ്ട് അധികാരത്തിൽവന്നു. ആ മന്ത്രിസഭ 27 മാസക്കാലം ഇരുന്നു. അതു കഴിഞ്ഞു 60-ൽ കോൺഗ്രസ് ഐക്യമുന്നണി ഉണ്ടാക്കി. ആ ഐക്യമുന്നണി പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ മന്ത്രിസഭ ഉണ്ടാക്കി. ആ മന്ത്രിസഭയിൽ ആർ. ശങ്കർ രണ്ടാമതു വന്നു എന്നാണ് പറയുന്നത്. ആ മുന്നണി നാലര വർഷക്കാലം നാടു ഭരിച്ചു. 6 മാസം മാത്രം ബാക്കിയുള്ളപ്പോൾ ആ മന്ത്രിസഭ പോയി. അതുകഴിഞ്ഞു 1965-ൽ ഒരു തെരഞ്ഞെടുപ്പ് നടന്നു. അതിൽ ആർക്കും ഭൂരിപക്ഷം കിട്ടിയില്ല. കോൺഗ്രസ്സുകാർക്ക് വേണമെങ്കിൽ അന്ന് ഐക്യമുന്നണി ഉണ്ടാക്കാമായിരുന്നു. അതു ചെയ്യാതെതന്നെ 1965-ൽ തെരഞ്ഞെടുപ്പ് ഇൻഫ്രക്ചുവസ് ആയി 1967-ൽ നിങ്ങൾ മുന്നണിയുണ്ടാക്കിയില്ലേ ? കോൺഗ്രസിനെതിരായി, കോൺഗ്രസിന്റെ ഭരണകുത്തക പൊളിക്കുന്നതിനുവേണ്ടി സപ്തകക്ഷി മുന്നണി ഉണ്ടാക്കി. ആ മുന്നണിയിൽ ശ്രീ. ബേബിജോൺ ഉണ്ടായിരുന്നു. ശ്രീ. സി. എച്ച്. മുഹമ്മദ്കോയയും ഉണ്ടായിരുന്നു. ശ്രീ. കെ പി. പ്രഭാകരന്റെ മുന്നണിയിൽ ടി. വി. തോമസ്സും ശ്രീ. എം. എൻ. ഗോവിന്ദൻനായരും ഉണ്ടായിരുന്നു. 117 പേരുടെ പൂരിപക്ഷം ആ മന്ത്രിസഭയ്ക്കു ഉണ്ടായിരുന്നു. ഞങ്ങൾ കരുണാകരന്റെ നേതൃത്വത്തിൽ 9 പേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ആ മന്ത്രിസഭ 38 മാസം കഴിഞ്ഞപ്പോൾ തകർന്നു താഴെവീണു. അതിനു കാരണമെന്താണ് ? കാരണം മാർക്സിസ്റ്റ് പാർട്ടിയുടെ വൻ പാർട്ടി മേധാവിത്വവും ഐക്യമുന്നണിയെ കൊണ്ടുനടക്കാൻ കഴിവില്ലാത്തതുമായിരുന്നു. അന്നുണ്ടായത് എന്താണെന്ന് അറിയാമോ ? 7 മന്ത്രിമാരെ ആ മന്ത്രിസഭയുടെ കാലഘട്ടത്തിൽ ഡിസ്മിസ് ചെയ്തു. അതിനുശേഷം ശ്രീ. എം. എൻ. ഗോവിന്ദൻ നായർ ഒരു പ്രസ്താവന ചെയ്തു. "ഒരു പ്രത്യേക സാഹചര്യം ഉണ്ടാകാൻ ഇടയായി. ഐക്യമുന്നണി രൂപീകരിച്ചു അതിന്റെ പരിപാടി അനുസരിച്ചു പ്രവർത്തനം നടത്തുകയും അതിൽ ബഹുഭൂരിപക്ഷം കക്ഷികളും വിജയം വരിച്ചു കഴിയുകയും ചെയ്തു കഴിഞ്ഞതിനുശേഷം ഇന്ന് ഇത്തരത്തിൽ ഒരു പ്രതിസന്ധി രാഷ്ട്രീയരംഗത്ത് ഉണ്ടായെങ്കിൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും മാർക്സിസ്റ്റ് പാർട്ടിക്കാണെന്നും ഐക്യമുന്നണിയുടെ പരിപാടികളും പ്രവർത്തനവും തമ്മിൽ അടുപ്പിക്കുമ്പോൾ നിരാകരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവണതയാണ് ഇന്ന് ഈ സ്ഥിതിയിൽ രാജ്യത്തെ കൊണ്ടെത്തിച്ചിട്ടുള്ളതെന്നും പറയാതിരിക്കാൻ നിവൃത്തിയില്ല" എന്നാണ് ആ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത്. ഞാൻ ഇതൊന്നും സ്വന്തമായി പറയുന്നില്ല. ആ മന്ത്രിസഭ താഴെ വീണത് മാർക്സിസ്റ്റ് പാർട്ടിയുടെ വൻപാർട്ടി മേധാവിത്വം കൊണ്ടുമാത്രമാണ്. 1970-ൽ കോൺഗ്രസ് ഐക്യമുന്നണി ഉണ്ടാക്കി. ആ ഐക്യമുന്നണിയിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടി. ശ്രീ. കെ. പി. പ്രഭാകരന്റെ നേതാവ് ശ്രീ. അച്യുതമേനോനെ മുഖ്യ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയാക്കി. 17 പേരുള്ള പാർട്ടിയായിരുന്നു ശ്രീ. അച്യുതമേനോന്റേത്. ഞങ്ങൾ 31 പേരുണ്ടായിരുന്നു. ആ ഐക്യമുന്നണി ആറര വർഷക്കാലം ഭരിച്ചു. ഭൂരിപക്ഷക്കാരായ ഞങ്ങൾ ന്യൂനപക്ഷക്കാരായ സി. പി. ഐ. ക്കാരുടെ നേതൃത്വത്തിൽ തത്വത്തിൽ അധിഷ്ഠിതമായിക്കൊണ്ട് ആറര വർഷക്കാലം ഭരിച്ചു. നാലര വർഷക്കാലം ആദ്യം കോൺഗ്രസിന്റെ മുന്നണി ഭരിച്ചു. അതേയവസരത്തിൽ ആദ്യം നിങ്ങൾക്ക് കിട്ടിയിട്ട് 38 മാസക്കാലമേ ഭരിച്ചുള്ളൂ. 1970-ൽ ഞങ്ങൾക്കു ഭൂരിപക്ഷം വന്നപ്പോൾ ഞങ്ങൾ ആറര വർഷക്കാലം ഭരിച്ചു. അതു കഴിഞ്ഞ് 1977 മുതൽ 1980 വരെയുള്ള കാലഘട്ടത്തെക്കുറിച്ച് ശ്രീമതി ഗൗരിയമ്മ ഇവിടെ സൂചിപ്പിച്ചു. ആ കാലഘട്ടം അഖിലേന്ത്യാതലത്തിൽ അലമാലയുണ്ടാക്കിയ കാലഘട്ടമായിരുന്നു. കോൺഗ്രസിന്റെ പിളർപ്പും ജനതാപാർട്ടിയുടെ ആവിർഭാവവും അന്നായിരുന്നു. കേരളത്തിലും അതിന്റെ തിരയടികൾ ഉണ്ടായി. എന്നല്ലാതെ ഐക്യമുന്നണി സമ്പ്രദായത്തെ കുത്തിക്കൊല്ലാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. 1980-ൽ ഞാനുൾപ്പെടെയുള്ള ഒരു വിഭാഗം കോൺഗ്രസുകാർ നായനാരുടെ കൂടെകൂടി. 21 മാസക്കാലം കഴിഞ്ഞപ്പോൾ ആ മന്ത്രിസഭ തകർന്നു വീണു. 1978-ൽ, 1967-ൽ, 1980-ൽ എന്നെല്ലാം ഐക്യമുന്നണിയുടെ താക്കോൽ മാർക്സിസ്റ്റ് പാർട്ടിയുടെ കയ്യിൽ കൊടുത്തിട്ടുണ്ടോ, അപ്പോഴൊക്കെത്തന്നെ കളളത്താക്കോലിട്ട് ആ ഐക്യമുന്നണി കുത്തിത്തുറന്ന് കൊള്ളയടിച്ചു, അവസാനം കൂടെ നിൽക്കുന്നവരെ മുഴുവൻ ചോരയിൽ മുക്കിക്കൊല്ലുന്ന രാഷ്ട്രീയപാരമ്പര്യമാണ് അവർക്കുള്ളത്. ഈ മുന്നണി 46 മാസക്കാലം പിന്നിട്ടിരിക്കുന്നു. ഈ 46 മാസക്കാലത്തിനിടയ്ക്ക് അഭിപ്രായവ്യത്യാസം ഉണ്ടായി എന്നാണ് പറയുന്നത്. ഐക്യമുന്നണി എന്നു പറയുന്ന കുഞ്ഞിനെ വളർത്താൻ നിങ്ങളുടെ കയ്യിൽ കിട്ടുകയില്ല. പ്രതിപക്ഷത്തിരിക്കുമ്പോഴെപ്പോലും ഐക്യമുന്നണിയിലിരിക്കുന്ന ആളുകളെ കുത്തിക്കൊണ്ട് അവർക്കെതിരായി പ്രസ്താവന ഇറക്കിയിട്ടില്ലേ ? ആണത്വം ഉള്ള ഏതെങ്കിലും പാർട്ടി നിങ്ങളുടെകൂടെയുണ്ടോ ? സി. പി. ഐ. യെ ചവിട്ടിപുറത്താക്കിയിട്ടും 'അമ്മായിയും കുടിക്കൂ പാൽക്കഞ്ഞി' എന്നു പറയുന്നതുപോലെ ഞങ്ങളും മാർക്സിസ്റ്റ് പാർട്ടിയുമായി ഒട്ടിപ്പിടിച്ചിരിക്കുന്നു എന്നാണ് പറയുന്നത്. ഇങ്ങനെ എത്ര ദിവസം ആട്ടും തുപ്പും പുലഭ്യവും കേട്ട് അവിടെയിരിക്കും ? ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നു പറഞ്ഞതുപോലെയാണ് ആർ. എസ്. പി. യുടെ സ്ഥിതി. കൊല്ലത്തുനിന്നു മാറാൻ കഴിയാതിരുന്ന ആർ. എസ്. പി. ഇപ്പോൾ ചവറയിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. പടവലങ്ങ വളരുന്നതുപോലെ താഴോട്ടാണ് അതിന്റെ വളർച്ച. ചന്ദ്രശേഖരന്റെ ജനതയെക്കുറിച്ച് പറയാതിരിക്കുകയാണ് നല്ലത്. ബഹുമാനപ്പെട്ട എം. പി. ഗംഗാധരനെ ആക്ഷേപിക്കുന്നതുകേട്ടു. കോടതിയുടെ തീരുമാനം വന്നതിനു ശേഷം എന്തുകൊണ്ട് രാജിവെച്ചു, ഹെഗ്ഡേ കോടതിയുടെ കമന്റ് ഉണ്ടായപ്പോൾ തന്നെ രാജി വച്ചില്ലേ എന്നൊക്കെയാണ് ഇവിടെ ചോദിച്ചത്. പിന്നെ ഹെഗ്ഡേ എന്തിനാണ് രണ്ടാമതു മുഖ്യമന്ത്രിയായത് ? കോടതി ക്ലീയർ ചെയ്തിട്ടാണോ ? ജനങ്ങൾ പറഞ്ഞതുകൊണ്ടെന്നാണ് പറയുന്നത്.

ശ്രീ. ബേബിജോൺ : പൊതുപ്രവർത്തകനെതിരായി കോടതിവിധി വരുമ്പോൾ ആ സംഭവം കാലഹരണപ്പെട്ടതാണെന്നു പറഞ്ഞിരിക്കാതെ അതു വീണ്ടും കോടതിയിൽ കൈകാര്യം ചെയ്യാതെ രാജി വയ്ക്കുന്നതല്ലേ നല്ലത് ?

ശ്രീ. എ. സി. ജോസ് : അതിനുശേഷം അതനുസരിച്ചു രാജിവച്ചു. അല്ലാതെ ഹെഗ്ഡേ പറഞ്ഞതുപോലെ ഞങ്ങൾ ജനകീയ വികാരവുമായി വരുകയില്ല. ഐക്യമുന്നണി എന്ന പളുങ്കുപാത്രം എപ്പോഴൊക്കെ കയ്യിൽ കിട്ടിയിട്ടുണ്ടോ അപ്പോഴൊക്കെ അതു താഴെയിട്ടു. തകർക്കുവാൻമാത്രം കഴിയുന്ന വിവേകമില്ലാത്ത ഒരു രാഷ്ട്രീയപ്രസ്ഥാനമാണ് മാർക്സിസ്റ്റ് പാർട്ടി.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ചോദിക്കുന്നു, വ്യക്തിത്വമുള്ള ഏതെങ്കിലും ഒരു പാർട്ടി അപ്പുറത്തുണ്ടോ ? മുസ്ലീംലീഗ് ഉണ്ടായിരുന്നു. നമുക്കു ഒന്നിച്ചുപിരിയാം എന്നുപറഞ്ഞു അവർ ഇറങ്ങിപ്പോയി. ഇന്ന് കോൺഗ്രസ്സിന്റെ സംസ്ക്കാരത്തെക്കുറിച്ച് പറയുന്ന മി. തങ്കപ്പന്റെ പ്രസംഗം കേട്ടപ്പോഴാ എനിക്ക് വളരെ സങ്കടം തോന്നി. സർ, സതീശ് എന്നു പറയുന്ന ആളിനെ എന്തിനാണ് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്താക്കിയത് ? രാധാ തോമസ് എന്നു പറയുന്ന ഒരു യുവതിയുടെ വീട്ടിൽ നിന്നും റെഡ്ഹാൻഡഡ് ആയിട്ടാണ് നേതാവിനെ പിടിച്ചത്. കുട്ടനാട്ടിൽ ഒരു വള്ളംകളി പാട്ടുണ്ട്. "കൊമ്പനാനത്തലവൻമാർ പാഞ്ഞുവരുന്നേരം, കൊമ്പൊടിഞ്ഞ പോത്തേ നിനക്കു എന്തുചെയ്യാം" എന്നു ചോദിക്കും പോലെയാണ് ഇവരുടെ സ്ഥിതി. മാതൃഭൂമി പത്രത്തിപ്പോർട്ട് അടിസ്ഥാനമാക്കി പറയുകയാണെങ്കിൽ മാർക്സിസ്റ്റ് പാർട്ടിക്ക് ഇന്ന് ഒരു ജില്ലയിൽ പതിനായിരം മെമ്പർമാർപോലും ഇല്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. അതേസമയം കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ് ? കോടിക്കണക്കിന് മെമ്പർമാരുള്ള ഒരു പ്രസ്ഥാനമാണ് കോൺഗ്രസ്. ശ്രീ. അച്യുതമേനോൻപോലും പറയുകയുണ്ടായി. കേരളത്തിലും ബംഗാളിലും മറ്റു രണ്ടു സംസ്ഥാനങ്ങളിലുമായി ചുരുങ്ങി നിൽക്കുന്ന ഈ രണ്ട് രാഷ്ട്രീയ പാർട്ടികൊണ്ടും കൂടി ഇന്ന് യാതൊന്നും ചെയ്യാൻ കഴിയുകയില്ല എന്ന്. പാറ്റ്നായ്ക്ക് പോകും വഴി അദ്ദേഹം പറഞ്ഞതാണ്. പാർട്ടിക്കകത്തെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി സി. പി. ഐ. ക്കാർ ഒരു അന്വേഷണ കമ്മീഷനെപോലും വച്ചിരിക്കയാണ്.

ശ്രീ. ഇ. കെ. നായനാർ : സർ, കോൺഗ്രസ്സ് എല്ലാവരേയും യോജിപ്പിക്കുന്ന പാർട്ടിയാണല്ലോ. കമലം ജനതയേയും എൻ. ഡി. പി. യേയും വെട്ടിപ്പൊളിച്ചതും അതുകൊണ്ടാണോ.

ശ്രീ. എ. സി. ജോസ് : സർ, വെട്ടിപ്പൊളിച്ചതല്ല. അവർ കൂടെ വന്നതാണ്. സർ, ഞാൻ ആദ്യം പറഞ്ഞതുപോലെ

മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീല

എന്നു പറഞ്ഞ് ആരും അവിടെ കയറി ചെല്ലുകയില്ല. ശ്രീ. എം. വി. രാഘവനും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും അവിടെ മിണ്ടാതിരിക്കുന്നതും അതുകൊണ്ടാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുപോലും നാളെ അവിടെയുണ്ടാകുമോയെന്നു സംശയമാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ശ്രീ. എം. വി. രാഘവനേറയും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേറയും പൗരാവകാശംവരെ ലംഘിക്കപ്പെട്ടിരിക്കുകയാണ് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമുണ്ടോ ?

ശ്രീ. എ. സി. ജോസ് : ശ്രീ. എം. വി. രാഘവനേറ അടുത്തിരുന്നാൽ നടപടിയെടുക്കും എന്നതുകൊണ്ടാണ് ശ്രീ. വർക്കല രാധാകൃഷ്ണനെപ്പോലും അവിടെ നിന്നും മാറ്റിയത്.

ശ്രീ. ഇ. കെ. നായനാർ : ശ്രീ. ഹസ്സനെപ്പോലെ പരീക്ഷ പാസാകുന്ന ഏർപ്പാട് ഞങ്ങൾക്കില്ല.

ശ്രീ. എം. എം. ഹസ്സൻ : സർ, ബദൽരേഖക്കാരെ സസ്പെൻറു ചെയ്തു. അക്കൂട്ടത്തിൽ ശ്രീ. ഇ. കെ. നായനാരുടെ പേരും കൂടി ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് കണ്ടപ്പോഴാ ശ്രീ. നമ്പൂതിരിപ്പാടിന്റെ കാലിൽ വീണ് മാപ്പാക്കിയല്ലേ ഇന്ന് പ്രതിപക്ഷനേതാവായി തുടരുന്നത് ?

.....ബഹളം.....

ശ്രീ. എ. സി. ജോസ് : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്കു ഒരു ചോദ്യമുണ്ട്. തമിഴ്നാട്ടിലെ മുസ്ലീംലീഗുമായി കൂട്ടുകൂടിയതിനെക്കുറിച്ച് കേരളത്തിൽ ശ്രീ. നമ്പൂതിരിപ്പാടല്ലാതെ മറ്റാരുംതന്നെ സംസാരിച്ചിട്ടില്ല. അങ്ങയുടെ പാർട്ടി തമിഴ്നാട്ടിൽ മുസ്ലിംലീഗുമായി കൂട്ടുചേർന്നുകൊണ്ട്, ഡി. എം. കെ. യുമായി കൂട്ടുചേർന്നുകൊണ്ട് തെരഞ്ഞെടുപ്പിൽ മൽസരിച്ചതിനെക്കുറിച്ച് നമ്പൂതിരിപ്പാടിനെക്കാൾ മുമ്പേ അഭിപ്രായം പറയേണ്ടത് അങ്ങായിരുന്നില്ലേ ?

സർ, ഇവിടെ ക്രമസമാധാനനില തകർന്നുവെന്നും അതിൽ കോൺഗ്രസ് (ഐ) ക്കു മാത്രമേ ബന്ധമുള്ളുവെന്നും ഇവർ പറയുന്നു. 1969-ലെ മന്ത്രിസഭയെ ഡിസ്മിസ് ചെയ്തതിനു ശേഷം അതിൽ നിന്നും ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഇറങ്ങിപോയതിനു ശേഷം, അദ്ദേഹം ചെയ്ത പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു. "ഇവിടെ നിയമ സമാധാനനില അപകടത്തിലാണ്. മാർക്സിസ്റ്റുകാർ പറഞ്ഞാലെ പോലീസ് ഇടപെടുകയുള്ളു. ഇമ്പിച്ചിബാവയുടെ 'എ' ക്ലാസ് പൗരൻമാരെ മാത്രമേ പോലീസ് സഹായിക്കുകയുള്ളു. എവിടെയെങ്കിലും പോലീസ് നീതി പ്രവർത്തിച്ചാൽ എ. കെ. ജി. യും കുട്ടരും പ്രസ്താവനയിറക്കും. പിന്നെ ആ ഉദ്യോഗസ്ഥനെ കാസർകോട്ടോ, വേറെകുളത്തോ, അഗളിയിലോ അന്വേഷിച്ചാൽ മതി. ജനങ്ങൾക്ക് അസംതൃപ്തിയുണ്ടാക്കുന്ന നടപടികളും അനുസൂനം തുടർന്നുവരുന്നു. കുപ്രസിദ്ധമായ ചാത്തുണ്ണിവിപ്ലവത്തെ തുടർന്ന് ഭൂമി കൈയേറാം നിത്യസംഭവങ്ങളാണ്. രാഷ്ട്രീയ കൊലപാതകങ്ങളും വർദ്ധിച്ചു വരുന്നു." ഇത് മാർക്സിസ്റ്റ് പാർട്ടി ഐക്യമുന്നണി നയിച്ചിരുന്ന കാലഘട്ടത്തിലുള്ളതാണ്.

സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഞങ്ങളും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. അതിന്റെ പേരിൽ ആരെയും ഡിസ്മിസ് ചെയ്യുകയില്ല. അന്തസായി സംസാരിച്ച് പ്രശ്നങ്ങളും അവസാനിപ്പിച്ച് ഐക്യമുന്നണിയെന്നു പറയുന്ന കുഞ്ഞിനെ വീണ്ടും പാലൂട്ടി താരാട്ടി തഴുകിത്തലോടി മുന്നോട്ടു നയിക്കാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഞങ്ങളുടെയിടയിൽ ഭിന്നതകളും ഉണ്ടാക്കാൻ നിങ്ങളും വിചാരിച്ചാൽ കഴിയുകയില്ല. കൊമ്പനാനയുടെ മുമ്പിൽ കൊമ്പില്ലാത്ത പോത്തിന് ഒന്നും ചെയ്യാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട ബേബിജോണിനോടും ചന്ദ്രശേഖരനോടും അഭിമാനം ബാക്കിയുണ്ടെങ്കിൽ ശ്രീ. കെ. പി. പ്രഭാകരനോടും ഞാൻ പറയുന്നു. നമുക്ക് ഒന്നിച്ചാലോചിക്കാം. ഈ വിപത്തിന് എതിരായി നില്ക്കാൻ കഴിയണം. ശ്രീ. എ. സി. ഷൺമുഖദാസിനെ ഞാൻ വിടുന്നു. ഞാഞ്ഞൂലിനെപോലുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനത്തിലെ അഖിലേന്ത്യാതലത്തിൽ തകർന്നു തരിപ്പണമായ ഒരു പാർട്ടിയിലെ, നേതാവായ അദ്ദേഹത്തോട് എനിക്ക് ഒന്നും പറയാനില്ല. ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. ഒ. ഭരതൻ : സർ, ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ നന്ദിപ്രമേയത്തിന് പിന്തുണപ്രഖ്യാപിച്ചുകൊണ്ട് ശ്രീ. പി. സി. ജോർജ്, കീഴ്ക്കോടതിയിൽ അന്യായക്കാരനും മേൽക്കോടതിയിൽ പ്രതിക്കും വാദിക്കുന്നതു പോലെയാണ് വാദിച്ചത്. സർ, പരസ്യമായിട്ട് കോട്ടയം റയിൽവേസ്റ്റേഷനിൽ വച്ച് തീവണ്ടിയുടെ നേരെ നാളികേരം എറിഞ്ഞുകൊണ്ട് പത്രങ്ങളോട് പറഞ്ഞതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ എറിയുന്ന നാളികേരമൊക്കെ കള്ള കരുണാകരന്റെ നെഞ്ചത്താണ് എറിയുന്നത് എന്ന്. ഇതൊക്കെ പത്രത്തിൽ വന്നതാണ്. ചെയറിനും അറിയാവുന്ന കാര്യങ്ങളാണ്. അപ്പോഴും, പറയുന്നതിൽ എന്തെങ്കിലും ഒരു ആത്മാർഥത കാണിക്കേണ്ടേ? ഇവിടെ നന്ദിപ്രമേയത്തെ അനുകൂലിച്ച് പ്രസംഗിക്കുന്നതു മുഴുവൻ മാർക്സിസ്റ്റ് പാർട്ടിയിലെ വൃദ്ധനേതൃത്വത്തെപ്പറ്റിയാണ്. ഇ. എം. എസ്സിനേയും നായനാരെയും പറ്റിയാണ്. നിങ്ങളുടെ വർക്കിങ് പ്രസിഡൻറായ കമലാപതി ത്രിപാഠിയേയും 68 വയസ്സായ കരുണാകരൻമാരാരെയും മാറ്റുന്നതിനു വേണ്ടിയാണ് നിങ്ങൾ നായനാർ മാറണം ഇ. എം. എസ്. മാറണം എന്നൊക്കെ പറയുന്നത്. അത് തുറന്നു പറയാൻ ധൈര്യമില്ലാത്തതു കൊണ്ടാണ് നിങ്ങൾ ഇങ്ങനെ സംസാരിക്കുന്നത്.

ഈ 'ഫ്ല' ക്കാരുടെ പതിവു സ്വഭാവത്തെക്കുറിച്ച് പറയുകയാണെങ്കിൽ 'കാരസ്ക്കരത്തിൻകുരു പാലിലിട്ടാൽ കാലാന്തരെ കയ്പു ശമിപ്പതുണ്ടോ' എന്ന സ്വഭാവമാണ് അവർക്കുള്ളത്. ഇന്ന് നിയമസഭാ സാമാജികൻ എന്നു പറയുന്നതിന് ലജ്ജയുണ്ട്. ബസിൽ കയറുമ്പോഴും, കാൻറീനിൽ കയറുമ്പോഴും, ആളുകൾ ചോദിക്കുന്നത് എം. എൽ. എ. യാണോ എക്സ് എം. എൽ. എ. യാണോ എന്നാണ്. അങ്ങനെ എം. എൽ. എ. മാരുടെ നിയമസഭയുടെ, ഗവൺമെൻറിൻെറ, ജനാധിപത്യത്തിൻെറ, എല്ലാം മാനം കെടുത്തിയിരിക്കുന്നു. ഒരു ജനാധിപത്യപാർട്ടിയാണോ കോൺഗ്രസ്? ഇന്ന് അവരുടെ കേരളത്തിലെ നേതാക്കൻമാർ ടോസ് മറിക്കുന്നു, മന്ത്രിസഭയുണ്ടോ ഇല്ലയോ എന്നറിയാൻ. എന്നിട്ട് ഇവിടെയിരുന്ന് ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുകയാണ്. ഒരു പാർട്ടിതലത്തിൽ ചർച്ച ചെയ്തിട്ടുവേണ്ടേ തെരഞ്ഞെടുപ്പുവേണോ, മന്ത്രിസഭ പുനഃസംഘടനവേണോ എന്നു തീരുമാനിക്കാൻ? സർ, ഇവരുടെ അഭ്യാസങ്ങളൊക്കെ ആണത്തമുള്ളവൻെറ മുമ്പിലാണെങ്കിൽ മനസ്സിലാക്കാം. രാജീവ് ഗാന്ധിയുടെ മുമ്പിലാണെങ്കിൽ മനസ്സിലാക്കാം. അർജുൻസിംഗിൻെറ മുമ്പിലാണെങ്കിൽകൂടിയും മനസ്സിലാക്കാം. എന്നാൽ പണ്ഡിറ്റ് നെഹ്റുവിൻെറ കുടുംബത്തിലെ അരിവെയ്പ്പുകാരായി പണിയെടുത്തിരുന്നവരുടെ മുമ്പിലാകുമ്പോഴും എങ്ങനെ മനസ്സിലാക്കാനാണ് ? അവരുടെ മുമ്പിലാണ് ഇവർ പ്രശ്നങ്ങൾ ഹാജരാക്കുന്നത്. ഇത് കേരളത്തിനൊട്ടാകെ നാണക്കേടാണ്.

തെലുങ്കുദേശത്ത് എൻ. ടി. രാമറാവു അധികാരത്തിൽ വന്നതിനെക്കുറിച്ച് നമുക്കറിയാം. അവിടത്തെ കോൺഗ്രസ് നേതാക്കൻമാരേയും മന്ത്രിമാരെയും അപമാനിച്ചതിൻെറ ഫലമായിട്ടാണ് അദ്ദേഹം അധികാരത്തിൽ വന്നത്. ഇവിടെ ശ്രീ. കരുണാകരൻ പ്രധാനമന്ത്രിയെ കാണാൻ പോകുന്നു, പ്രധാനമന്ത്രി അവിടെയില്ല. പിന്നെ കാണാൻ പോകുന്നത് ശ്രീ. അർജുൻ സിംഗിനെയാണ്. അദ്ദേഹം സോവിയറ്റ് യൂണിയനിൽ പോയിരിക്കുന്നു. പിന്നെ കാണാൻ പോകുന്നത് ജി. കെ. മൂപ്പനാരെയാണ്. അദ്ദേഹവും അവിടെയില്ല. പിന്നെ ഫോട്ടോഗ്രാഫറെ കാണാൻ പോയി.

സൂരിനമ്പൂതിരിയുടെ കഥ നിങ്ങൾ കേട്ടിട്ടില്ലേ? 'സൂരിനമ്പൂതിരിക്ക് ഇന്ദുലേഖയെ കിട്ടിയില്ലെങ്കിൽ വാല്യക്കാരത്തിയെ കിട്ടിയാലും മതി' യെന്ന മാതിരിയുള്ള നാണക്കേടാണ്. ഇങ്ങനെയെന്തിനാണ് നാട്ടിനപമാനം വരുത്തിവയ്ക്കുന്നത്. നിങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്നല്ലേ വരുന്നത്? അന്തസ്സുള്ള ഒരു നാട്ടിൽ നിന്നല്ലേ വരുന്നത്? കണ്ണൂരെന്നു പറയുന്നത് കേരള രാഷ്ട്രീയത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട ഈറ്റില്ലമല്ലേ? അവിടെ നിന്നല്ലേ നിങ്ങൾ വന്നത്? ഇത്രയും നാണക്കേട് ഈ രാജ്യത്തിന് വരുത്തിവയ്ക്കേണ്ട ആവശ്യമുണ്ടോ ? പേര് കോൺഗ്രസിൻെറ ജനാധിപത്യമെന്നാണ്. എന്നിട്ട് ഞങ്ങളുടെ പാർട്ടിയിൽ നടപടിയെടുത്തിട്ടുള്ള ആളുകളെക്കുറിച്ച് ഇപ്പോഴും പറയുന്നു. ഞാനൊരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊള്ളട്ടെ. ഞങ്ങളുടെ പാർട്ടി നടപടി എടുക്കും. എന്നു പറഞ്ഞാൽ രോഗം വന്നാൽ ചികിൽസിക്കുന്നതു പോലെയാണ്. ഒരു കർഷകൻ കളളി വാഴക്കന്ന് ചവിട്ടിക്കളയുന്നത് എന്തിനാണെന്നറിയാമോ? അത് പൂർവ്വാധികം ശക്തിമത്തായി വളർന്നു വരുന്നതിനു വേണ്ടിയാണ്. ഞങ്ങടെ രോഗം ചികിൽസിച്ചു ഭേദമാക്കും. അല്ലാതെ രോഗിയെ കൊല്ലുകയില്ല. അതാണ് ഞങ്ങളുടെ പാർട്ടി. അതാണ് ഞങ്ങളുടെ പാർട്ടിയുടെ അച്ചടക്ക നടപടിയെന്നു പറയുന്നത്. ഒരു കാര്യം നിങ്ങടെ മനസ്സിലാക്കിക്കോ. ആടിന്റെ പിന്നാലെ കുറുക്കൻ പോകുന്നതുപോലെ നിങ്ങടെ പോയാൽ എം.വി. ആറിനെയും കിട്ടില്ല, പി.വി. കുഞ്ഞിക്കണ്ണനെയും കിട്ടില്ല, പി.വി കുഞ്ഞിക്കണ്ണന്റെ രോമം പോലും നിങ്ങടെക്ക് കിട്ടില്ല. എം. വി. ആറും കുഞ്ഞിക്കണ്ണനും ഉലയിൽ ഊതിക്കാച്ചിയ പൊന്നുപോലെ മടങ്ങിവരുമെന്ന് നിങ്ങടെ മനസ്സിലാക്കിക്കോ. നിങ്ങളുടെ വർഗ്ഗത്തിന്റെ ആന്തകനായിട്ട് അവർ മാറും. അതാണ് ഞങ്ങളുടെ പാർട്ടിയെന്നു പറയുന്നത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെന്നു പറഞ്ഞാൽ, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപാർട്ടിയെന്നു പറഞ്ഞാൽ അങ്ങനെയാണ് നടപടികളെടുക്കുന്നത്. അതുകൊണ്ട് വെറുതെ ഇത് കേട്ടിരുന്ന് സ്വപ്നം കാണേണ്ട. രാഷ്ട്രീയമെന്നു പറഞ്ഞാൽ, അങ്ങാടിമരുന്നെന്നോ പച്ചമരുന്നെന്നോ ശ്രീ. കരുക്കടക്ക് അറിയാമോ? പ്രത്യേകിച്ച് തൊഴിലാളി രാഷ്ട്രീയമെന്നു പറഞ്ഞാൽ അതിന്റെ എബിസിഡി നിങ്ങടെക്ക് അറിയാമോ? വിദേശത്തു ആരെങ്കിലും വരുന്നെങ്കിൽ സ്വീകരിക്കാൻ പോകണം. എന്തെങ്കിലും കിട്ടും, അതാണ് നല്ല പണി. ഈ രാഷ്ട്രീയത്തെക്കുറിച്ച് ഒന്നും പറയേണ്ട. ആരെങ്കിലും എയറോഡ്രാമിൽ വരുന്നുണ്ടാകും, പോയി കുത്തിയിരുന്ന് കൂട്ടിക്കൊണ്ട് പൊടി വച്ചകാറിൽ സഞ്ചരിച്ച് കിട്ടുന്നത് വാങ്ങിച്ചോ. ഒരു വിരോധവുമില്ല. അതാണ് നിങ്ങളുടെ രാഷ്ട്രീയം. ഞാനെന്റെ വിഷയത്തിലേക്ക് വരികയാണ്. ഐക്യജനാധിപത്യമെന്നു പറഞ്ഞാൽ എന്തു നാണക്കേടാണ്? ഐക്യജനാധിപത്യത്തെക്കുറിച്ച് ഗംഭീരമായി പ്രസംഗിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തിന്റെ ഐക്യം, ഭദ്രത, അഖണ്ഡത ഇതൊക്കെ സംരക്ഷിക്കുന്നതിനു വേണ്ടി ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന്. നിങ്ങടെക്കറിയാമോ. ഞങ്ങളുടെ നാട്ടിൽ അടുത്ത കാലത്ത് സിമി എന്നു പറയുന്ന സംഘടന ഒരു മുദ്രാവാക്യമെഴുതിവച്ചു. ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെയെന്നായിരുന്നു മുദ്രാവാക്യം. ഇത് പത്രങ്ങളിലൊക്കെ വന്നതാണ്. ആദ്യമായിട്ടും അവസാനമായിട്ടും ആ മുദ്രാവാക്യത്തെ അംഗീകരിച്ച ആരാണെന്നറിയാമോ? ആണും പെണ്ണും കെട്ട നമ്മുടെ മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹം പറഞ്ഞത്, ഇസ്ലാമെന്നു പറഞ്ഞാൽ മോചിപ്പിക്കപ്പെട്ടവനെന്നാണ്. മോചിപ്പിക്കപ്പെട്ടവനിലൂടെ ഇൻഡ്യാ രാജ്യത്തിന്റെ മോചനമെന്ന് പറയുന്നതിൽ തെറ്റെന്താണെന്നാണ് മുഖ്യമന്ത്രി ചോദിച്ചത്. രണ്ട് വോട്ട് കിട്ടുമെങ്കിൽ ആരുടെ തോളിലും കയ്യിടും. രണ്ടാളുടെ പിൻതുണ കിട്ടുമെങ്കിൽ ഈ കരുണാകരൻ എവിടെയും പോകും; നാണം കെട്ട പണിയെടുക്കും. ആരെയും അന്ത : പുരത്തിൽ കയറ്റിയിരുത്തും. അതുപോലെ പാവം ആന്റോയെ വിമാനത്തിൽ കയറ്റി കോഴിക്കോട്ട് കൊണ്ടുപോയി ; മകന്റെ കുട്ടിയുടെ പേരുവിളിക്കൽ ചടങ്ങിനുവേണ്ടി കുട്ടിയുടെ പേരുവിളിക്കലിന് മുരളി പോകുന്നത് മനസ്സിലാക്കാം, ആന്റോ പോകണമെന്ന് പറയുന്നതിലെ യുക്തി എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. മുരളിയെപ്പോലെ അനിവാര്യമായ ഒരു ഘടകമാണോ ആന്റോയും? അങ്ങനെയാണെങ്കിൽ ആണെന്നു പറഞ്ഞാൽ മതി. ഞങ്ങടെക്കതിൽ വിരോധമില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മുഖ്യമന്ത്രി ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ടാണ് പറഞ്ഞത്, വേറെ ആരെങ്കിലുമായിരുന്നെങ്കിൽ ഒരു ചുക്കുമില്ല. അതിനെക്കുറിച്ച് പറയുമ്പോഴും ഇക്കാര്യത്തിൽ കോൺഗ്രസുകാർക്ക് ലജ്ജ തോന്നുന്നില്ലേ? നേരത്തേ ശ്രീ. ഹംസ ഇവിടെ പറയുകണ്ടായി, കള്ളു കുടിക്കാർ എന്തിനാണ് കുപ്പികെട്ടിത്തൂക്കുന്നതെന്ന്. നിങ്ങൾ ഇറച്ചിത്തിന്നോ, എന്തിനാണ് ആടിനെ ചുമലിൽക്കെട്ടി നടക്കുന്നത്? അതിന്റെ ആവശ്യമുണ്ടോ? അതുപോലെ 'സീമി' എന്നു പറയുന്ന സംഘടനയുടെ മുദ്രാവാക്യത്തെ മുഖ്യമന്ത്രി ന്യായീകരിച്ചു. മറുഭാഗത്ത് പഞ്ചാബെങ്കിൽ പഞ്ചാബ്, ആസ്സാമെങ്കിൽ ആസ്സാം' എന്ന മുദ്രാവാക്യം, കേരളാകോൺഗ്രസ് വിളിച്ച് ഈ തലസ്ഥാന നഗരിയിൽ പ്രകടനം നടത്തി. അതുമാത്രമല്ല വിളിച്ചത്, ഭരണം പോയാൽ കെ. എം. മാണി സുപ്രീം കോടതിയിൽ അഡ്വക്കേറ്റ്, ഭരണം പോയാൽ പി. ജെ. ജോസഫ് തൊടുപുഴയിൽ വാദ്ധ്യാര് ഭരണം പോയാൽ കരുണാകരൻ മാളയിലെ അമ്പലത്തിൽ ചെണ്ടകൊട്ടുകാരൻ'' എന്നായിരുന്നു അവരുടെ ചുമലിൽ കൈവച്ചിട്ടാണ് കരുണാകരൻ പ്രഖ്യാപിക്കുന്നത്. എന്തൊരു ഐക്യമാണിത്? എനിക്കിത് മനസ്സിലാകുന്നില്ല.

അതുപോലെ മാണി ഒരു ഭാഗത്ത് പ്രസംഗിക്കുന്നു, കരുണാകരന്റെ തണുപ്പുമാറണമെങ്കിൽ എന്റെ ഒപ്പം കിടക്കണമെന്ന്. ഇത് പരസ്യമായി പത്രങ്ങളിലൊക്കെ വന്നതാണ്. ഇത് കേട്ടിട്ട് നിങ്ങൾക്ക് നാണം തോന്നുന്നില്ലേ? കോൺഗ്രസ്സും ലീഗും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഐക്യത്തെക്കുറിച്ചും നമ്മുടെ സംസ്ഥാനത്തെ ആളുകൾ പുച്ഛിച്ച് ചിരിക്കുകയാണ്. നമ്മുടെ രാജ്യം എവിടെ എത്തിയിരിക്കുകയാണ്? എന്നിട്ട് ഐക്യത്തെക്കുറിച്ച് സംസാരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സ്ഥിതിഗതികളിലേക്ക് കടക്കാം.

നമ്മുടെ സംസ്ഥാനത്തിൽ വ്യാവസായിക കുഴപ്പങ്ങൾ കുറവാണ് തൊഴിൽ നഷ്ടദിവസങ്ങൾ കുറവാണ്, പുതിയ വ്യവസായങ്ങൾ ഉയർന്നുവരുന്നുണ്ട് എന്നൊക്കെയല്ലേ ഇവിടെ പ്രസംഗിച്ചത്? മിനിഞ്ഞാന്ന് പാർലമെന്റിൽ കേന്ദ്ര വകുപ്പുമന്ത്രി പറയുകയുണ്ടായി, കേരളത്തിലെ വ്യാവസായികാന്തരീക്ഷം പരിശോധിച്ചാൽ അതിന്റെ ഉൽപ്പാദനം മേലോട്ട് പോകുന്നില്ല, താഴോട്ട് പോയിക്കൊണ്ടിരിക്കുകയാണെന്ന്. കഴിഞ്ഞ കുറെക്കാലമായിട്ട് നമ്മുടെ രാജ്യത്തെ ജനങ്ങൾ നേടിയിട്ടുള്ള നേട്ടങ്ങൾ, പുരോഗതി എന്നിവയൊക്കെ ഈ കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ മാർച്ച് മാസം പത്താംതീയതി മുതൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പൂട്ടിയിട്ടിരിക്കുകയാണ്. അതെന്തിനാണ് പൂട്ടിയിട്ടത്? ഒരു ചെറിയ കുട്ടിക്കുപോലുമറിയാം, ഒരു വ്യവസായസ്ഥാപനത്തിൽ നിലനിൽക്കുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാൻ പാടില്ല, റദ്ദ് ചെയ്യാൻ പാടില്ല എന്ന്. അതായത് എക്സിസ്റ്റിംഗ് ഫെസിലിറ്റീസ് കട്ട് ചെയ്യാൻ പാടില്ല. എത്രയോ കാലമായി ആ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ക്ഷാമബത്താ സമ്പ്രദായവും, ശമ്പളസമ്പ്രദായവും മാറിയിട്ട് ഒരു തൊഴിലാളിയുടെ ശമ്പളത്തിൽ നിന്നും അഞ്ഞൂറു രൂപയും അറുന്നൂറ് രൂപയും വെട്ടിക്കുറയ്ക്കുന്ന രീതിയിൽ ശമ്പളസ്കെയിൽ നടപ്പിലാക്കിയിരിക്കുന്നു. അതിനെതിരായി സമാധാനപരമായ പ്രക്ഷോപണം നടത്തുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ തൊഴിലാളികളെ പട്ടിണിക്കിടാൻ വേണ്ടിയാണ് പത്താംതീയതി മുതൽ ഈ സ്ഥാപനം ലോക്കൗട്ട് ചെയ്തിരിക്കുന്നത്. ഇതെന്ത് മര്യാദയാണ്?

നമ്മുടെ സംസ്ഥാനത്തിലെ കെ. എസ്. ആർ. ടി. സിയെക്കുറിച്ച് വിവിധ എല്ലാവർക്കുമറിയാം. ട്രേഡ് യൂണിയനുകൾ സംഘടിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ മാനേജുമെന്റും ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റുണ്ട്. ഒരു ബസിന് 11 തൊഴിലാളികൾ വീതമെന്ന രേഷ്യോയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ വരുന്ന ഏപ്രിൽ 1-ാം തീയതി മുതൽ പതിനൊന്നിന് പകരം ഒൻപതു തൊഴിലാളികൾ മതിയെന്നാണ് നിശ്ചയിക്കുവാൻ പോകുന്നത്. സുപ്രീം കോടതി പറഞ്ഞു പി. എസ്. സി. എക്സാമിനേഷൻ പാസായിട്ടുള്ള കണ്ടക്ടർമാരെ നിയമിക്കണമെന്ന്. കോടതിയോട് വല്ല ബഹുമാനവുമുണ്ടോ? നമ്മുടെ രാജ്യത്തെ ജനാധിപത്യ സങ്കല്പം എന്നു പറഞ്ഞാൽ ഒരു ഭാഗത്ത് നിയമസഭ, മറ്റൊരു ഭാഗത്ത് എക്സിക്യൂട്ടീവ്, മറ്റൊരു ഭാഗത്ത് കോടതി. ഈ മൂന്നു കാലുകളുടെ മുകളിലാണ് നമ്മുടെ രാജ്യത്തെ ജനാധിപത്യം നിലനിൽക്കുന്നത്. നമ്മുടെ സംസ്ഥാന നിയമസഭയ്ക്ക് യാതൊരു അഭിമാനവുമില്ല. നിയമം പാസാക്കേണ്ട ഈ നിയമസഭയിൽ നിയമം പാസാക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർക്കു തന്നെ പറയേണ്ടി വന്നു ഈ നിയമസഭയെ ഒരു റബ്ബർ സ്റ്റാമ്പാക്കി മാറ്റരുതെന്ന്. നമ്മുടെ സുപ്രീം കോടതി തന്നെ പറഞ്ഞതാണ്. പി. എസ്. സി. ഹാൻസിനെ അപ്പോയിന്റ് ചെയ്യണമെന്ന്. അവരെ അപ്പോയിന്റ് ചെയ്യുന്നില്ല. ശ്രീ. കരുണാകരനാണ് പറഞ്ഞിരിക്കുന്നത് അപ്പോയിന്റ് ചെയ്യണ്ടായെന്ന്. ആണും പെണ്ണും തിരിയാത്ത കെ. എസ്. ആർ. ടി. സി. യുടെ എം. ഡി. ഉണ്ടല്ലോ, ശ്രീ. ജയറാം പടിക്കൽ? അയാളെ ഇടയിടെ ഞാൻ ഒരു മീറ്റിംഗിൽ പങ്കെടുത്ത് പുറത്തുപോയപ്പോൾ പറയുകയാണ് 'ശ്രീ. ആർ എസ്. ഉണ്ണി എന്നെ വല്ലാതെ വിരിയിരിക്കുന്നു. എന്ന്. അയാൾക്ക് ആർ. എസ്. ഉണ്ണിയെയും അറിയുകയില്ല, ഒരു ഭരതനെയും അറിയുകയില്ല ജയറാം പടിക്കൽ തന്നെ പറയുകയാണ് പി. എസ്. സി. ഹാൻസിനെ അപ്പോയിന്റ് ചെയ്യണ്ടായെന്ന് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നുവെന്ന് സുപ്രീം കോടതിയുടെ വിധിപോലും ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് കെ. എസ്. ആർ. ടി. സി. തൊഴിലാളികളുടെ എണ്ണം കുറച്ചുകൊണ്ടിരിക്കുകയാണ്.

മാവൂർ ഗ്വാളിയർ റയോൺസിലെ തൊഴിലാളികൾ പണി മുടക്കിലാണ്. 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ടിൽ അനുശാസിക്കുന്ന കാര്യം വ്യവസായസ്ഥാപനത്തിന്റെ സാമ്പത്തികവർഷം അവസാനിച്ചിട്ട് എട്ടു മാസക്കാലത്തിനുള്ളിൽ ആ സ്ഥാപനത്തിന്റെ ബോണസിനെ സംബന്ധിച്ചിടത്തോളം സെറ്റിൽ ചെയ്തുകൊള്ളണമെന്നാണ്. ഇല്ലെങ്കിൽ ആ സ്ഥാപനത്തിലെ മുതലാളിയെ രണ്ടു കൈകളിലും വിലങ്ങുവച്ച് ജയിലിൽ കൊണ്ടു പോകണം. ഒരു കാലത്ത് തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ നേതാവായിരുന്നു ശ്രീ. കെ. കരുണാകരൻ. പിന്നെ കരിങ്കാലിപ്പണി എടുത്തതു കൊണ്ട് കരിങ്കാലി കരുണാകരനായി. എന്നിട്ട് ആർ. എൻ. സാബുവിനെ എതിർക്കുന്ന നടപടി എടുക്കുന്നതിനു പകരം ആ വ്യവസായ സ്ഥാപനത്തിന്റെ തൊഴിൽക്കുഴപ്പം അവസാനിപ്പിക്കാനും, അത് തുറന്ന് പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടില്ല. 1985 ജൂലൈ മാസം 7-ാം തീയതി തുടങ്ങിയതാണ് ഈ പണിമുടക്ക്. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സ്ഥാപനമാണ് അത്. എന്റെ നാട്ടിൽ വെസ്റ്റേൺ ഇൻഡ്യാ പ്ലൈവുഡ് ലിമിറ്റഡിൽ 1984-ൽ പണിമുടക്ക് നടന്നു. ഒരു എഗ്രിമെന്റുമുണ്ടായി. ആ എഗ്രിമെന്റിൽ ലേബർ വകുപ്പ് സെക്രട്ടറിയായ മഹാബലറാവുവിനെ ആർബിട്രേറ്ററായി നിയമിച്ചുകൊണ്ടാണ് അതവസാനിച്ചത്. ആർബിട്രേഷൻ അവാർഡു വന്നു. ആ അവാർഡ് നടപ്പിലാക്കുവാൻ മുതലാളി കൂട്ടാക്കുന്നില്ല. ഒരവാർഡ് നടപ്പിലാക്കുന്നില്ലെങ്കിൽ, ഒരെഗ്രിമെന്റ് നടപ്പിലാക്കുന്നില്ലെങ്കിൽ കീഴ്വഴക്കം നടപ്പിലാക്കുന്നില്ലെങ്കിൽ സ്വാഭാവികമായിട്ടും ആ മുതലാളിക്കെതിരായിട്ട് നടപടി സ്വീകരിക്കണം. ആ മുതലാളിയുടെ മുമ്പിൽ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കാലിനുമിടയിൽ വാലൊതുക്കി നടക്കുന്ന കൊടിച്ചിപ്പട്ടികളെപ്പോലെയാണ് ഈ സംസ്ഥാനത്തിന്റെ സർക്കാർ പെരുമാറിക്കൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ഈ ഗവർമെന്റ് യാതൊന്നും ചെയ്യുന്നില്ല. സംസ്ഥാനത്തെ ഒരു ശ്മശാനമാക്കി മാറ്റുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. അതുകൊണ്ട് ഈ ഗവർമെന്റിനു വേണ്ടി ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ള പ്രസംഗത്തിൻമേൽ - ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഇവിടെ ബഹുമാനപ്പെട്ട ഒ. ഭരതൻ പ്രസംഗിച്ചപ്പോഴും കോട്ടയത്തു നടന്ന ട്രെയിൻ തടയൽ സമരത്തോടനുബന്ധിച്ച് ഞാൻ തേങ്ങായെടുത്ത് ശ്രീ. കെ. കരുണാകരന്റെ നെഞ്ചത്തെറിഞ്ഞ്വെന്ന് പറഞ്ഞു. ഇതും കൂടി വച്ചുകൊണ്ടാണ് ഞാൻ ബിഷപ്പിന്റെ ഉദാഹരണം നേരത്തേ പറഞ്ഞത്. എന്റെ വലിയപ്പന്റെ പ്രായമുള്ള ആ മനുഷ്യന്റെ നെഞ്ചത്ത് തേങ്ങാ എറിയുവാനുള്ള വിവരക്കേട് ഞാൻ കാണിച്ചിട്ടില്ല. ഞാൻ അങ്ങനെ പറഞ്ഞിട്ടുമില്ല. വല്ലവരും അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ എന്റെ അപ്പന്റെ പ്രായമുള്ള ഭരതേട്ടൻ അത് വിശ്വസിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986-മാർച്ച് 19-ാം തീയതി രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം (3.2-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly